
# സത്യദൂതൻ

2013 മെയ് | ലക്കം 5
വില ₹ 20



ഖുത്ബ്ബ:
അല്ലാഹുവിന്റെ അനുസാരിയാകുക



## യുദ്ധവും അടിമത്തവും

പതിനാല് നൂറ്റാണ്ടുകൾക്ക്
മുമ്പ് മാനവസമതയെ
സംബന്ധിച്ച്  ഇസ്ലാം
മുന്നോട്ട്വെച്ച നിസ്തുല
സങ്കൽപ്പങ്ങളാണ്
അടിമത്ത്വം ചരിത്രത്തിൽ
നിന്ന് തുടച്ചു നീക്കാൻ
കാരണമായത്



Masjid Mahdi - Jamaica




Masjid Noor- Bangladesh



The Sathyadoothan Monthly


لا إله إلا الله محمد رسول الله

# സത്യദൂതൻ


2013 മെയ്
ഹി.ശ.1392 - ഹിജറത്ത്
1434 - ജ.ആഖർ - റജബ്
പുസ്തകം 85 ലക്കം 5
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം


**7**
ഖുത്ബ
**അല്ലാഹുവിന്റെ അനുസാരിയാകുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**13**
**ശ്രീകൃഷ്ണൻ മഹാനായ ഒരു ദൈവദൂതൻ**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

പുണ്യപുരാതനമായ ഭാരത വർഷത്തിൽ ദിവ്യമുരളികയുമായി വന്ന് ആത്മീയ ശ്രുതി മീട്ടി ദൈവമാർഗത്തിലേക്ക് ജനകോടികളെ നയിച്ച ദിവ്യ വർണത്തോടു കൂടിയ സമുജ്ജ്വല വ്യക്തിത്വമാർന്ന ദൈവ ദൂതനായിരുന്നു ഹദ്റത്ത് ശ്രീകൃഷ്ണൻ (അല്ലാഹുവിന്റെ ശാന്തി അവിടുത്തെ മേൽ വർഷിക്കട്ടെ)

**16**
**അധീനസ്ത്രീകളും ഇസ്‌ലാമും**
ഡോ.കൗലാ റഹ്മത്ത്

അധീനയാക്കപ്പെട്ട സ്ത്രീകളെ വിവാഹം കഴിച്ചു കൊണ്ട് മാത്രമേ അവരോട് ബന്ധപ്പെടാൻ ഇസ്‌ലാം അനുവദിക്കു ന്നുള്ളൂ. അടിമത്തം തുടച്ചു നീക്കാനും സ്ത്രീ വിമോചനത്തിനും വേണ്ടി നൂറ്റാണ്ടുകൾക്ക് മുമ്പ് ഇസ്‌ലാം ആവിഷ്ക്കരിച്ച് പ്രാവർത്തികമാക്കി വിജയിച്ച പദ്ധതിയെ പറ്റി.





**18**
**യുദ്ധവും അടിമത്തവും**
സർ സഫറുല്ലാഹ് ഖാൻ

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് മാനവസമതയെ സംബന്ധിച്ച് ഇസ്‌ലാം മുന്നോട്ട്‌വെച്ച നിസ്തുല സങ്കൽപ്പങ്ങളാണ് അടിമത്ത്വം ചരിത്രത്തിൽ നിന്ന് തുടച്ചു നീക്കാൻ കാരണമായത്.

**22**
**ദൈവത്തിന്റെ അസ്തിത്വം: അന്തിമ തെളിവ് അനുഭവ ജ്ഞാനം**
റഫി അഹ്മദ്, അമേരിക്ക

**24**
**ഇമാമുസ്സമാന്റെ യോഗ്യതകൾ**
എൻ. അബ്ദുറഹീം

**26**
**ഹദ്റത്ത് അഹ്മദ്(അ)ന്റെ നുബുവ്വത്ത്**
മൗലവി മുഹമ്മദ് ഇസ്മായീൽ,ആലപ്പുഴ

**30**
**ദൈവവിചിന്തനം**
മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ

**32**
**സർസഫറുല്ലാഹ് ഖാനും മുസ്‌ലിം സമുദായവും സീതി സാഹിബും**
സമ്പാ: പി. പി അബ്ദുർറഹ്മാൻ കോയ

**33**
**ഇസ്‌ലാമിക വിരോധിയായ ഒരു ഭരണാധികാരി**
എ.ക്യു. മഹ്ദി

**36**
**ഉറക്കം : ഇസ്‌ലാമികവും ശാസ്ത്രീയവുമായ പാഠങ്ങൾ**
ഡോ: ഷാനവാസ് ഖാൻ

**38**
**സുലൈമാൻ നബി(അ)യുടെ സൈന്യവും ഹുദ് ഹുദ്' എന്ന വ്യക്തിയും**

**40**
**സമുദ്രം: വിഭവങ്ങളുടെ അക്ഷയ ഖനി**
അുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലാഹു നിങ്ങളിൽനിന്ന് വിശ്വസിക്കുന്നവരെയും അറിവ് നൽകപ്പെട്ടവരെയും പല പദവികളിലേക്ക് ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങളുടെ പ്രവർത്തികളെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനാണ്. **(58:12)**

## നബിവചനം



ജ്ഞാന വിജ്ഞാനങ്ങൾ സത്യവിശ്വാസികളുടെ നഷ്ടപ്പെട്ട വസ്തുവാണ്. അത് എവിടെ കണ്ടാലും അവൻ അത് എടുത്ത് കൊള്ളട്ടെ അതിന്റെ യഥാർഥ ഉടമ അവനത്രെ **(തിർമിദി)**

## വാഗ്ദത്ത മസീഹിന്റെ വചനം

# അൽപ്പം ദൈവ ചിന്ത



നശ്വരവും അഗണ്യവുമായ കാര്യങ്ങൾ മോഹിച്ച് നിങ്ങൾ ദിനരാത്രങ്ങൾ തലയിട്ടടിക്കുന്നു. നിങ്ങളുടെ ജീവിതത്തിനും നിങ്ങളുടെ സകല ആശകൾക്കും ഒറ്റയടിക്ക് അവസാനമിടുന്ന ഒരു വേള ഏതായാലും വന്നെത്താനുണ്ടെന്ന് നിങ്ങൾക്കറിയാമോ? എന്തൊരാശ്ചര്യം! എന്തൊരു ഹൃദയ കാഠിന്യം! ഈ അറിവ് ഉണ്ടായിട്ടും കാലമത്രയും ദുനിയാവ് നേടുന്നതിന് വേണ്ടി തന്നെ നശിപ്പിച്ചു കളഞ്ഞവല്ലോ!....... അലാഹുവിന്റെ ദിവ്യ പ്രസ്ഥാനത്തെ വളരെ ദുർബ്ബലം എന്ന് നിങ്ങൾ കരുതിയിരുന്നിരിക്കയാണ്. അതിനെ പറ്റി പറയുമ്പോൾ നിങ്ങളുടെ നാവുകൾ നിന്ദാഭരിതമായ വാക്കുകളിൽ അഹങ്കാരത്തോടും അവജ്ഞ യോടും കൂടി ചലിപ്പിക്കുകയും അപഹസിക്കുകയും ചെയ്യാൻ നിങ്ങൾ ധൃഷ്ടരാകുന്നു. ഈ പ്രസ്ഥാനം അല്ലാഹുവിൽ നിന്നുള്ളതാണെന്ന് എന്തിന് കരുതണം എന്ന് നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് ചോദിക്കുന്നു. ഞാനതിനുള്ള മറുപടി നൽകിക്കഴിഞ്ഞു. ഈ വൃക്ഷത്തെ അതിന്റെ ഫലങ്ങൾ നോക്കിയും ഈ നക്ഷത്രത്തെ അതിന്റെ തിളക്കംനോക്കിയും തിരിച്ചറിഞ്ഞുകൊള്ളണമെന്നാണ് എനിക്ക് പറയനുള്ള മറുപടി
**(ഫത്ഹെ ഇസ്ലാം)**

എഡിറ്റോറിയൽ

# മുസ്‌ലിം അവസ്ഥ

*'നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർമാത്ര ണെന്ന് അവർ പറയും അറിയുക! തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ. പക്ഷേ ഈ യാഥാർഥ്യം അവർ ഗ്രഹിക്കുന്നില്ല. മറ്റു ജനങ്ങൾ വിശ്വസിച്ചത് പോലെ നിങ്ങളും വിശ്വസിക്കുകയെന്ന് അവരോട് പറയപ്പെടുമ്പോൾ, ആ ഭോഷന്മാർ വിശ്വസിച്ചത് പോലെ ഞങ്ങൾ വിശ്വസിക്കുകയോ എന്നവർ പറയും. അറിയുക! നിശ്ചയമായും അവർ തന്നെയാണ് ഭോഷന്മാർ എന്നാൽ അവർ ഇക്കാര്യം അറിയുന്നില്ല.' (2: 12-14)*

മഹല്ല് മുതൽ ആഗോള തലം വരെ മുസ്‌ലിം ലോകത്തെ ഗ്രസിച്ച് ശൈഥില്യത്തിന്റെയും ജീർണതയുടെയും ആഴം ഭയാനകമാണ്. ഇസ്‌ലാമിനെ സ്നേഹിക്കുന്ന സാധാരണക്കരായ മുസ്‌ലിംകൾ ഈ അവസ്ഥയിൽ അങ്ങേയറ്റം ദുഃഖിതരാണ്. കേരളത്തിലേക്ക് നോക്കൂ. ഉൽപ്പദിഷ്ണുക്കളെന്ന് അവകാശപ്പെട്ട് ഒരേ അഖീദയിൽ വിശ്വസിച്ച് ഒരേ സംഘടനയിൽ പ്രവർത്തിച്ചിരുന്നവർ തന്നെ പറയത്തക്ക കാരണങ്ങളില്ലാതെ ഭിന്ന ചേരിയിൽ നിന്ന് കൊണ്ട് ബദറിലും ഉഹ്ദിലും കണ്ട ആവേശത്തോടെ പരസ്പരം പട പൊരുതുകയാണ്. ഇരു ചേരിയിലുമുള്ള മത പണ്ഡിതന്മാർക്കെതിരെ അസഭ്യങ്ങളും അഴിമതിക്കഥകളും ജുഗുപ്സയുളവാക്കുന്ന ആരോപണങ്ങളും പൊതു വേദികളികളിൽ ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ സഹായത്തോടെ പൊടിപ്പും തൊങ്ങലും വെച്ച് വിശദീകരിക്കപ്പെടുന്നു. കാലഹരണപ്പെട്ട നിരർഥക വാദങ്ങൾ അന്ധവിശ്വാസത്തിന്റെ അകമ്പടിയോടെ എഴുന്നള്ളിക്കപ്പെടുന്നു. രാഷ്ട്രീയ പാർട്ടികളെ വെല്ലുന്ന രീതിയിൽ ഗ്രൂപ്പു തിരിഞ്ഞുള്ള അണികളുടെ ശക്തി പ്രകടനങ്ങൾ. ഗ്രൂപ്പിസത്തിന്റെ പേരിൽ വഴക്കും വക്കാണങ്ങളും അരങ്ങേറുന്ന ആരാധനാലയങ്ങൾ! പോലീസ് സീൽ ചെയ്ത് പൂട്ടിപ്പോകുന്ന അല്ലാഹുവിന്റെ ഭവനങ്ങൾ!! എന്തൊരു ലജ്ജാകരവും ഭയാനകവും വേദനാജനകവുമാണ് ഈ അവസ്ഥ. ഇവരുടെ മതപരമായ പ്രവർത്തനങ്ങളിൽ ഇസ്‌ലാമിന്റെ ആസ്വാദ്യകരമായ എന്തെങ്കിലും ആത്മീയ വിഭവങ്ങൾ ഇവർക്ക് നൽകാനുണ്ടോ? റസൂൽ തിരുമേനി (സ) യുടെ ജീവിത സംസ്ക്കാരത്തിന്റെ എന്തെങ്കിലുമൊരു സ്ഫുരണങ്ങൾ ഇവരുടെ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നുണ്ടോ? ഇവരുടെ ഏറ്റവും വലിയ പ്രതിയോഗി എങ്ങിനെ സ്വന്തം മതത്തിലെ സഹോദരനായി മാറി? മാംസളമായ ഭാഗങ്ങളെല്ലാം കെട്ടളിഞ്ഞ് അസ്ഥി പഞ്ചരമായിക്കഴിഞ്ഞ ഒരു സമുദായത്തിന്റെ ദാരുണാവസ്ഥയല്ലേ ഇത്.

ഇത് ആത്മ പരിശോധനയുടെ സമയമാണ്. എവിടെയാണ് പിഴച്ചത്? അല്ലാഹു ചോദിക്കുന്നു: *'അല്ലാഹുവിനേയും (അവനിൽ) നിന്ന് അവതരിച്ച സത്യത്തേയും ഓർത്ത് തങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെടാനും മുമ്പൊരുകൂട്ടർക്ക് ഗ്രന്ഥം നൽകപ്പെട്ടിട്ട് അവർ കാലം ദീർഘിക്കുകയും അങ്ങനെ, അവരിലധികം പേരും ആജ്ഞാലംഘകരായിരിക്കെ അവരുടെ ഹൃദയങ്ങൾ കടുത്തു പോവുകയും ചെയ്തവരെ പോലെയാകാതിരിക്കാനും സത്യവിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ?' (57: 17)*

മുസ്‌ലിം സമൂഹത്തിൽ ആത്മീയ പുനരുദ്ധാരണത്തിന്ന് വേണ്ടി ആഗതനാവുമെന്ന് ഏറ്റവും ശക്തിയായി റസൂൽ തിരുമേനി(സ) സുവിശേഷം നൽകിയ വാഗ്ദത്ത മഹ്ദി മസീഹ് (അ) യഥാകാലം ആഗതനായി. ലോക മുസ്‌ലിം ബഹുഭൂരിപക്ഷം ആ ഭാഗത്തേക്ക് തിരിഞ്ഞു നോക്കിയില്ല. ബനീ ഇസ്റായേല്യർക്ക് മസീഹായി വന്ന ഹദ്റത്ത് ഈസാ നബി(അ)യെ യഹൂദർ അന്ന് നിഷേധിച്ചത് പോലെ ഉൽപ്പദിഷ്ണുക്കളും യാഥാസ്ഥിതികരുമെല്ലാം വാഗ്ദത്ത മസീഹിനെ നിഷേധിക്കുകയും രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മൺമറഞ്ഞു പോയ യഹൂദികളുടെ അതേ ഇസ്റായേലീ മസീഹ് തന്നെ ആകാശത്ത് നിന്ന് വരണമെന്ന് ശഠിക്കുകയും ചെയ്യുന്നു. ജനമനസ്സുകളിൽ ദുർബോധനം ചെയ്യുന്ന പിശാച്ച് ഒരു ദൈവനിയുക്തവാദയിൽ നിന്നും സമൂഹത്തെ അകറ്റി ഇത്തരത്തിൽ അധപതിപ്പിക്കുന്നു എന്ന യാഥാർഥ്യം മുസ്‌ലിം സമൂഹത്തിന് തിരിച്ചറിയുമാറാകട്ടെ. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

*'ഞാൻ ഒറ്റക്കല്ല. ആ മഹത്വമാർന്ന എന്റെ നാഥൻ എന്നോടൊപ്പമുണ്ട്. അവനുമായി എന്നെക്കാളുമടുത്തവൻ ആരുമില്ല. അവന്റെ അനുഗ്രഹാതിരേകത്താൽ തന്നെയാണ് എനിക്ക് സ്നേഹമയമായ ഒരാത്മാവ് പ്രദാനം ചെയ്യപ്പെട്ടത്.....സത്യവിശ്വാസത്തിന്റെ കാര്യത്തിൽ തീവ്രതയോടും പൂർണ ഹൃദയത്തോടും കൂടി സേവനങ്ങളർപ്പിക്കാനും ഇസ്‌ലാമിന് വേണ്ടിയുള്ള മഹത്തായ ആത്മീയ സമരത്തെ വിജയത്തിലെത്തിക്കാനുമുള്ള ശ്രമങ്ങളിൽ ഞാൻ നേതൃത്വം നൽകുന്നതിന്ന് തന്നെ' (ആയിനെ കമാലാത്തെ ഇസ്‌ലാം)*



ഹദ്റത്ത് അഹ്മദ് (അ)

# ഞാൻ അറിയപ്പെടാൻ ആഗ്രഹിച്ചിരുന്നില്ല

**ഞാ**ൻ സ്വയം ലീനനാണ് (ദൈവസ്മരണയിൽ). ഞാൻ ഏകാന്തമായ ഒരു ജീവിതമായിരുന്നു നയിച്ചു വന്നിരുന്നത്. ദൈവമൊഴികെ എനിക്ക് ആരും തന്നെ പ്രിയംകരമായിട്ടില്ലായിരുന്നു. ഞാൻ ഒരിക്കലും തന്നെ എന്റെ മുറിയിൽ നിന്നും വിട്ടു വരുവാൻ ആഗ്ര ഹിച്ചിരുന്നില്ല. ഒരു നിമിഷം പോലും എനിക്ക് പ്രസിദ്ധി ലഭിക്കണമെന്ന് ആഗ്ര ഹിച്ചിരുന്നില്ല. ഏകാന്തനും ഒറ്റപ്പെട്ടവനുമായിരുന്നു. ഞാൻ ഏറ്റവും ഇഷടപ്പെട്ടതും അതായിരുന്നു. പ്രസിദ്ധിയും എന്റെ ചുറ്റും ഒരു ജമാഅത്തും എന്ന അവസ്ഥയോട് ഞാൻ അങ്ങേയറ്റം വിരക്തനായിരുന്നു. ഞാൻ അക്കാര്യത്തിൽ എത്രത്തോളം വിരക്തനായിരുന്നു എന്നത് സർവശക്തനായ അല്ലാഹുവിന് മാത്രമേ നന്നായറിയൂ. എന്നാൽ അവൻ പുറത്ത് വരുവാൻ നിർബന്ധിച്ചു. ഞാൻ അത് ഇഷ്ടപ്പെട്ടിരുന്നില്ല. അവൻ എന്റെ ആഗ്രഹത്തിനെതിരെ പ്രവർത്തിക്കുകയായിരുന്നു. അവൻ എന്നെ ഒരു ദൗത്യം ഏൽപ്പിച്ചു. ദൈവം അവന്റെ പ്രവർത്തനങ്ങൾക്കായി എന്നെ തിരഞ്ഞെടുത്തു. അവന്റെ കൃപയാൽ എനിക്ക് മഹത്തായ സ്ഥാനം നൽകി ആദരിച്ചു. അത് അവന്റെ മാത്രം തിരഞ്ഞെടുപ്പായിരുന്നു. ഇക്കാര്യത്തിൽ എന്റെ കരങ്ങളൊന്നും പ്രവർത്തിച്ചിട്ടില്ല. ഒരു ജമാഅത്തിന്റെ രൂപത്തിലുള്ള ജനങ്ങളിൽനിന്നും ഞാൻ എന്ത് ദീക്ഷിക്കാനാണ്. പ്രസിദ്ധിയിൽ നിന്നും ഏറെ അകലത്ത് പോയി നിൽക്കാൻ (മൈലുകളോളം അകലെ) ഞാൻ ആഗ്രഹിച്ചു. ആളുകൾ എന്തു കൊണ്ടാണ് പ്രസിദ്ധിയുടെ പിന്നാലെ പോകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ദൈവത്തിന്റെ ഇച്ഛ മറ്റൊന്നായതിനാൽ ഞാൻ വിപരീത ദിശയിലേക്ക് വലിച്ചെടുക്കപ്പെടുകയായിരുന്നു. ഞാൻ ദൈവത്തോട് ആവർത്തിച്ച് യാചിച്ചു കൊണ്ടിരുന്നു, എന്റെ മുറിയിലെ ഏകാന്ത വിജനതയിൽ എന്നെ ഇരുന്നു കൊള്ളാൻ അനുവദിക്കണമെന്ന്. പക്ഷേ പുറത്തേക്ക് വരിക, കർമനിരതനാകുക എന്ന് ആവർത്തിച്ചു ദൈവം എന്നെ പഠിപ്പിച്ചു കൊണ്ടേയിരുന്നു. മതം അപ്പോൾ വളരെ അപകടകരമായ അവസ്ഥയിലായിരുന്നു. വെളിയിലേക്ക് വരിക മതത്തിന്റെ കാര്യങ്ങൾ ശരിയാക്കുക എന്ന് എന്നോട് ആജ്ഞാപിക്കപ്പെട്ടു. പ്രവാചകന്മാർ എപ്പോഴും അങ്ങനെയാണ്. അവർ പ്രസിദ്ധി വെറുക്കുന്നു. ഒരു പ്രവാചകനും അത് ആഗ്രഹിക്കുന്നില്ല. റസൂൽ തിരുമേനിയും (സ) ഏകാന്തമായ ഒരു സ്ഥലത്തായിരുന്നു കഴിയാൻ ഇഷ്ടപ്പെട്ടത്. അത് കൊണ്ടാണ് ജനങ്ങളിൽ നിന്ന് അകന്ന് വിദൂരസ്ഥമായ ഹിറാ ഗുഹയിൽ അദ്ദേഹം പോയിരുന്നത്. ഈ ഗുഹയിൽ നിറയെ അപകടങ്ങളായിരുന്നു. അത് കൊണ്ട് ജനങ്ങൾ അതിനടുത്ത് പോകാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ആ സ്ഥലമായിരുന്നു അവിടുന്ന് തിരഞ്ഞെടുത്തത്. ലവലേശം പോലും പ്രസിദ്ധി അവിടുന്ന് ആഗ്രഹിച്ചില്ല. ദൈവം അവിടുത്തോട് ആജ്ഞാപിച്ചു 'യാ അയ്യുഹൽ മുദ്ദസ്സിർ കും ഫ അൻദിർ' സർവശക്തനായ ദൈവത്തിന്റെ ഈ ആജ്ഞയിൽ ഒരു തരത്തിലുള്ള നിർബന്ധം കാണാം. ഈ ആജ്ഞയുടെ കാരണം റസൂൽ തിരുമേനി(സ) അവിടുത്തെ ഏകാന്തതവിട്ട് വരുവാൻ വിമുഖത കാണിച്ചിരുന്നു. ചില ആളുകൾ അവരുടെ അജ്ഞത കാരണം ഞാൻ പ്രസിദ്ധി ആഗ്രഹിക്കുന്നുവെന്ന് ധരിക്കുന്നു. ഞാൻ ആവർത്തിച്ചു പറഞ്ഞുകഴിഞ്ഞു. ഞാൻ അത് ഇഷ്ടപ്പെടുന്നില്ല. ദൈവമാണ് എന്നെ പുറത്തേക്ക് കൊണ്ട്വന്നത്. (മൽഫൂസാത്ത് വോ: 7 പേ 43)



# അല്ലാഹുവിന്റെ അനുസാരിയാകുക

**(19 – 04 – 2013 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅഖുത്വ്ബയുടെ സംഗ്രഹം)**

**വി**ശ്വസിച്ചവരേ! അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറയനുസരിച്ച് സൂക്ഷിക്കുക. പൂർണമായ അനുസരണം പുലർത്തിക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. (വിശുദ്ധഖുർ ആൻ 3:103)

ഈ ആയത്തിൽ ഒരു യഥാർഥ വിശ്വാസി യുടെ അവസ്ഥയെകുറിച്ചാണ് പരാമർശി ച്ചിരിക്കുന്നത്. ഒരു വിശ്വാസി തഖ്‌വയുടെ എല്ലാ നിബന്ധനകളെയും പൂർത്തിയാ ക്കുന്നവനാകേണ്ടതാണ്. തഖ്‌വയുടെ അവകാശങ്ങൾ അല്ലെങ്കിൽ അതിന്റെ നിബന്ധനകൾ എന്താണ് എന്നുള്ളതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ നിന്ന് നമുക്ക് ലഭിക്കുന്ന വിശദീകരണത്തിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്. അല്ലാഹുവി ന്റെയും ദാസരുടെയും എല്ലാ കടമക ളെയും പരിഗണിക്കുക, സർവവിധത്തി ലുമുള്ള നന്മകളെയും പ്രാവർത്തികമാക്കുന്നതിനായി സന്നദ്ധരായിരിക്കുക, അല്ലാഹുവിന്റെ കല്പനകളെ ജീവിതത്തിന്റെ അവസാന ശ്വാസം വരെ പ്രാവർത്തികമാക്കുന്നതിനായി പരിശ്രമിക്കുക, അല്ലാഹുവും റസൂലും നൽകിയിരിക്കുന്ന കല്പനകളിലും പറഞ്ഞു തന്നിട്ടുള്ള കാര്യങ്ങളിലും പ്രവചനങ്ങളിലും വിശ്വസിക്കുകയും അതിൽ സുദൃഢമായ വിശ്വാസം ജനിപ്പിക്കുകയും അത് പ്രാവത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുക.

മുസ്‌ലിമിന്റെ പേരുണ്ടായിരിക്കുന്നതോ, അല്ലെങ്കിൽ സ്വയം തന്നെ മുസ്‌ലിം എന്ന് വിശേഷിപ്പിക്കുന്നതോ അവരെ വിശ്വാസികളിൽ ഉൾപ്പെടുത്തുന്നതല്ല. മറിച്ച്, അതിനായി നിരന്തരമായ പ്രവർത്തനവും, അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കലും അവന്റെ റസൂൽ (സ) യുടെ മാതൃകയെ പിൻ പറ്റുകയും ചെയ്യേണ്ടതാണ്. അതാണ് തഖ്‌വയുടെ നിബന്ധനകളെ പൂർത്തിയാക്കുന്നവരാക്കി മാറ്റുന്നത്. ഇതനുസരിച്ച് പ്രവർത്തിക്കുന്നവരാണ് യഥാർത്ഥ മുസ്‌ലിം എന്ന് പറയപ്പെടുക.

അല്ലാഹു പറയുന്നു, മുൻ മതങ്ങൾ അല്ലാഹുവിന്റെ അനുസരണത്തിൽ നിന്ന് പുറത്തായി. അവർ ഇക്കാര്യങ്ങളെ ശ്രദ്ധിച്ചില്ല. അഥവാ നിങ്ങളും തഖ്‌വയെ പരിഗണിക്കുന്നില്ലെങ്കിൽ, അല്ലാഹുവിന്റെ കല്പനകളെ ശ്രദ്ധിക്കുന്നില്ലെങ്കിൽ, തങ്ങളുടെ കടമകളെ പൂർത്തിയാക്കു ന്നതിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ നിങ്ങളും അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രീഭൂതരാകുന്നവരിൽ ഉൾപ്പെടുന്നതാണ്. നിങ്ങളുടെ മരണവും സൽക്കർമങ്ങൾ അനുഷ്ഠിക്കാത്തവരുടെ മരണത്തെ പോലെയാകുന്നതാണ്. മുസ്‌ലിമാകുന്നതിനായി പരിപൂർണ അനുസരണം അനിവാര്യമാകുന്നു. അതിനാൽ ഒരു വിശ്വാസി

യിൽ എപ്പോഴും ദൈവ ഭയം ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുസാരിയാക്കിത്തീർക്കുന്ന കാര്യങ്ങളെ അന്വേഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിനായി ഭൗതിക നഷ്ടം സഹിക്കേണ്ടി വന്നാലും ഒരു യഥാർഥ മുസ്‌ലിം അതിനെ അൽപംപോലും വിലമതിക്കരുത്. മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ, സമൂഹം, നേതാക്കൾ, രാഷ്ട്രീയ നേതാക്കൾ, മത നേതാക്കൾ ആരുമായിക്കൊള്ളട്ടെ ഒരു യഥാർഥ മുസ്‌ലിമിന് അല്ലാഹുവിന്റെ കൽപനകളെ അനുസരിക്കുന്നതിൽ നിന്നും അത് പ്രാവർത്തികമാക്കുന്നതിൽ നിന്നും ദൂരപ്പെടുത്തുന്നവരാകരുത്.

ഓരോരുത്തർക്കും അല്ലാഹുവിന്റെ സവിധത്തിൽ സ്വയം സന്നിഹിതനായി തന്റെ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്. ഒരു രാഷ്ട്രീയ നേതാവും, ഒരു ബന്ധുവും, ഒരു മൗലവിയും ആരെയും രക്ഷിക്കുന്നതല്ല. ഒരു പീറിനും ഒരു സിംഹാസനാരൂഢനും ആരുടെയും ഭാരം വഹിക്കുന്നതല്ല. അതിനാൽ അല്ലാഹുവിന്റെ കല്പനകളെ മനസ്സിലാക്കുകയും അവന്റെ അടയാളങ്ങളെ കണ്ടുകൊണ്ട് അതിൽ ചിന്തിക്കുകയും ചെയ്യുക. അവന്റെ റസൂൽ (സ) പറഞ്ഞിട്ടുള്ള മാർഗത്തിൽ ചലിക്കുകയും, അക്രമങ്ങളിൽ നിന്നും ദ്രോഹങ്ങളിൽ നിന്നും സ്വയം രക്ഷിക്കുകയും, ഇസ്‌ലാമിന്റെ യഥാർഥ സത്തയെ മനസ്സിലാക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഒരു യഥാർഥ മുസ്‌ലിമിന്റെ അവസ്ഥ. അല്ലായെങ്കിൽ വിശ്വസിച്ചിരിക്കുന്നു എന്ന വാദം വെറും വാദം മാത്രമായിത്തീരുന്നതാണ്. അതിൽ ഭയഭക്തി ഉണ്ടായിരിക്കില്ല. അത് അല്ലാഹുവിന്റെ കല്പനകളിൽ നിന്നും വിദൂരത്തായിരിക്കും. അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരിടത്ത് പറയുന്നു, ഇത്തരത്തിൽ തഖ്‌വയില്ലാത്തവരുടെ വാക്കുകളോ ത്യാഗങ്ങളോ സ്വീകരിക്കപ്പെടുന്നതല്ല. പ്രത്യുത പ്രത്യക്ഷ നമസ്കാരങ്ങളും ദൈവസാമീപ്യം നേടിക്കൊടുക്കുന്നതിന് പകരമായി നാശത്തിന് ഹേതുവായിത്തീരുന്നു.

അല്ലാഹുവിനെ അനുസരിക്കുന്നവർ അവന്റെ കല്പനകളെ പ്രാവർത്തികമാക്കുന്നവരും, അവന്റെ തൃപ്തിക്കായി എല്ലാം അനുഷ്ഠിക്കുന്ന വനുമായിരിക്കും. അല്ലാഹു അവരുടെ ശത്രുക്കളുടെ ശത്രുവും മിത്രങ്ങളുടെ മിത്രവുമായിത്തീരുന്നു. അവർ അല്ലാഹുവിന്റെ തൃപ്തിക്കായി ചെയ്യുന്ന എല്ലാ കർമങ്ങളിലും അല്ലാഹു അനുഗ്രഹം ചൊരിയുന്നു. അവർക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നു.

ചുരുക്കത്തിൽ അല്ലാഹുവിനെ അനുസരിക്കുന്നവരും, യഥാർഥ മുസ്‌ലിമും ആകുന്നതിനുള്ള പരിശ്രമത്തിൽ മരണം വന്നെത്തുന്ന മുസ്‌ലിംകൾ സൗഭാഗ്യരാകുന്നു. അഹ്മദികളായ നമുക്ക് ഇതൊരു ഉപദേശവുമാകുന്നു, നാം അതിനായി പരിശ്രമിച്ചു കൊണ്ടേയിരിക്കേണ്ടതാണ്. അല്ലാഹു തന്റെ അനുഗ്രഹം ചൊരിഞ്ഞ് കൊണ്ട് കാലത്തിന്റെ ഇമാമിലും റസൂൽ തിരുമേനി (സ) യുടെ സത്യപ്രേമിയിലും വിശ്വസിക്കുന്നതിനുള്ള തൗഫീഖ് നൽകിയിരിക്കുന്നു. ഇസ്‌ലാമിന്റെ പുനരുദ്ധാരണ സമയത്ത് ആഖിരീംകളിൽ നബി നിയോഗിക്കപ്പെടുമ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കണം എന്ന അല്ലാഹുവിന്റെ നിർദേശത്തെ പ്രാവർത്തികമാക്കുന്നതിനുള്ള തൗഫീഖ് നൽകിയിരിക്കുന്നു. നാം അദ്ദേഹത്തിൽ വിശ്വസിച്ചു. നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിക്കനുഗുണമാക്കിത്തീർക്കുകയും അതിൽ നിലകൊള്ളുകയും ചെയ്യുക എന്നത് വളരെ വലിയ ഉത്തരവാദിത്വമാകുന്നു. അതിനാൽ നാം പരിശ്രമിച്ചു കൊണ്ടേയിരിക്കേണ്ടതാണ്. ഈ ഉത്തരവാദിത്വം നാം പൂർത്തിയാക്കേണ്ടതാണെന്നത് ഓരോ അഹ്മദിയും മുന്നിൽ വെക്കേണ്ടതാണ്.

എന്നാൽ എന്റെ ചില വാക്കുകളിൽ നിന്നും വചനങ്ങളിൽ നിന്നും ഞാൻ പൊതു മുസ്‌ലിംകളെയും ഇതു സംബന്ധമായി ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു എന്ന് വ്യക്തമാകുന്നുണ്ടാകും. ഞാൻ രാഷ്ട്രീയ നേതാക്കളെയും മൗലവിമാരെയും സംബന്ധിച്ച് പറഞ്ഞത് അവർക്ക് വേണ്ടിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എം.ടി.എ മുഖേന നമ്മുടെ പരിപാടികൾ കാണുകയും കേൾക്കുകയും ചെയ്യുന്ന ഒരു വിഭാഗമുണ്ട്. അതിനെ പ്രകടിപ്പിക്കാറുമുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം അവരിലേക്ക് എത്തുന്നു. ഇത് സംബന്ധമായി ഞാൻ ഇത് കാണുന്നവരിലേക്കും കേൾക്കുന്നവരിലേക്കും സന്ദേശം എത്തിക്കാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ എനിക്ക് പാകിസ്താനിൽ നിന്ന് ഒരു കത്ത് ലഭിച്ചു. പലപ്പോഴും ഇത്തരത്തിലുള്ള കത്തുകൾ വരാറുണ്ട്. അനഹ്മദികളായ ചില മിത്രങ്ങൾ ഒന്നിച്ചിരുന്ന് എം.ടി.എ കാണുന്നുണ്ടാകാം, അല്ലെങ്കിൽ അവർ അഹ്മദിയ്യത്തിനെ സംബന്ധിച്ച് പഠിച്ചിട്ടുണ്ടാകും എഴുതുന്നു, താങ്കൾ പറയുന്ന എല്ലാ കാര്യങ്ങൾ കേൾക്കുകയും കാലഘട്ടത്തിന്റെ എല്ലാ അവസ്ഥകളെയും കാണുകയും ചെയ്യുമ്പോൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) സത്യവാനാണെന്നും അഹ്മദിയ്യാ ജമാഅത്ത് സത്യത്തിലാണെന്നും ഞങ്ങൾക്ക് ഉറപ്പാകുന്നു. ഞങ്ങളുടെ ശുഭാപ്തിവിശ്വാസം നിങ്ങളോടൊപ്പമുണ്ട്. എന്നാൽ ഞങ്ങൾക്ക് സമൂഹത്തെ, വിശേഷിച്ച് മൗലവിമാരെ എതിരിടുന്നതിനുള്ള കെൽപ്പില്ല. ഞങ്ങളെ ഭീരുക്കളായി കരുതിക്കൊള്ളുക. ഞങ്ങൾക്ക് അതിയായ അനുഗ്രഹമുണ്ടായിരുന്നിട്ടു പോലും ഈ ഭയത്താൽ ജമാഅത്തിൽ പങ്കാളിയാകാൻ കഴിയുന്നില്ല. ഒരു വ്യക്തി തന്റെ അനഹ്മദി സുഹൃത്തിനോട് പറഞ്ഞു, അഥവാ ഈ ജമാഅത്ത് സത്യമാണെങ്കിൽ അല്ലാഹു ഭയപ്പെടുത്തുന്ന ശിക്ഷയെ നാം ഭയക്കേണ്ടതാണ്. അത്തരക്കാർ ഓർക്കുക, അല്ലാഹു തഖ്‌വയിലൂടെ ചരിക്കുന്നതിനുള്ള നിർദേശമാണ് നൽകിയിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്ത് നിശ്ചയമായും സത്യമാണ്. അതിന്റെ സത്യത്തിന് 124 വർഷങ്ങളിലെ അല്ലാഹുവിന്റെ പ്രവർത്തനസാക്ഷ്യം തന്നെ കണ്ണ് തുറപ്പിക്കാൻ മതിയായതാണ്. ഭരണകൂടങ്ങളിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന സംഘടിതമായ എതിർപ്പുണ്ടായിട്ടും, സത്യത്തിൽ നിന്ന് അകന്ന് കഴിഞ്ഞ പണ്ഡിതന്മാരുടെ ഫത്‌വ ഉണ്ടായിട്ടും, ചില രാഷ്ട്രങ്ങളിൽ വിശേഷിച്ച് പാകിസ്താനിൽ അവരുടെ വാക്കുകൾ കേട്ടുകൊണ്ട് അക്രമം നടത്തുന്നു. അഹ്മദികൾ ആക്രമിക്കപ്പെട്ടിട്ടും, അവരുടെ സമ്പത്തുകൾ കൊള്ളയടിക്കപ്പെട്ടിട്ടും, തട്ടിക്കൊണ്ടു പേയിട്ടും കൊലചെയ്തിട്ടും, വീട് അഗ്നിക്കിരയാക്കിയിട്ടും, ജോലിയിൽ നിന്ന് ഒഴിവാക്കിയിട്ടും, കുട്ടികളെ സ്കൂളിലും കോളേജുകളിലും പീഢിപ്പിച്ചിട്ടും ചെയ്യുകയും പഠിത്തത്തിൽ നിന്ന് തടഞ്ഞിട്ടും ഇവർ വിശ്വാസത്തിൽ നിലനിൽക്കുന്നു എന്ന് മാത്രമല്ല, മുമ്പത്തേക്കാളുപരി ത്യാഗങ്ങൾ ചെയ്യുന്നു. ഇത് അഹ്മദി യ്യത്തിന്റെ സത്യത്തിന്, വിശ്വാസത്തിന് മതിയായ തെളിവാകേണ്ടതാണ്. കൂടാതെ എല്ലാ തടസങ്ങളുണ്ടായിട്ടും ജമാഅത്ത് വളർന്നു കൊണ്ടിരിക്കുകയാണ്. ഭൗതികപരമായി ഒരു ദുർബല ജമാഅത്തിന്റെ വളർച്ചക്ക് കാരണം നിഅ്മൽ മൗലായും നിഅ്മന്നസീറുമായ അല്ലാഹു നമ്മോടൊപ്പമുണ്ട് എന്നതാണ്. അല്ലാഹു

വിന്റെ സഹായവും പിന്തുണയും അവരോടൊപ്പം ഉണ്ടായിരിക്കും എന്നതാണ് ഒരടയാളമായി അല്ലാഹു പറഞ്ഞിട്ടുള്ളത്. ഇനി നീതിയുടെ ദൃഷ്ടിയിൽ നോക്കുകയാണെങ്കിൽ, ഇസ്ലാമിന്റെ സേവനത്തിന്റെ പേരിൽ രൂപപ്പെട്ടിട്ടുള്ള സംഘടനകളുടെയും, സ്വയം ജിഹാദീ പ്രവർത്തനങ്ങൾ ചെയ്യുന്നവരുടെയും പ്രവർത്തന ഫലമായി ഇസ്ലാമിന് ദുഷ്പേരല്ലാതെ മറ്റൊന്നും തന്നെ ലഭിക്കുന്നില്ല. അല്ലാഹു പറയുന്നു, എന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവർക്ക് ഞാൻ വിജയം നൽകുന്നു. ഇവർക്ക് എന്ത് വിജയമാണ് ലഭിച്ചത്? മുസ്ലിംകൾ തന്നെ മുസ്ലിംകളെ കൊല്ലുന്നു. വൻ ശക്തികളിൽ നിന്ന് ആയുധങ്ങൾ വാങ്ങുന്നു. മുസ്ലിംകളുടെ പക്കൽ ആയുധ ഫാക്ടറികളില്ല. സിറിയയിലെന്താണ് സംഭവിക്കുന്നത്? അവിടത്തെ ഭരണകൂടത്തിന്റെ എതിരാളികൾ, വിവിധ സംഘടനകൾ പാശ്ചാത്യ രാഷ്ട്രങ്ങളോട് ആവശ്യപ്പെടുന്നത് അഥവാ നിങ്ങൾ ഭരണം അട്ടിമറിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾക്ക് ആയുധം നൽകുക എന്നാണ്. ഭരണത്തിനോ അല്ലെങ്കിൽ അവരുടെ വിരോധികൾക്കോ എതിരിലാകട്ടെ, ഉപയോഗിക്കപ്പെടുന്ന ഈ ആയുധങ്ങൾ ആർക്കെതിരിലാണ് ഉപയോഗിക്കപ്പെടുന്നത്? മുസ്ലിംകൾക്കെതിരിൽ മാത്രമാണ് ഇത് ഉപയോഗിക്കപ്പെടുന്നത്. ഭരണത്തിലോ മറുകക്ഷിയിലോ തഖ്വയില്ല. അല്ലാഹുവിന്റെ കല്പനകളോടുള്ള അനുസരണം രണ്ട് വിഭാഗത്തിനുമില്ല.

ചുരുക്കത്തിൽ രണ്ടു വിഭാഗവും തഖ്വയിൽ നിന്ന് വിദൂരത്താണ്. അല്ലാഹുവിന്റെ ദീനിൽ നിന്ന് ദൂരപ്പെട്ടവരാണിവർ. അല്ലാഹുവിന്റെ കല്പനകളെ ഖണ്ഡിക്കുന്നവരാണിവർ. അമീർ തൈമൂർ എന്നൊരു മുസ്ലിം ഭരണാധികാരിയുണ്ടായിരുന്നു. അദ്ദേഹം ഒരു നിസാരനായി വളരുകയും പിന്നീട് ലോകത്തിന്റെ ഒരു വലിയ ഭാഗത്തിന്റെ ഭരണാധികാരിയായി മാറുകയും ചെയ്തു. അദ്ദേഹം പറയുന്നു, യുദ്ധത്തിനായി ഞാൻ പുറപ്പെടുമ്പോൾ, അല്ലെങ്കിൽ ഏതെങ്കിലും രാജ്യത്തെ ആക്രമിക്കുമ്പോൾ, അവിടെയുള്ള മുസ്ലിം ഭരണാധികാരി പ്രജകളുടെ അവകാശങ്ങൾ പൂർത്തിയാക്കുന്നുണ്ടോ ഇല്ലയോ, ദീനിൽ നിലനിൽക്കുന്നവരാണോ അല്ലയോ എന്ന് നോക്കുന്നു. അഥവാ പ്രജകളുടെ അവകാശങ്ങൾ നൽകുന്നില്ലായെങ്കിൽ, ദീനിൽ നിലനിൽക്കുന്നവരല്ലെങ്കിൽ, അന്നാട്ടിൽ അരാജകത്വം പടർന്നിട്ടുണ്ടെങ്കിൽ ഞാൻ അവരെ ആക്രമിക്കുകയും കീഴ്പ്പെടുത്തുകയും ചെയ്യുന്നു. പിന്നീട് അവിടെ ഇസ്ലാമിക വ്യവസ്ഥിതി സ്ഥാപിക്കുന്നു. അതിനാൽ എനിക്ക് ലഭ്യമാകുന്ന വിജയം അല്ലാഹുവിന്റെ സഹായത്താലും പിന്തുണയാലുമാണ്. അദ്ദേഹം പറയുന്നു, പല കാര്യങ്ങളും ന്യായത്തിലധിഷ്ഠിതമായതാണ്. തൽഫലമായിട്ടാണ് അദ്ദേഹത്തിന് വിജയങ്ങൾ കരസ്ഥമായത്. അക്കാലഘട്ടത്തിലെ രാജാക്കന്മാർക്ക് ഇദ്ദേഹത്തിൽ നിന്ന് ചില അന്യായവും തെളിയുന്നുണ്ടാകാം. എന്നാലും അക്കാലഘട്ടത്തിലെ രാജാക്കന്മാരിൽ ഏറ്റവും ഉത്തമൻ അദ്ദേഹമാണെന്ന് തോന്നുന്നു. അതിനാൽ അല്ലാഹുവും അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്നു. തന്റെ ഒരു അടിസ്ഥാന തത്ത്വം അദ്ദേഹം പറയുകയുണ്ടായി. അതായത് ഭരിക്കുന്നതിനായി നീതി, ന്യായം, കൗശലം, ദരിദ്രരെ ശ്രദ്ധിക്കൽ, ആക്രമിക്കുന്ന നാടുകളിലെ പ്രജകളുടെ കടമകൾ നിറവേറ്റൽ, അനീതി കാണിക്കാതിരിക്കൽ എന്നിവയെ ഒരു വസ്തുവിന്റെ പത്തു ഭാഗങ്ങളാക്കുകയാണെങ്കിൽ, എന്റെ വിജയത്തിന്റെ 9 ഭാഗങ്ങൾ ഇവയാകുന്നു. ഒരു ഭാഗം മാത്രമാണ് വാളിന്റേത്. ഇപ്പോൾ നാം എല്ലാ ഇസ്ലാമിക രാഷ്ട്രങ്ങളിലേക്കും എത്തി നോക്കുകയാണെങ്കിൽ അവയിലെല്ലാം തന്നെ സ്വന്തം സ്വാർഥത മാത്രമേ കാണാൻ സാധിക്കുകയുള്ളു. പ്രജകളെയും പൊതു ജനങ്ങളെയും സംബന്ധിച്ച് ആർക്കും യാതൊരു ചിന്തയുമില്ല. സ്വന്തം സിംഹാസനത്തേയും ഭരണത്തേയും സംബന്ധിച്ചുള്ള ചിന്ത മാത്രമേയുള്ളൂ. പണ്ഡിതന്മാരാണെങ്കിൽ തങ്ങളുടെ കടമ ഉപേക്ഷിച്ചു കൊണ്ട് മുസ്ലീംകൾക്ക് മതപരമായ ശിക്ഷണം നൽകുന്നതിന് പകരമായി അധികാര വടംവലിയിൽ അകപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ഇസ്ലാമിന്റെ പേരിൽ ഭീകരസംഘടനകൾ നടത്തുന്നു. അല്ലെങ്കിൽ അവരെ സഹായിക്കുന്നു. ദീനി മദ്രസകളിൽ ജിഹാദിന്റെ പേരിൽ കുട്ടികൾക്ക് സൈനീക പരിശീലനം നൽകുന്നു. ആയുധങ്ങൾ ഉപയോഗിക്കാനും ഭീകരപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടുന്ന ബോംബുകൾ നിർമിക്കുന്നതിനുള്ള രീതികൾ പഠിപ്പിക്കുന്നു. ഇതെല്ലാം ആർക്കെതിരിലാണ് ഉപയോഗിക്കപ്പെടുക? മുസ്ലീംകൾക്കെതിരിൽ. മുസ്ലീംകൾ മുസ്ലീംകളുടെ രക്തദാഹികളായി മാറിയിരിക്കുകയാണ്. ശാന്തിയുടെയും സ്നേഹത്തിന്റെയും മതമാണ് ഇസ്ലാം. അതിന്റെ അർഥം തന്നെ ശാന്തിയും സംരക്ഷണവും പ്രദാനം ചെയ്യുക, ബുദ്ധിമുട്ടിൽ നിന്നും പ്രയാസങ്ങളിൽ നിന്നും രക്ഷിക്കുക എന്നാകുന്നു. ഇന്ന് ഈ മതത്തിന് ഇക്കൂട്ടർ വളരെയധികം ദുഷ്പേരുണ്ടാക്കിയിരിക്കുകയാണ്. തൽഫലമായി ലോകത്തെവിടെയെങ്കിലും ഭീകരപ്രവർത്തനങ്ങൾ നടന്നാൽ ആദ്യം തന്നെ മുസ്ലിം സംഘടനകളുടെ പേരാണ് പറയപ്പെടുന്നത്. അധികം സംഘടനകളും അത് അംഗീകരിക്കുകയും ചെയ്യുന്നു. ഇനി ആരെങ്കിലും ചെയ്തിട്ടില്ലെങ്കിലും അവരെ സംശയിക്കുന്നു. കഴിഞ്ഞ ദിവസം അമേരിക്കയിൽ മാരത്തോൺ ഓട്ടം നടന്നപ്പോൾ അവിടെ രണ്ട് സ്ഫോടനം നടക്കുകയുണ്ടായി. ഉടൻ തന്നെ മുസ്ലീംകളെ അപകീർത്തിപ്പെടുത്തുന്നതിനായി സന്നദ്ധരായിരിക്കുന്ന ഇസ്ലാം വിരോധികൾ വിളംബരപ്പെടുത്തിയത് മുസ്ലീംകളാണ് ഇത് ചെയ്തതെന്നാണ്. അവർ സംഘടനകളുടെ പേരെടുത്തുപറഞ്ഞില്ല. മൊത്തത്തിൽ മുസ്ലീംകൾ എന്നാണ് പറയുക. ഇത്തവണ ഈ സംഘടനകളെല്ലാം തങ്ങൾക്ക് ഒരു ബന്ധവുമില്ല എന്ന് പറഞ്ഞ് നിഷേധിച്ചത് നന്നായി. ഇത്രയും പറഞ്ഞാലും മതിയാകുന്നതാണ്. എന്നാൽ തഖ്വയിൽ നിന്നും, അല്ലാഹുവിന്റെ അനുസരണത്തിൽ നിന്നും, അവന്റെ കല്പനകളെ പ്രാവർത്തികമാക്കുന്നതിൽ നിന്നും ഇവർ അകന്നിരിക്കുന്ന കാരണത്താൽ ഇത് ഞങ്ങളല്ല ചെയ്തത് എന്ന് പറഞ്ഞതിനോടൊപ്പം തന്നെ ആര് ചെയ്താലും ശരിയാണെന്നും തങ്ങളതിനെ പിന്തുണയ്ക്കുന്നു എന്നും പറയുകയുണ്ടായി. ഭൗതികതയിൽ മുഴുകിയിരിക്കുന്ന ഇവരെ ആക്രമിച്ചിട്ട് എന്താണ് ലഭിച്ചത്? അല്ലെങ്കിൽ ഇവരെ പിന്തുണക്കുന്നവർക്ക് അതിലൂടെ എന്താണ് ലഭിക്കുക? ഒരു ഭാഗത്ത് അവരുടെ വാദം മുഹമ്മദ് റസൂലുല്ലാഹ് (സ) യോട് ഞങ്ങളേക്കാൾ കൂടുതൽ ലോകത്ത് മറ്റാർക്കും സ്നേഹമില്ലാ എന്നാണ്. മറുഭാഗത്ത് നബി (സ) യുടെ മാതൃകയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നു. സ്നേഹിക്കുന്നവർ സ്നേഹഭാജനത്തിന്റെ ചെറിയ ചെറിയ കാര്യങ്ങളെ പോലും പരിഗണിക്കുന്നു. നബി (സ) യുദ്ധാവസരങ്ങളിൽ പോലും നിഷ്ക്കളങ്കർക്കും കുട്ടികൾക്കും സ്ത്രീകൾക്കും വൃദ്ധർക്കും യാത്രക്കാർക്കും നഷ്ടം വരുത്തുന്നതിൽ നിന്ന് വിലക്കുകയുണ്ടായി. വിശുദ്ധ ഖുർ

ആനിൽ പ്രത്യേകിച്ച് എല്ലാ മതങ്ങളുടെയും സംരക്ഷണത്തിനായിട്ട് യുദ്ധാനുമതി നൽകിയിട്ടുണ്ട്. എന്നാൽ യുദ്ധമില്ലാതെ പല ജീവനുകളെയും നശിപ്പിച്ചു. ധാരാളം പേരുടെ ശരീരഭാഗങ്ങൾ മുറിച്ചു മാറ്റി. രക്ഷപ്പെട്ട പലരുടെയും കൈകളോ കാലുകളോ മുറിച്ച് മാറ്റേണ്ടി വന്നു. അമേരിക്കയിൽ കഴിഞ്ഞ ദിവസം പത്രത്തിൽ കോളമെഴുതുന്ന ഒരാൾ, ഇതിന് പരിഹാരം മുഴുവൻ മുസ്ലീംകളെയും കൊല്ലുക എന്നാണെന്ന് വരെ എഴുതുകയുണ്ടായി, അമുസ്ലീംകളിൽ ഈ ധൈര്യം എങ്ങനെയാണുണ്ടായത്? മുസ്ലീംകൾ സ്വയം അതിന് കാരണക്കാരാവുകയാണ്. ഇവിടെ പാശ്ചാത്യ ദേശത്ത് ഒന്നോരണ്ടോ സംഭവങ്ങളാണ് ഉണ്ടാകുന്നത്. അതിനു ശേഷം പലതും കേൾക്കേണ്ടിവരുന്നു. 70% മുസ്ലിം രാഷ്ട്രങ്ങളിലും അസ്വസ്ഥത പടർന്നു കഴിഞ്ഞു. നിത്യസംഭവമായിക്കഴിഞ്ഞു. പാകിസ്താനിൽ നോക്കുക, അഫ്ഗാനിസ്ഥാനിൽ നോക്കുക, മിസ്റിൽ നോക്കുക, ശാമിൽ നോക്കുക, ലിബിയയിൽ നോക്കുക, സോമാലിയയിൽ നോക്കുക, സുഡാനിൽ നോക്കുക, അൽ ജസാഇറിൽ നോക്കുക എല്ലായിടത്തും മുസ്ലീംകൾ മുസ്ലീംകളെ കൊല്ലുന്നു. മതത്തിന്റെ പേരിലാണ് ചെയ്യുന്നത് എന്നതാണക്രമം. ദ്രോഹിക്കണമെന്നുണ്ടെങ്കിൽ കുറഞ്ഞത് മതത്തിന്റെ പേരിലാകരുതായിരുന്നു. ആ കൊള്ളയ്ക്കും കൊലയ്ക്കും ജിഹാദ് എന്ന പേര് നൽകരുതായിരുന്നു. ചില ഇസ്ലാമിക രാഷ്ട്രങ്ങളിൽ പ്രത്യക്ഷമായ നിലയിൽ ഭീകരപ്രവർത്തനങ്ങളില്ല. പക്ഷെ അവിടുത്തെ പ്രജകൾക്ക് അവകാശങ്ങൾ ലഭിക്കുന്നില്ല, നീതിയില്ല, ദരിദ്രർ കൂടുതൽ ദരിദ്രാകുന്നു, ധനികർ കൂടുതൽ ധനികരായിക്കൊണ്ടിരിക്കുന്നു. സഊദി അറേബ്യ എണ്ണ സമ്പത്തിനാൽ സമൃദ്ധമാണ്. വലിയ ധനികരാഷ്ട്രമെന്ന് പറയപ്പെടുന്നു. അവിടെയും ദരിദ്രരുണ്ട്. ദരിദ്ര വിധവകളും അനാഥകുട്ടികളും രണ്ട് നേരത്തെ ആഹാരത്തിനായി കൊതിക്കുന്നു. സ്ത്രീകൾ വീടുകളിൽ നിന്ന് പുറത്ത് കടക്കരുതെന്ന് ഇസ്ലാമിന്റെ പേരിൽ പറയപ്പെടുന്നു. ജോലിയെടുക്കുന്നതിൽ നിന്ന് അവരെ തടയുന്നു. എന്നാൽ അവരുടെ ആവശ്യങ്ങളെ പരിഗണിക്കണമായിരുന്നു. അത് ചെയ്യുന്നില്ല. അവർക്ക് വേണ്ടി നിശ്ചയിച്ചിട്ടുള്ള വിഹിതം വയറു നിറയുന്നതിന് മതിയായതല്ല, രാജാക്കന്മാരുടെ ഇടനാഴിയിലെ മതിലുകളിൽ പോലും സ്വർണം പൂശുന്നു. എണ്ണ സമ്പത്തിൽ നിന്ന് അമിതമായ പ്രയോജനം എടുക്കുന്നു. അമിതമായി ചെലവഴിക്കുന്നു. പ്രജകൾ പട്ടിണി കിടന്ന് മരിക്കുന്നു.

കുറച്ചു ദിവസങ്ങൾക്കു മുമ്പ് ടി.വി.യിൽ ഒരു ഡോക്യുമെന്ററി കാണിക്കുകയുണ്ടായി. അതിൽ ഈ യാഥാർഥ്യം പരാമർശിച്ചിരുന്നു. എങ്ങനെയാണ് അവരോട് പെരുമാറുന്നത്, എത്തരത്തിലുള്ള അവസ്ഥയിലാണ് ജനങ്ങൾ കഴിയുന്നത്. മറ്റ് ഇസ്ലാമിക രാഷ്ട്രങ്ങളുടെ അവസ്ഥയും അങ്ങനെ തന്നെയാണ്. അനീതിയും അസ്വസ്ഥതയും അക്രമവും പ്രജകളുടെ അവകാശധ്വംസനവുമാണ് നടക്കിന്നത്. അതുപോലെ പൊതുജനങ്ങളും തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നില്ല. പൊതുജനങ്ങൾക്ക് അവസരം ലഭിക്കുമ്പോൾ അവർ അക്രമം പ്രകടിപ്പിക്കുന്നു. ഇതെല്ലാം തഖ്‌വയിൽ നിന്നുള്ള ദൂരപ്പെടലാണ്. അല്ലാഹുവിന്റെ അനുസരണത്തിൽ നിന്ന് സ്വയം തങ്ങളെ അകറ്റിനിർത്തലാണ്. ഇസ്ലാമിന്റെ അദ്ധ്യാപനം പരിപൂർണമാണെന്ന് പറയപ്പെടുന്നു. നിശ്ചയമായും ആകുന്നു. എന്നാൽ, ഞങ്ങൾക്ക് ഒരു മുജദ്ദിദിന്റെയും ആവശ്യമില്ല, മസീഹിന്റെയും മഹ്ദിയുടെയും ആവശ്യമില്ല, ഒരു നബിയുടെയും ആവശ്യമില്ല എന്നുള്ള അവരുടെ വാദങ്ങൾ തെറ്റാണ്. അല്ലാഹുവിന്റെയും അവന്റെ റസൂൽ (സ) യുടെയും പ്രവചനമുണ്ട്. ഈ കാലഘട്ടത്തിൽ കാലഘട്ടത്തിന്റെ സമുദ്ധാരണത്തിനായി അല്ലാഹുവിനാൽ ഒരു വ്യക്തി നിയോഗിക്കപ്പെടുന്നതാണ്. സ്വയം കാലഘട്ടത്തിന്റെ അവസ്ഥയും വിളിച്ചു പറയുന്നത്, മുസ്ലീംകൾ അദ്ധ്യാപനത്തെ വിസ്മരിച്ച് കഴിഞ്ഞു എന്നാണ്. പള്ളികളുണ്ട് എന്നാൽ അവയെ പണ്ഡിതന്മാർ രാഷ്ട്രീയ കേന്ദ്രമാക്കി മാറ്റി. വിശുദ്ധ ഖുർആനുണ്ട്, എന്നാൽ അവ അലമാരികളിലെ അലങ്കാര വസ്തുവെന്ന നിലയിൽ മാത്രമാണ്. പണ്ഡിതന്മാർ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് വ്യാഖ്യാനങ്ങൾ നൽകി പൊതുജനങ്ങളെ, മുസ്ലിം സമുദായത്തെ തെറ്റായവഴിയിലൂടെ നയിക്കുകയാണ്. അതിനാൽ ആവശ്യമില്ല എന്ന് പറയുന്നത് ശരിയല്ല. അല്ലഹുവിനാൽ നിയോഗിതനായവന്റെ ആവശ്യമുണ്ട്. ആവശ്യമുണ്ടാവും എന്ന് നബി (സ) തിരുമേനി പ്രവചിച്ചിരുന്നു. അതിനെ ഈ പണ്ഡിതന്മാർക്ക് ഒരു തരത്തിലും നിഷേധിക്കാൻ സാധിക്കില്ല. നിഷേധിക്കുന്നുവെങ്കിൽ കളവാണ് പറയുന്നത്. പൊതു ജനങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ആവശ്യമുണ്ട് നിശ്ചയമായും ആവശ്യമുണ്ട്. ഒരു വ്യക്തി അല്ലാഹുവിനാൽ നിയോഗിതനായി വരികയും, മുസ്ലീംകളുടെ മാർഗ ഭ്രംശനത്തിന് പരിഹാരം കാണുകയും, അമുസ്ലീംകൾ ലോകത്ത് വ്യാപിപ്പിച്ചിട്ടുള്ള ഇസ്ലാമിന്റെ തെറ്റായ ചിത്രങ്ങളെ ഇല്ലാതാക്കി പകരം ഇസ്ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളെ സ്ഥാപിക്കുകയും, ലോകത്തെ നബി തിരുമേനി (സ) യുടെ പതാകയ്ക്ക് കീഴിൽ കൊണ്ടുവരികയും ചെയ്യുന്നതാണ്. പണ്ഡിതന്മാർ പൊതുജനങ്ങളെ ചർച്ചയിൽ കുടുക്കി തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി ശ്രമിക്കുകയാണ്. അല്ലാഹുവും അവന്റെ റസൂൽ (സ) യും ആഗതരാകേണ്ട മസീഹ് മൗഊദിനെയും മഹ്ദി മൗഊദിനെയും നബി എന്നപേരിലാണ് വിളിച്ചിരിക്കുന്നത്. അപ്പോൾ സ്വയം വിശദീകരണം നൽകി അദ്ദേഹത്തിനും അദ്ദേഹത്തെ വിശ്വസിക്കുന്നവർക്കും എതിരിൽ അക്രമവും അനീതിയും അഴിച്ചു വിടാൻ മറ്റാർക്കാണധികാര മുള്ളത്. ഞാൻ പറയുകയുണ്ടായി, സ്വയം ലോകത്തിന്റെ അവസ്ഥ ഇതിന് സാക്ഷ്യം നൽകുന്നു. വിശുദ്ധ ഖുർആൻ അതിന്റെ യഥാർഥ അവസ്ഥയിൽ ഉണ്ടായിരുന്നിട്ടു പോലും മുസ്ലീംകളുടെ ആത്മീയ, ഭൗതിക, ധാർമിക അവസ്ഥ അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. തഖ്‌വ ഇല്ലാതായി. മുസ്ലീം കളിൽ ഭൂരിഭാഗവും അല്ലാഹുവിന്റെ അനുസരണത്തിൽ നിന്നും പുറത്തായി കഴിഞ്ഞു. ഈ അവസ്ഥയിൽ സമുദ്ധാര ണത്തിനായി ഒരു മാർഗം ഉണ്ടാകേണ്ട താണെന്നത് ചിന്തിക്കേണ്ടതാണ്. ഇസ്ലാമികാദ്ധ്യാപനത്തിന്റെ സത്തയെ മനസ്സിലാക്കുകയും അത് മുസ്ലീംകളിൽ നടപ്പിലാക്കുകയും ചെയ്യുന്ന ഒരു വ്യക്തി വേണ്ടതാണ്. നാം അഹ്മദികൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭാഗ്യവാന്മാരാണ്. അല്ലാഹു ഒരു വ്യക്തിയെ തന്റെ വാഗ്ദാനമനുസരിച്ചും നബി (സ) തിരുമേനിയുടെ പ്രവചനമനു സരിച്ചും 14-ാം നൂറ്റാണ്ടിൽ നിയോഗിച്ചു. അദ്ദേഹം അല്ലാഹുവിന്റെ മാർഗനിർ ദേശത്തിൽ വിശുദ്ധ ഖുർആന്റെ വിജ്ഞാന ഭണ്ഡാരത്തെ വിശദമായി തന്റെ ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുണ്ട്, സത്യത്തിന്റെയും അസത്യത്തിന്റെയും വ്യതിരിക്തതയെ വെളിപ്പെടുത്തിക്കൊണ്ടും, ഇസ്ലാമിന്റെ മഹത്വം ലോകത്തുള്ള സകല മതങ്ങൾക്കും മേൽ സ്ഥാപിച്ചുകൊണ്ടും, ശത്രുക്കൾക്ക് തുറന്ന വെല്ലുവിളി നൽകി കൊണ്ടും,

> പറയുന്നു, അല്ലയോ ജനങ്ങളെ, അല്ലാഹുവിനേയും അവന്റെ അടയാള ങ്ങളേയും പരിഹാസി ക്കരുത്. അവനോട് തെറ്റു കൾക്ക് ക്ഷമ ചോദിക്കുക. അവന്റെ മുമ്പിൽ തങ്ങളുടെ തെറ്റുകളുടെ ഭയത്താൽ യാചി ക്കുക. നിങ്ങൾക്ക് മുമ്പ് നിഷേ ധിച്ച സമുദായത്തിന്റെ പരി ണാമം നിങ്ങൾ മറന്നുപോ യോ? ശിക്ഷ നൽകുന്ന അല്ലാ ഹുവിന്റെ ഗ്രന്ഥത്തിൽ നിങ്ങളെ ഒഴിച്ചു നിർത്തിയിരിക്കുക യാണ്. അതിനാൽ തങ്ങളുടെ വിപത്തു കളിൽ നിന്ന് അല്ലാ ഹുവിനോട് അഭയം തേടുക.

തന്നോടൊപ്പം അല്ലാഹുവിന്റെ സഹായ ത്തിന്റെ ദൃശ്യം പ്രകടമാക്കിക്കൊണ്ട് ശത്രുക്കളുടെ വായടച്ചുകൊണ്ടും ഒരു നീണ്ടകാലം ജീവിതം കഴിച്ചുകൂട്ടിയതിന് ശേഷം അല്ലാഹുവിന്റെ സവിധത്തിൽ സന്നിഹിതനായി. തന്റെ പിന്നിൽ ഖിയാമത്ത് വരെ നിലനിൽക്കുന്ന ശൃംഖല അല്ലാഹുവിന്റെ സഹായത്താൽ വിട്ടു പോകുകയും ചെയ്തു. അത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പുരോഗതിയുടെ പാതയിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്.

അല്ലാഹുവിൽ നിന്ന് ഭൗമികവും ആകാശീയവുമായ പിന്തുണകൾ ഹ: മസീഹ് മൗഊദ് (അ) ന്റെ കാലഘട്ട ത്തിൽ വിവിധ രൂപത്തിൽ വെളിപ്പെടു കയുണ്ടായി. അതിന്റെ ശൃംഗല ഇന്നും തുടർന്ന് വരുന്നു. പാകിസ്താനികൾക്കും മുസ്‌ലിം പൊതു ജനങ്ങൾക്കും ഈ ഭൂകമ്പവും, ഈ വിപത്തുകളും, ഈ പ്രളയവും, ലോകത്ത് മുസ്‌ലീംകൾ ക്കുള്ള ഈ അധപതനവും കണ്ണ് തുറപ്പിക്കാൻ മതിയായതല്ലേ? കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ഭൂചലനം ഒരു രാജ്യത്ത് മാത്രമായിരുന്നില്ല. പാക്കിസ്ഥാനിലും നാശനഷ്ടമുണ്ടായി ഇറാനിലും നാശനഷ്ടമുണ്ടായി അഫഗാനി സ്ഥാനിലും മദ്ധ്യപൂർവ രാഷ്ട്രങ്ങളിലും ഇന്തോനേഷ്യവരെയും അതെത്തി. അല്ലാഹുവിന്റെ ഈ വിധിയിൽ മുസ്‌ലീംകൾ ചിന്തിക്കേ ണ്ടതാണ്, തൗബ ചെയ്യേണ്ടതാണ്, ഇസ്തിഗ്ഫാർ ചെയ്യേ ണ്ടതാണ്, നാമമാത്രമായ പണ്ഡിതന്മാരെ ഭയക്കുന്നതിന് പകരം അവരെ ദർപണം കാണിക്കേണ്ടത് ആവശ്യമാണ്. എന്തി നാണ് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ ക്കെതിരായി ഞങ്ങളോട് പറയുന്നത്? ഈ അദ്ധ്യാപനങ്ങൾക്ക് അനുഗുണമായ ഒരു സംഭവമെങ്കിലും നബി (സ) തിരുമേനി യുടെ ജീവിതത്തിൽ നിന്ന് എന്ത് കൊണ്ട് കേൾപ്പിക്കുന്നില്ല? ചുരുക്കത്തിൽ പണ്ഡിതന്മാർ നമ്മോട് പറയുന്ന ഇസ്‌ലാം നബി (സ) തിരുമേനി കൊണ്ടുവന്ന ഇസ്‌ലാമല്ല. നബി (സ) കൊണ്ടുവന്ന ഇസ്‌ലാമിന്റെ നിർവചനം സ്നേഹവും ശാന്തിയു സമാധാനവും, പ്രയാസങ്ങളെ ദുരീകരിക്കലുമാണ്. ഇസ്‌ലാമിന്റെ പേരിൽ സ്വാർഥ ലാഭത്തിനായി പ്രയാസ ങ്ങളെ അധികരിക്കുന്നതല്ല ഇസ്‌ലാം. അതിനാൽ തഖ്‌വ അന്വേഷിച്ചു കൊണ്ട് അതിൽ ചലിക്കുന്നതിനായി പരിശ്രമി ക്കേണ്ടത് ഓരോ മുസ്‌ലിമിന്റെയും നിർബന്ധകടമായാകുന്നു. തങ്ങളുടെ മരണത്തെ മുന്നിൽ കാണുക. അത് ഏത് സമയത്തും സംഭവിക്കാം. ഞാനിത്ര ജീവിക്കുമെന്ന് ആർക്കും പറയാൻ കഴിയില്ല. അല്ലാഹുവിന്റെയും അവന്റെ ദാസരുടെയും കടമകൾ പൂർത്തി യാക്കുക. കർമങ്ങൾ ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ചില ഉദ്ധരണികൾ കേൾപ്പിക്കുകയാണ്. അതിൽ നിന്നും അദ്ദേഹത്തിന്റെ പ്രാധാ ന്യവും, മുസ്‌ലീംകൾക്ക് അദ്ദേഹത്തിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യക തയെയും കുറിച്ച് മനസ്സിലാക്കാം. അങ്ങനെയെങ്കിൽ സത്യഹൃദയത്തോടെ പ്രവർത്തിച്ചു കൊണ്ട് മസീഹ് മൗഊദ് (അ) നെ വിശ്വസിക്കുന്നവർ വിജയിക്കു ന്നതാണെന്നത് അല്ലാഹുവിന്റെ വിധി യാണ്.

അദ്ദേഹം പറയുന്നു, മുസ്‌ലീംകളുടെ ഹൃദയത്തിൽ അല്ലാഹുവിനു പകരമായി മഹത്വം നൽകിയിരിക്കുകയും പ്രതീക്ഷ യർപ്പിക്കുകയും ചെയ്തിരിക്കുന്ന വിഗ്രഹത്തെ തുണ്ടം തുണ്ടമാക്കി ക്കളയാൻ ഞാൻ ആഗ്രഹിക്കുന്നു. കേസും ഒത്തുതീർപ്പുമെല്ലാം ഭൗതികയ് ക്കുവേണ്ടിയാണ്. അതിനു പകരമായി അല്ലാഹുവിന്റെ മഹത്വവും പ്രൗഢിയും അവരുടെ ഹൃദയത്തിൽ ഉടലെടു ക്കുകയും, വിശ്വാസത്തിന്റെ വൃക്ഷം പുതിയ പുതിയ ഫലങ്ങൾ നൽകുകയും ചെയ്യട്ടെ. ഇപ്പോൾ വൃക്ഷത്തിന്റെ രൂപമാണ്. എന്നാൽ യഥാർഥ വൃക്ഷമല്ല. കാരണം യഥാർഥ വൃക്ഷത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പറയുന്നു:

അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നുവെന്ന് നീ കണ്ടില്ലേ? ഒരു പരിശുദ്ധ വചനത്തെ ഒരു നല്ല വൃക്ഷത്തോട് ഉപമിച്ചിരിക്കുന്നു. അതിന്റെ അടിവേര് ഉറച്ചു നിൽക്കു ന്നതും, അതിന്റെ ശാഖകൾ ആകാശ ത്തിൽ ഉയർന്ന് നിൽക്കുന്നതും ആണ്. അതിന്റെ നാഥന്റെ കല്പന പ്രകാരം അത് അതിന്റെ പുതു ഫലങ്ങൾ സദാ നൽകിക്കിണ്ടിരിക്കുന്നു(14.25,26). **അസ്‌ലുഹാ സാബിതുൻ** എന്നത് കൊണ്ടുദ്ദേശിക്കുന്നത് അതിന്റെ വിശ്വാസത്തിന്റെ അടിത്തറ സുദൃഢമാ യിരിക്കണം എന്നതാണ്. അത് പരിപൂർണ ദൃഢജ്ഞാനത്തിലേക്ക് എത്തിയതും സദാസമയവും ഫലദായ കവും ആയിരിക്കണം. ഒരിക്കലും ഉണങ്ങിയ വൃക്ഷത്തെ പോലെയാകരുത്. എന്നാൽ ഇന്ന് ഈ അവസ്ഥയാണോ? ആവശ്യമെന്താണെന്ന് പലരും പറയു ന്നുണ്ട്. വൈദ്യന്റെ ആവശ്യമെന്താണ് എന്ന് പറയുന്ന രോഗിയുടെ അവസ്ഥ എത്ര പരിതാപകരമാണ്. വൈദ്യന്റെ ആവശ്യമില്ലെന്ന് പറയുന്ന ആ രോഗിയുടെ അന്ത്യം നാശമല്ലാതെ മറ്റെന്താകാനാണ്? ഇപ്പോൾ മുസ്‌ലീംകൾ **അസ്‌ലംനാ** (ഞങ്ങൾ അനുസരണം പുലർത്തിയിരിക്കുന്നു) എന്നതിൽ പ്രവേശിച്ചിട്ടുണ്ടാകാം എന്നാൽ **ആമന്നാ** (ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു) എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നില്ല. ഒരു പ്രകാശം കൂടെയുണ്ടാകുമ്പോഴാണ് അത് സാധ്യമാകുക. ചുരുക്കത്തിൽ ഞാൻ നിയോഗിക്കപ്പെട്ട ഉദ്ദേശ്യങ്ങളാണിത്. അതിനാൽ എന്റെ കാര്യത്തിൽ നിഷേധിക്കുന്നതിന് ധൃതി കാണിക്കരുത്. മറിച്ച് അല്ലാഹുവിനെ ഭയപ്പെടുക. തൗബ ചെയ്യുക, കാരണം തൗബ ചെയ്യുന്ന വരുടെ ബുദ്ധി വികസിക്കുന്നതാകുന്നു.

പിന്നീട് അദ്ദേഹം പ്ലേഗിന്റെ അടയാളം ഉദാഹരണമായി നൽകി ക്കൊണ്ട് പറയുന്നു. പ്ലേഗിന്റെ അടയാളം വളരെ അപകടം നിറഞ്ഞ അടയാളമാണ്. അല്ലാഹു അതിനെ സംബന്ധിച്ച് എന്റെ ഹൃദയത്തിൽ ഒരു ഇൽഹാം ഇറക്കി യിരിക്കുന്നു. അതിപ്രകാരമാണ്. **ഇന്നല്ലാ ഹലായുഗയ്യിറു മാ ബി ഖൗമിൻ ഹത്താ യുഗയ്യിറു മാബി അൻഫുസിഹിം.** ഇത് അല്ലാഹുവിന്റെ വചനമാകുന്നു. അല്ലാ ഹുവിൽ കറ്റ് കെട്ടി പറയുന്നവരിൽ

ശാപമുണ്ട്. അല്ലാഹു പറയുന്നു, ഹൃദയത്തിൽ പരിവർത്തനമുണ്ടാകുമ്പോഴാണ് എന്റെ തീരുമാനത്തിൽ മാറ്റമുണ്ടാകുന്നത്. അതിനാൽ അല്ലാഹുവിനെ ഭയപ്പെടുക. അവന്റെ ശിക്ഷയെ ഭയക്കുക. ആരും ആരുടെയും ഉത്തരവാദിയാവുകയില്ല. നിസാര കേസ് ആർക്കെതിരിലെങ്കിലും ഉണ്ടാകുകയാണെങ്കിൽ അവർക്ക് കൂറുപുലർത്താൻ കഴിയുന്നില്ല. അപ്പോൾ ആഖിറത്തിൽ എന്ത് പ്രതീക്ഷയാണുള്ളത്? അതിനെ സംബന്ധിച്ച് പറയുന്നു, **യൗമ യഫിർറുൽ മർഉ മിൻ അഖീഹി** (80.35) അതായത് ഖിയാമത്ത് നാളിൽ സഹോദരൻ സഹോദരനിൽ നിന്ന് ഓടിയകലുന്നതാണ്. പറയുന്നു, നോക്കുക ഒരു വ്യക്തി അല്ലാഹുവിലും അവന്റെ റസൂലിലും ഗ്രന്ഥത്തിലും വിശ്വസിക്കുന്നു എന്ന് വാദിച്ചു കൊണ്ട് അവന്റെ കൽപനകളുടെ വിശദീകരണങ്ങളെ ഉദാ: നമസ്കാരം, നോമ്പ്, ഹജ്ജ്, സക്കാത്ത്, തഖ്‌വ, എന്നിവ അനുഷ്ഠിക്കുന്നില്ലായെങ്കിൽ, ആത്മപരിശുദ്ധിക്കും തിന്മയെ ഉപേക്ഷിക്കുന്നതിനും, നൻമയെ കരസ്ഥമാക്കുന്നതിനുമുള്ള കല്പനകളെ ഉപേക്ഷിക്കുകയാണെങ്കിൽ മുസ്‌ലിം എന്ന് വിശേഷിപ്പിക്കുന്നതിന് അർഹനല്ലാതിരിക്കുകയും അവൻ വിശ്വാസത്തിന്റെ ആഭരണങ്ങളാൽ വിഭൂഷിതനല്ലാത്തവനുമാകുന്നു. അതേപോലെ മസീഹ് മൗഊദ് (അ) നെ വിശ്വസിക്കാത്ത വ്യക്തി അല്ലെങ്കിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണെന്ന് കരുതാത്ത വ്യക്തിയും ഇസ്‌ലാമിന്റെ യാഥാർഥ്യത്തിൽ നിന്നും പ്രവാചകത്വത്തിന്റെ ഉദ്ദേശ്യത്തിൽ നിന്നും അജ്ഞനാണ്. അവൻ യഥാർഥ മുസ്‌ലിമെന്നും, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും യഥാർഥ അനുസാരിയെന്നും പറയപ്പെടുന്നതിനർഹനല്ല. കാരണം എപ്രകാരം അല്ലാഹു നബി (സ) മുഖേന വിശുദ്ധ ഖുർആനിൽ കല്പന നൽകിയിട്ടുണ്ടോ അതേ പോലെ അവസാന കാലഘട്ടത്തിൽ ഒരു അവസാന ഖലീഫയുടെ ആഗമനത്തെ സംബന്ധിച്ചുള്ള പ്രവചനവും വളരെ ശക്തമായി പരാർശിച്ചിട്ടുണ്ട്. അതിനെ നിരാകരിക്കുകയും അതിൽ നിന്നും മുഖം തിരിക്കുകയും ചെയ്യുന്നവരുടെ പേര് **ഫാസിഖ്** (അക്രമി) എന്ന് വെക്കുകയും ചെയ്തിരിക്കുന്നു. ഖുർആനിലെയും ഹദീസിലെയും വാക്കുകളിലെ വ്യത്യാസം, വ്യത്യാസമല്ല. മറിച്ച് മറ്റ് വാക്കുകളിൽ വിശുദ്ധ ഖുർആനിലെ വാക്കുകളുടെ വിശദീകരണമാകുന്നു. വിശുദ്ധ ഖുർ ആനിൽ ഖലീഫ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഹദീസിൽ അതേ ഖലീഫയെ, അവസാന ഖലീഫയെ മസീഹ് മൗഊദിന്റെ പേരിൽ വ്യാഖ്യാനിച്ചിരിക്കുന്നു എന്നു മാത്രം. വിശുദ്ധ ഖുർആനിൽ ആരുടെ നിയോഗത്തെ സംബന്ധിച്ചാണോ വാഗ്ദാനം എന്ന വാക്ക് ഉപയോഗിച്ചു കൊണ്ട് ആ വ്യക്തിയുടെ ആഗമനത്തിന് ഒരു തരത്തിലുള്ള മഹത്വം നൽകിയിരിക്കുന്നത്, അങ്ങനെയുള്ള വ്യക്തിയെ അംഗീകരിക്കേണ്ടതിന്റെ ആവശ്യമെന്താണ് എന്ന് പറയുന്ന മുസ്‌ലിം എന്ത് മുസ്‌ലിമാണ്?

പിന്നീട് അദ്ദേഹം പറയുന്നു, അല്ലയോ അജ്ഞരായ സമുദായമേ! ഞാൻ നിങ്ങളെ ആരുമായി താരതമ്യപ്പെടുത്തും. നിങ്ങളുടെ ഉദാഹരണം ഒരു നിർഭാഗ്യവാനെപോലെയാണ്.

അയാളുടെ വീടിന് സമീപം ഒരു വ്യക്തി ഉദ്യാനം നട്ടുപിടിപ്പിച്ചു. അതിൽ എല്ലാതരത്തിലുള്ള ഫല വൃക്ഷങ്ങളും നട്ടു. അതിനുള്ളിൽ മാധുര്യമുള്ള നദിയും ഉണ്ടാക്കി. അതിന്റെ വെള്ളം അതിമധുരമുള്ളതായിരുന്നു. ആ ഉദ്യാനത്തിൽ വലിയ വലിയ തണൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചു. അതിന് ആയിരക്കണക്കിന് മനുഷ്യരെ വെയിലിൽ നിന്നും രക്ഷിക്കാൻ സാധിക്കുമായിരുന്നു. വെയിലിൽ നടന്ന സമയത്ത് ഒരു തണലുമില്ലാതിരുന്നപ്പോൾ ഒരു ഫലമോ, വെള്ളമോ ഇല്ലാതിരുന്ന സമയത്ത് ആ സമുദായത്തിലെ ആ ദയാലുവായ മനുഷ്യൻ തണലിൽ വിശ്രമിക്കുന്നതിനായും ഫലങ്ങൾ ഭക്ഷിക്കുന്നതിനായും, വെള്ളം കുടിക്കുന്നതിനായും ക്ഷണിച്ചു. എന്നാൽ ഈ നിർഭാഗ്യരായ സമുദായം അതിനെ നിരാകരിച്ചു. ആ കൊടും ചൂടിൽ കഠിനദാഹത്താലും വിശപ്പിനാലും മരണമടഞ്ഞു. അത് കൊണ്ടാണ് അല്ലാഹു പറയുന്നത്, അവരുടെ സ്ഥാനത്ത് ഞാൻ മറ്റൊരു സമുദായത്തെ കൊണ്ടുവരുന്നതാണ് എന്ന്. അവർ ഈ വൃക്ഷങ്ങളുടെ കുളിർമയുള്ള തണലിൽ ഇരിക്കുന്നതാണ്, ഈ ഫലങ്ങളെ ഭക്ഷിക്കുന്നതാണ്. ഈ സ്വാദിഷ്ഠമായ വെള്ളം കുടിക്കുന്നതാണ്. ഉദാഹരണമായി അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു, ദുൽഖർനൈൻ ഒരു സമുദായത്തെ സൂര്യതാപമേറ്റ് പൊള്ളുന്നതായി കണ്ടു. യാതൊരു മറയുമുണ്ടായിരുന്നില്ല. ആ സമുദായം ദുൽഖർനൈനോട് ഒരു സഹായവും തേടിയില്ല. അതിനാൽ അവർ അതേ വിപത്തിൽ തന്നെ കഴിച്ചു കൂട്ടി. പിന്നീട് അദ്ദേഹം മറ്റൊരു സമുദായത്തെ കണ്ടുമുട്ടി.

അവർ ദുൽഖർനൈനോട് ശത്രുക്കളിൽ നിന്നും രക്ഷയ്ക്കുള്ള സഹായം തേടി. അങ്ങിനെ അവർക്ക് വേണ്ടി ഒരു മതിൽ നിർമിക്കപ്പെട്ടു. അതിനാൽ അവർ ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെട്ടു. ആയതിനാൽ ഞാൻ സത്യം സത്യമായി പറയുന്നു. വി.ഖുർആനിലെ ഭാവിപ്രവചനങ്ങളനുസരിച്ച് എല്ലാ സമുദായങ്ങളുടേയും നൂറ്റാണ്ടിനെ പ്രാപിച്ച ആ ദുൽഖർനൈൻ ഞാനാകുന്നു. സൂര്യതാപത്തിൽ പൊള്ളുന്ന സമുദായം മുസ്‌ലിംകളിൽ നിന്ന് എന്നെ സ്വീകരിക്കാത്തവരാകുന്നു. ചെളിവെള്ളത്തിന്റെ നദിയിലും അന്ധകാരത്തിലും കഴിയുന്നവർ ക്രിസ്ത്യാനികളാണ്. അവർ സൂര്യന് നേരെ നോക്കിയത് പോലുമില്ല. മതിൽ നിർമിക്കപ്പെട്ട സമുദായം എന്റെ ജമാഅത്താകുന്നു. ഞാൻ സത്യം സത്യമായി പറയുന്നു, അവരുടെ ദീനാണ് ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടുക. അലസരായ എല്ലാ അടിത്തറയെയും ശിർക്കും നിരീശ്വരത്വവും കാർന്നുതിന്നുന്നതാണ്. എന്നാൽ ഈ ജമാഅത്ത് നീണ്ടകാലം നിലനിൽക്കുന്നതാണ്. പിശാച് അവരെ കീഴടക്കുന്നതല്ല. പൈശാചികവിഭാഗം അവരുടെ മേൽ വിജയം വരിക്കുന്നതല്ല. അവരുടെ തെളിവ് വാളിനേക്കാൾ മൂർച്ചയേറിയതും അതിനേക്കാൾ തുളഞ്ഞു കയറുന്നതുമായിരിക്കും. അവർ ഖിയാമത്ത് വരെ എല്ലാ മതങ്ങളുടെ മേലും വിജയം കരസ്ഥമാക്കികൊണ്ടിരിക്കുന്നതാണ്.

പറയുന്നു: എന്നെ തിരിച്ചറിയാത്ത വിഡ്ഢികൾക്ക് അഹോ കഷ്ടം. എങ്ങനെയുള്ള അന്ധമായ കണ്ണുകളായിരുന്നു അവരുടേത്, അവർക്ക് സത്യത്തിന്റെ പ്രകാശം ദർശിക്കാൻ കഴിഞ്ഞില്ല. വിദ്വേഷം അവരുടെ കണ്ണുകളെ അന്ധരാക്കിയ കാരണത്താൽ അവർക്ക് എന്നെ കാണാൻ കഴിയുന്നില്ല. ഹൃദയത്തിൽ കളങ്കവും കണ്ണുകളിൽ മറയുമുണ്ട്. അഥവാ അവർ ശരിയായ അന്വേഷണത്തിൽ ഏർപ്പെടുകയും അവരുടെ ഹൃദയത്തെ വിദ്വേഷത്തിൽ നിന്നു ശുദ്ധിയാക്കുകയും, പകൽ വ്രതമനുഷ്ഠിക്കുകയും, രാത്രിയിൽ എഴുന്നേറ്റ് നമസ്കാരത്തിൽ ദു:ആചെയ്യുകയും, കരയുകയും, വിലപിക്കുകയും ചെയ്യുകയാ

ശേഷം പേജ് 29



# ശ്രീകൃഷ്ണൻ മഹാനായ ഒരു ദൈവദൂതൻ

പുണ്യപുരാതനമായ ഭാരത വർഷത്തിൽ ദിവ്യമുരളികയുമായി വന്ന് ആത്മീയ ശ്രുതി മീട്ടി ദൈവമാർഗത്തിലേക്ക് ജന കോടികളെ നയിച്ച ദിവ്യ വർണത്തോടു കൂടിയ സമുജ്ജ്വല വ്യക്തിത്വമാർന്ന ദൈവ ദൂതനായിരുന്നു ഹദ്റത്ത് ശ്രീകൃഷ്ണൻ (അല്ലാഹുവിന്റെ ശാന്തി അവിടുത്തെ മേൽ വർഷിക്കട്ടെ)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ഹി**ന്ദു മതം എന്നത് പല മതങ്ങളുടെയും സമ്പ്രദായങ്ങളുള്ള ഒരു മതസമൂഹമാണ്. പരമ്പരാഗത ദൈവിക മതങ്ങളിൽ നിന്നും നാം മനസ്സിലാക്കിയത് പോലെ വെളിപാടുകളെക്കുറിച്ച് ഹിന്ദു മതത്തിൽ നിന്നും തെളിവുകൾ ലഭിക്കുക പ്രയാസകരമാണ്. ഇതിന് മുഖ്യകാരണം വെളിപാട് സങ്കൽപങ്ങൾ മുഴുവനും തന്നെ വേദാദ്ധ്യാപനങ്ങളിൽ മാത്രം പരിമിതമാണെന്ന് അവർ കരുതുന്നു. അതേ സമയം മറ്റൊരു വശത്ത് മനുഷ്യന് അധ്യാപനങ്ങൾ നൽകാനായി ദൈവം സ്വയം തന്നെ മനുഷ്യരൂപത്തിൽ അവതരിക്കുന്നുവെന്ന് വിവരിക്കുകയും ചെയ്യുന്നു.

ക്രിസ്തുമതത്തിൽ ക്രിസ്തു പ്രതിപാദിക്കപ്പെട്ടത് പോലെ ഒരളവോളം കൃഷ്ണനേയും ഉപമിക്കാവുന്നതാണ്. ഉപമ ബാഹ്യരൂപത്തിൽ മാത്രമാണ്. ക്രിസ്തുവിന്റെ വ്യക്തി രൂപത്തിൽ പ്രപഞ്ചത്തിന്റെ വിദാതായിക്കൊണ്ട് പിതാവായ ദൈവമുണ്ട്. പിതാവായ ദൈവത്തിൽ നിന്നുള്ള പുത്രത്വം ഏതെങ്കിലും വിധത്തിൽ യേശുവിന്റെ ആളത്വത്തിൽ പ്രകടിതമാണ്. ക്രിസ്തു മതത്തിൽ ക്രിസ്തുവോ, പിതാവായ ദൈവമോ അല്ലാത്ത പരിശുദ്ധാത്മാവ് എന്ന് നാമകരണം ചെയ്യപ്പെട്ട മൂന്നാമതൊരാളുണ്ട്. ത്രിത്വത്തിന്റെ തന്നെ അവിഭാജ്യമായ ഒരു ഭാഗമായി അത് നിൽക്കുന്നു.

എന്തായിരുന്നാലും ഹിന്ദുമതത്തിൽ, കൃഷ്ണന്റെ ആളത്വത്തിൽ ബ്രഹ്മാവിന്റെ അഭിവ്യക്തി അഥവാ പ്രകടിതരൂപം (Manifestation)വ്യക്തമല്ല.കൃഷ്ണൻ ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ ബ്രഹ്മാവ് ആകാശഭൂമികൾ ഭരിച്ചി

രുന്നത് തന്റെ സ്വർഗീയ സിംഹാസന ത്തിൽ ഇരുന്നുകൊണ്ടായിരുന്നുവോ? അതല്ല കൃഷ്ണന്റെ ആൾരൂപത്തിൽ തന്നെ പ്രപഞ്ചം ഭരിക്കുകയായിരു ന്നുവോ?അതുമല്ല ആകാശത്തിൽ കല്പനക്കുടയവനായി ബ്രഹ്മാവ് ആകാ ശത്ത് ആരൂഢനായിരുന്നപ്പോൾ മായയായോ മൂർത്തിയായോ കൃഷ്ണനും ഇരുന്നിട്ടുണ്ടോ? ഇത്തരം ചോദ്യങ്ങൾ ഉത്തരം ലഭിക്കാതെയിരിക്കു ന്നു. വെളിപാടുകളെ സംബന്ധിച്ച് പറയു മ്പോൾ ക്രിസ്തുമതം മറ്റു പാരമ്പര്യ മത ങ്ങളെപോലെ ഉന്നത സ്ഥാനത്തു നിന്നും വെളിപാടുകൾ ലഭിക്കുന്നു എന്ന് പൂർണ മായും വിശ്വസിക്കുന്നു. ഹിന്ദുമതത്തിൽ വെളിപാടുകളുടെ രീതി ഏതായാലും പാരമ്പര്യമതങ്ങളുടേത് പോലെയല്ല. ഒരു മാതൃകാ പുരുഷന്റെ ആവശ്യം നിറവേ റ്റാൻ ദൈവം സ്വയം തന്നെ ഇവിടെ അവ തരിക്കുന്നു. അവൻ തന്റെ സന്ദേശം പ്രേഷണം ചെയ്യാൻ ഒരു ദൂതനെ അയ ക്കുന്നില്ല.

പുരാതന കാലത്തെ ഋഷിമാർ വിവിധ വേദങ്ങളുടെ സ്വീകർത്താക്കളാണെന്ന് പറയപ്പെടുന്നു. ഋഷി എന്നത് ഒരു ഹിന്ദു സംജ്ഞയാണ്. ഭൗതിക ലോകവുമാ യുള്ള ബന്ധങ്ങൾ വിഛേദിച്ച് ദൈവ ത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടയാളെ യാണ് ഋഷി എന്നു പറയുന്നത്. വേദങ്ങൾ ദൈവികാദ്ധ്യാപനങ്ങളാണെന്നാണ് വിശ്വ സിക്കപ്പെടുന്നതെങ്കിലും ഋഷിമാർക്ക് ലഭിച്ച വെളിപാടുകൾ കൃത്യമായി നിർവചിക്കപ്പെട്ട ശാബ്ദിക വെളിപാടുക ളാണ് എന്നതിനെ സംബന്ധിച്ച് വ്യക്ത മായ രേഖകളൊന്നുമില്ല. ഋഷിമാരുടെ അന്തഃപ്രചോദനം യഥാർഥ വെളിപാടുക ളായി ഗണിക്കാമോ എന്ന പ്രശ്നം എപ്പോഴും വിവാദമായിത്തീരാറുണ്ട്. ഹിന്ദു സ്രോതസ്സുകളിൽ നിന്ന് നാം അറി യുന്ന കാര്യങ്ങൾ മുഴുവനും തന്നെ അവ രുടെ വിശ്വാസങ്ങളാണ്. മാത്രമല്ല പല പണ്ഡിതൻമാരും വിവിധ കാലഘട്ടങ്ങ ളാണ് ഋഷിമാരുടേതായി പറയുന്നുതെ ങ്കിലും അവരെല്ലാവരും ഏകോപിച്ചു പറ യുന്നത് മനുഷ്യരിൽ വെച്ച് ഏറ്റവും പ്രാചീനർ ഋഷിമാരാണ് എന്നതാണ്.

ഹിന്ദുമതത്തെക്കുറിച്ചുള്ള ഈ വിവ രണം എല്ലാ സാധ്യതകളും വെച്ചു നോക്കിയാൽ മനുഷ്യ ഭാവനയാണെന്ന് കാണാം. പ്രവാചകൻമാർ വന്നു പോയിക്കൊണ്ടിരുന്നാലും മനുഷ്യർ അവരുടെ ദൈവികാദ്ധ്യാപനങ്ങളിൽ പ്രക്ഷിപ്തങ്ങളും തെറ്റായ വ്യാഖ്യാന ങ്ങളും മിഥ്യാഭാഷ്യങ്ങളും കലർത്തുന്നു. ഹിന്ദു പ്രവാചകൻമാരെ തുടർന്നു വന്ന തലമുറകൾ അവരുടെ സന്ദേശങ്ങളെ വികലമാക്കിയതിൽ അദ്ഭുതപ്പെടാനില്ല. വേദങ്ങൾ മനുഷ്യകരങ്ങളാൽ കളങ്കിതമാ യിട്ടുണ്ടാകും എന്ന് നാം അഭിപ്രായപ്പെ ടുമ്പോൾ വേദാദ്ധ്യാപനങ്ങൾ മുഴുവനും മനുഷ്യകൃതമായി രൂപാന്തരണം ചെയ്യ പ്പെട്ടു എന്ന് ധരിക്കരുത്. ദൈവിക ഗ്രന്ഥ ങ്ങൾക്ക് ഇങ്ങനെ സംഭവിക്കാൻ ദൈവം ഒരിക്കലും അനുവദിക്കില്ല. അതിലെ ചില മൗലിക സത്യങ്ങൾ സ്വച്ഛമായും അസ്പർശ്യമായും നിലനിൽക്കുക തന്നെ ചെയ്യും.

ഈ അവികലമായ മൗലിക സത്യങ്ങ ളുടെ വെളിച്ചത്തിൽ ഓരോ മതത്തെയും ശ്രദ്ധയോടെ പഠിച്ച് നമുക്ക് എപ്പോഴും യാഥാർഥ്യം കണ്ടെത്താനാവും. ഹിന്ദുമ തത്തെ അതിന്റെ സ്രോതസ്സിൽ നിന്നുള്ള സാഹിത്യങ്ങളിൽ നിന്ന് സൂക്ഷ്മമായി പഠിക്കുമ്പോൾ അത് അടിസ്ഥാനപരമായി മറ്റു ദൈവിക വെളിപാടു മതങ്ങളിൽ നിന്നും വ്യത്യസ്തമല്ല എന്ന് മനസ്സിലാ വും.

വീക്ഷണകോൺ ചെറുതായൊന്നു മാറ്റിയാൽ നമ്മുടെ സംവേദനാനുഭവ ങ്ങൾ നാടകീയമായി മാറുന്നത് കാണാം. കൃഷ്ണൻ(അ) താൻ സ്വയം ദൈവമാ ണെന്ന് അവകാശപ്പെട്ടിരുന്നില്ല എന്നതി ലേക്ക് മഹാഭാരതത്തിൽ നിന്നും ഗീത യിൽ നിന്നും മതിയായ തെളിവുകൾ നമുക്ക് ലഭിക്കും. അദ്ദേഹം ഒരിക്കലും തന്നെ അനശ്വരത്വവും അവകാശപ്പെട്ടിരു ന്നില്ല. രേഖപ്പെട്ട മതചരിത്രത്തിൽ അദ്ദേ ഹത്തിന്റെ മുമ്പേയും പിമ്പേയും ആഗത രായ മറ്റു പ്രവാചകൻമാരിൽ നിന്നും വ്യത്യസ്തനല്ലാത്ത ദൈവത്തിന്റെ മറ്റൊരു പ്രവാചകനാണ് കൃഷ്ണൻ(അ) എന്ന കാര്യം എളുപ്പത്തിൽ വേർതിരിച്ച റിയാൻ സാധിക്കുന്നതാണ്. കൃഷ്ണന്റെ അറിയപ്പെട്ട ആധികാരിക ജീവചരിത്രം പ്രതിപാദിക്കുന്നത് പോലെ ക്രി.മു 1458 ലാണ് ഏതൊരു മനുഷ്യശിശുവിനെയും പോലെ വസുദേവരുടെയും ദേവകിയു ടെയും പുത്രനായി കൃഷ്ണനും ഭൂമി യിൽ ജനിച്ചത്. അവർ ആ കുഞ്ഞിന് കിനായി (Kinai or Kinhai) എന്ന് പേര് വിളിച്ചു. കൃഷ്ണ* എന്ന പേര് പിൽക്കാ ലത്ത് നൽകപ്പെട്ടതാണ്. '*ജ്ഞാനം നൽക പ്പെട്ടയാൾ*' എന്നാണ് അർഥം. അസാധാ രണമായ സ്വഭാവ വിശേഷത്തോടുകൂടിയ ഒരു സാധാരണ ബാലകനെപോലെയാണ് അദ്ദേഹം ജീവിച്ചത്. (ഇപ്രകാരമുള്ള അസാധാരണത്വം മിക്ക ദൈവിക പ്രവാ ചകൻമാരെ പറ്റിയും അവരുടെ അനുയാ യികൾ വിശ്വസിക്കുന്നു). അദ്ദേഹം മനു ഷ്യനെ പോലെയാണ് ജീവിച്ചത്, മനുഷ്യ നെപോലെയാണ് പ്രവർത്തിച്ചത്. പ്രകൃതിയുടെ വിളികെല്ലാം മനുഷ്യരെ പോലെ ഉത്തരം നൽകി. ശ്രീകൃഷ്ണന്റെ കുട്ടിക്കാലത്ത് ബാലകൻമാർ സാധാരണ ചെയ്യാറുള്ളത് പോലെ ബാലസഹജമായ ചില ലീലകളിലേർപ്പെട്ടു. ഹിന്ദു ഭാഷ്യകാ രന്മാരായ വിശകലന വിദഗ്ധർ അഭിപ്രാ യപ്പെടുന്നത് പോലെ ഒന്നോ രണ്ടോ കിലോ വരുന്ന വെണ്ണ കൃഷ്ണൻ മോഷ്ടിച്ചു. എന്ത് തന്നെയായാലും അദ്ദേഹം ചെയ്ത ആ കളവ് ഒരു കുറ്റമല്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഹൃദയാ ലുക്കളായ ബാലൻമാർ അവരുടെ വിവേ ചന ബോധമനുസരിച്ച് പാവപ്പെട്ട തങ്ങ ളുടെ കളികൂട്ടുകാർക്ക് വേണ്ടി ചെയ്യുന്ന ഇത്തരം കൃത്യങ്ങൾ ഒരു കുറ്റമായി പരിഗണിക്കപ്പെടാൻ സാധ്യമല്ല. സാഹച ര്യങ്ങൾക്കനുസരിച്ച് അത്തരം കുട്ടിക ളോട് നമുക്ക് വെറുപ്പ് ഉണ്ടാകുന്നതിനേ ക്കാൾ കൂടുതൽ സ്നേഹം ജനിക്കുന്നു. ഇതെല്ലാം തന്നെ മനുഷ്യസഹജമാണ്. അദ്ദേഹത്തിന്റെ ജനനവും ജീവിതശൈ ലിയും മറ്റു ദൈവിക പ്രവാചകൻമാരു ടേത്പോലെ തന്നെയാണ്.** അസാമാന്യ മായ നേതൃഗുണമുള്ള ശക്തനായ ഒരു യുവാവായി അദ്ദേഹം വളർന്നു. യുദ്ധക്ക ളത്തിൽ ഐതിഹാസികമായ വിജയ ങ്ങൾ അദ്ദേഹം നേടി. അദ്ദേഹത്തിന്റെ സാധാരണ ജീവിതത്തിൽ ഒരു ആത്മീയ പുരുഷന്റെ മഹോന്നത സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. ഇന്ത്യയിൽ പല പ്പോഴും ആവിർഭവിക്കാറുള്ളത്പോലെ ഒരു ആത്മീയ പരിഷ്ക്കർത്താവിന്റെ സ്ഥാനമായിരുന്നു അദ്ദേഹത്തിനുണ്ടായി രുന്നത്. സാത്വിക ജീവിതം നയിക്കാനും തിന്മയിൽ നിന്ന് അകന്ന് നിൽക്കാനും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. ദൈവനിരാസത്തെ പ്രചരിപ്പിക്കുകയും മതത്തെ നശിപ്പിക്കുകയും ചെയ്യുന്ന ദുഷ്ട മാനസരായ ആളുകളെ വിപാടനം ചെയ്യൽ അദ്ദേഹത്തിന്റെ പ്രധാന ജീവിത ദൗത്യമായിരുന്നു.

അദ്ദേഹത്തിന്റെ ശാരീരിക വർണനക ളിലും ചില പ്രത്യേകതകൾ നമുക്ക് കാണാം. ചില ഹിന്ദു കലാകാരൻമാർ രണ്ട് കൈകൾക്ക് പകരം നാല് കൈക ളോടു കൂടിയാണ് ഭഗവാൻ കൃഷ്ണനെ ചിത്രീകരിച്ചിരിക്കുന്നത്. ചിലപ്പോൾ വർണോജ്ജ്വലമായ ഉടയാടകളണിഞ്ഞ കന്യകമാരാൽ പരിവൃതനായി ചുണ്ടിൽ ഒരു മുരളികയുമായി നിൽക്കുന്നതായും ചിത്രീകരിച്ചതായി കാണാം. ചുറ്റും നിൽക്കുന്ന കന്യകമാർ ഗോപികമാരാണ്. പശുക്കളെ മേയ്ക്കുന്ന സ്ത്രീകളെയാണ് ഗോപിക എന്ന പദം കൊണ്ട് അർഥമാക്കു

ന്നത്. കാലികളെ മേയ്ക്കുന്നവർക്ക് ഉപയോഗിക്കുന്നത് പോലുള്ള ഒരു പദമാണത്. കൃഷ്ണന് 'ഗോപാലൻ' എന്ന പേരു കൂടിയുണ്ടെന്ന കാര്യം ഓർക്കുക. അതിന്റെ അർഥം പശുവിനെ പരിപാലിക്കുന്നവൻ എന്നാണ്. ബൈബിളിൽ ഇസ്രായേലി പ്രവാചകൻമാരെ പറ്റി ഇസ്രായേൽ ഗൃഹത്തിലെ ആട്ടിടയൻമാർ എന്ന പരാമർശം ഉള്ള കാര്യം കൂടി ഇവിടെ സ്മരിക്കുക. ഇത് രണ്ടും തമ്മിലുള്ള സാമ്യത വളരെ വ്യക്തമാണ്. ഇന്ത്യ ആട്ടിൻ പറ്റത്തെക്കാൾ കൂടുതലായി പശുക്കളെ വളർത്തുന്ന രാജ്യമായതിനാൽ ആടിനു പകരം പശു എന്ന പ്രയോഗം വന്നു. ഇവിടെ സാധാരണ ജനങ്ങളെയാണ് പശു എന്ന പേരിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ആയതിനാൽ കൃഷ്ണനെ പശുപരിപാലകനായി വർണിച്ചിരിക്കുന്നു എന്ന കാര്യം മനസ്സിലാക്കാവുന്നതാണ്. അതുപോലെ അദ്ദേഹത്തിന്റെ ശിഷ്യൻമാരെ ഗോപസ്ത്രീകളോട് ഉപമിച്ചതിലും യാതൊരു അസാംഗത്യവുമില്ല. കൃഷ്ണനു ചുറ്റും നെയ്തെടുത്ത മറ്റു കഥകൾ വസ്തുതാ കഥനം എന്നതിനേക്കാൾ ഉപമാ കഥകളായോ അലങ്കാരോക്തികളായോ വായിക്കണം. കൃഷ്ണന് നാല് കരങ്ങളും ചിറകുകളുമുണ്ടെന്ന സങ്കൽപം അലങ്കാരാർഥത്തിൽ വ്യാഖ്യാനിക്കേണ്ടതുണ്ട്. പ്രത്യേക ഗുണത്തോടു കൂടിയ ഉന്നത ശ്രേണിയിലുള്ള ദൈവദാസനാണ് അദ്ദേഹമെന്നാണ് അതിനർഥം. വിശുദ്ധ ഖുർആനും തിരുനബി(സ)യുമായി ബന്ധപ്പെടുത്തി ചിറകിനെ പറ്റി പറയുന്നുണ്ട്. വിശ്വാസികൾക്ക് നേരെ കാരുണ്യത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കാൻ ദൈവം പ്രവാചകനോട് ആജ്ഞാപിക്കുന്നുണ്ട്. അതുപോലെ മാലാഖമാരും വിവിധ എണ്ണം ചിറകുകൾ ഉള്ളവരായും വിവരിക്കപ്പെട്ടിട്ടുണ്ട്. അതെല്ലാം അവരുടെ ഗുണങ്ങളാണ്, അല്ലാതെ ഭൗതികാർഥത്തിലുള്ള ചിറകുകളല്ല.

പക്ഷേ, പലപ്പോഴും സംഭവിക്കുന്നത് മതാനുയായികൾ മതപരമായ അലങ്കാരോക്തികളും ഉപമകളും അക്ഷരാർഥത്തിലെടുക്കുകയും അതിലെ അന്തർധാരയായി വർത്തിക്കുന്ന തത്ത്വത്തിന്റെ പ്രാധാന്യം വിട്ടുകളയുകയും ചെയ്യുന്നു. ഭഗവാൻ കൃഷ്ണന്റെ പ്രതിഛായയും അദ്ദേഹത്തിനു ചുറ്റും കാണുന്നതും ആലങ്കാരിക അർഥത്തിൽ തന്നെ നാം മനസ്സിലാക്കണം.

കൃഷ്ണനെ 'മുരളീധര'നെന്നും വിളിക്കുന്നു. അതിനർഥം മുരളീവാദകനെന്നാണ്. ഇവിടെ മുരളിക എന്നത് വെളിപാടുകളുടെ പ്രതീകമാണ്. മുരളികയിൽ നിന്നും വരുന്ന സംഗീതം സ്വയം നിർഗളിക്കുന്നതല്ല. അതിൽ വായു പ്രവാഹം സൃഷ്ടിക്കുന്നതനുസരിച്ച് അത് ശബ്ദം പ്രേഷണം ചെയ്യുന്നു. ഇവിടെ ശ്രീകൃഷ്ണൻ തന്നെ ദൈവത്തിന്റെ മുരളികയായി വർണിക്കപ്പെട്ടിരിക്കുകയാണ്. ഏതൊരു രീതിയിലുള്ള ശ്രുതിയാണോ ദൈവം അതിൽ വാദനം ചെയ്യുന്നത്, അത് ഏറ്റവും വിശ്വസ്തതയോടെ ആ മുരളിക ലോകത്തോട് ഘോഷണം ചെയ്യുന്നു. ദൈവം വെളിപ്പെടുത്തുന്നതെന്താണോ അത് അവികലമായി ലോകത്ത് പ്രേഷണം ചെയ്യുന്ന ദിവ്യവെളിപാടുകളുടെ കാവൽക്കാരാണ് പ്രവാചകൻമാർ. ശ്രീകൃഷ്ണന്റെ യാഥാർഥ്യത്തിനും ഈ പ്രവാചക ദൗത്യത്തിൽ നിന്നും യാതൊരു വ്യത്യാസവും കാണുവാൻ സാധ്യമല്ല. അങ്ങനെ മുരളിക പ്രവാചകൻമാരുടെ വിശ്വസ്തതയെ ഏറ്റവും നന്നായി അഭിവ്യഞ്ജിപ്പിക്കുന്ന ഒരു പ്രതീകമായി മാറുന്നു. അതായത് ഉപരിലോകത്ത് നിന്നും വെളിപ്പെടുത്തുന്നതെന്താണോ അതല്ലാതെ സ്വന്തമായൊന്നും തന്നെ അവർ പറയുന്നില്ല.


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്വ്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

www.mta.tv

# അധീന സ്ത്രീകളും ഇസ്‌ലാമും

അധീനയാക്കപ്പെട്ട സ്ത്രീകളെ വിവാഹം കഴിച്ചു കൊണ്ട് മാത്രമേ അവരോട് ബന്ധപ്പെടാൻ ഇസ്‌ലാം അനുവദിക്കുന്നുള്ളൂ. അടിമത്തം തുടച്ചു നീക്കാനും സ്ത്രീ വിമോചനത്തിനും വേണ്ടി നൂറ്റാണ്ടുകൾക്ക് മുമ്പ് ഇസ്‌ലാം ആവിഷ്ക്കരിച്ച് പ്രാവർത്തികമാക്കി വിജയിച്ച പദ്ധതിയെ പറ്റി.

ഡോ. കൗലാ റഹ്മത്ത്

**ഇ**സ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പേ അധീന സ്ത്രീകളെ അഥവാ വെപ്പാട്ടികളെ വെക്കുക എന്ന സമ്പ്രദായം ലോകത്തുണ്ടായിരുന്നു. റോമൻ പേർഷ്യൻ സാമ്രാജ്യങ്ങളിൽ ഇസ്‌ലാമിക പൂർവ അറേബ്യയിലും ഈ സമ്പ്രദായം വ്യാപകമായുണ്ടായിരുന്നു. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പ്രകാരം കോൺക്യുബേജ് അഥവാ വെപ്പാട്ടിത്വം1 എന്നാൽ നിയമപരമയി വിവാഹത്തിന്റെ പൂർണമായ അംഗീകാരമില്ലാതെ സ്ത്രീയും പുരുഷനും ഒന്നിച്ചു താമസിക്കുന്ന അവസ്ഥ എന്നാണ്. റോമൻ നിയമത്തിൽ സ്ത്രീയും പുരുഷനും സ്ഥിരമായി വിവാഹ ബാഹ്യമായി ഒന്നിച്ചു താമസിക്കാവുന്നതാണ്. അവരിലുണ്ടാകുന്ന സന്താനങ്ങൾക്ക് വിവാഹബന്ധത്തിലുണ്ടാവുന്ന സന്താനങ്ങളെ പോലെയുള്ള നിയമപരമായ അവകാശങ്ങളുണ്ടാവില്ല.

പുരാതന റോമാ സാമ്രാജ്യത്തിൽ അധീനസ്ത്രീകളുടെ സ്ഥാനം അഥവാ വെപ്പാട്ടികളുടെ സ്ഥാനം അപകീർത്തികരമല്ലായിരുന്നു. അവരുടെ നാമം ചിലപ്പോൾ ശവകുടീരത്തിൽ വരെ എഴുതിവെക്കുമായിരുന്നു. ഇന്നത്തെ പാശ്ചാത്യ നിയമ പ്രകാരം വെപ്പാട്ടികളുടെ യാതൊരു വിധത്തിലുള്ള സ്ഥാനങ്ങളും പരസ്യപ്പെടുത്തുവാൻ പാടില്ല. ഇന്ന് ഏകഭാര്യ പദം മാത്രമേ നിയമം മുഖേന അംഗീകരിക്കുകയുള്ളൂ. മറ്റു യാതൊരു ബന്ധങ്ങൾക്കും നിയമപരമായ സാധുതയില്ല. അവരുടെ ഈ ചരിത്രപരമായ കാഴ്ചപ്പാടാണ് പശ്ചാത്യർ ഇസ്‌ലാമിനെ തെറ്റിദ്ധരിക്കാൻ കാരണമായത്. വെപ്പാട്ടിത്വം (Concubinage) എന്നത് ഒരു യഹൂദ ക്രൈസ്തവ സാങ്കേതിക പദമാണ്. ഖുർആന്റെ പ്രയോഗം 'വലം കൈക്കുടമയാക്കിയവർ' എന്നാണ്. അടിമ സ്ത്രീകളെയും ബന്ധനസ്ഥരായ അധീന സ്ത്രീകളെയും വിശേഷിപ്പിക്കാനാണ് ഈ പദം ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. ഈ സ്ത്രീക ളെല്ലാം തന്നെ മുസ്‌ലിംകളുടെ അധീനതയിലുള്ള സ്ത്രീകളായിരിക്കുന്നതിനാലാണ് അവരെ അങ്ങനെ വിശേഷിപ്പിക്കുന്നത്. അവരോട് മോശമായി പെരുമാറാൻ സാദ്ധ്യമല്ല 2. എല്ലാവർക്കും അറിയുന്നത്പോലെ ഇസ്‌ലാമിൽ വലത് കൈക്ക് ഉടമയാക്കപ്പെട്ടവർക്ക് ചില അധികാരങ്ങളും അവകാശങ്ങളുമുണ്ട്.

വിവാഹത്തിന് പുറത്ത് ഇസ്‌ലാമിൽ ദാമ്പത്യ ബന്ധം പുലർത്താം എന്ന അവകാശവാദത്തിൽ യാതൊരു സത്യവുമില്ല 3. വിവാഹത്തിന്റെ ലക്ഷ്യമായി ഖുർആൻ പറയുന്നത് ധാർമികവും കായികവുമായ രോഗങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന് വേണ്ടിയാണെന്നാണ്. അത്കൊണ്ട് വിവാഹബന്ധത്തിന് പുറത്ത് അവരുടെ വികാര ശമനത്തിന് അനുവാദമില്ല. സൂറ നിസ്സായിൽ വിവാഹ ബന്ധം നിരോധിക്കപ്പെട്ട രക്ത ബന്ധങ്ങളെ പറ്റി പറയുന്നു: '***നിങ്ങളുടെ മാതാക്കളും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരികളും നിങ്ങളുടെ മാതൃ സഹോദരികളും നിങ്ങളുടെ പിതൃസഹോദരികളും..... നിങ്ങൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു.***'*(4:24)*4 തൊട്ടടുത്ത വചനത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നു. ***'അന്യരുടെ വിവാഹ ബന്ധത്തിലിരിക്കുന്ന സ്ത്രീകളും നിങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ത്രീകളൊഴികെ***'(4:25)5

ഈ രണ്ട് വചനവുമായി ബന്ധപ്പെടുത്തി തന്നെ വെപ്പാട്ടികളുടെ അഥവാ അധീന സ്ത്രീകളുടെ (വലം കൈക്ക് ഉടമയാക്കപ്പെട്ടവർ) വിഷയത്തിലുള്ള ഇസ്‌ലാമികാദ്ധ്യാപനമെന്താണെന്ന് ആർക്കും ഗ്രഹിക്കാവുന്നതാണ്. അധീന സ്ത്രീകൾക്ക് യുദ്ധത്തടവുകാരായിരിക്കുമ്പോൾ ചില അവകാശ ങ്ങൾനഷ്ടപ്പെടുന്നു. അത്തരം ബന്ധനസ്ഥരായ സ്ത്രീകളുടെ വിവാഹത്തിന്റെ പാശ്ചാത്തലത്തിലാണ് ഖുർആൻ ഈ വചനം ഇവിടെ പ്രതിപാദിക്കുന്നത്. റോമൻ യഹൂദ പാരമ്പര്യത്തിലുള്ളത് പോലെ വിവാഹ ബാഹ്യമായി ഒരു വിധത്തിലുള്ള ലൈംഗിക ബന്ധവും ഇസ്‌ലാം അനുവദിക്കുന്നില്ല എന്ന് തൊട്ടടുത്ത വചനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. '***വിശ്വാസിനികളായ സ്വതന്ത്ര സ്ത്രീകളെ വിവാഹം കഴിക്കുന്നതിന് നിങ്ങളിൽ ആർക്കെങ്കിലും സാമ്പത്തികമായി കഴിവില്ലെങ്കിൽ നിങ്ങളുടെ ഉടമസ്ഥതയിലുള്ള സത്യവിശ്വാസികളായ അടിമ യുവതികളിൽ (സ്ത്രീകളെ) അവൻ വിവാഹം ചെയ്തു കൊള്ളട്ടെ... അതുകൊണ്ട് അവരുടെ രക്ഷാധികാരിയുടെ അനുമതിയോടെ നിങ്ങൾ അവരെ വിവാഹം ചെയ്തു കൊള്ളുക. അവർക്ക് ന്യായമായ വിധം അവരുടെ വിവാഹ മൂല്യം നൽകുകയും ചെയ്യുക (എന്നാൽ) അവർ ചാരി ത്രവതികളായിരിക്കണം. വ്യഭിചാരിണികളോ രഹസ്യമായി ജാരസുഹൃത്തുക്കളെ***

*വെച്ചുകൊണ്ടിരിക്കുന്നവരോ ആവരുത്.' (5:26)6*

യുദ്ധതടവുകാരായ അധീന സ്ത്രീകൾ തങ്ങളുടെ സ്വാതന്ത്ര്യം പരസ്പരം കരാറുകളിലൂടെ നേടിയെടുത്തിട്ടില്ലെങ്കിൽ അവരുടെ മുൻ വിവാഹ ബന്ധങ്ങൾ ദുർബലപ്പെടുന്നതാണ്. പക്ഷേ മുസ്‌ലിം സമുദായത്തിൽ മറ്റേതൊരു സ്ത്രീയേയും പോലെ അവളുമായി വിവാഹ ബന്ധത്തിലേർപ്പെടാതെ അവളുമായി ലൈംഗിക വേഴ്ച്ച പുലർത്തുവാൻ ഇസ്‌ലാമിൽ അനുവാദമില്ല. ചാരിത്ര്യത്തെ സംബന്ധിച്ച ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ മുസ്‌ലിംകളെ ആഗാധമായി സ്വാധീനിച്ചിരുന്നു. അതായത് റസൂൽ തിരുമേനി (സ) യുടെ അനുചരന്മാരിൽ ചിലർ ബ്രഹ്മചര്യം ആചരിക്കാൻ റസൂൽ തിരുമേനി (സ) യോട് അനുവാദം ചോദിച്ചു. റസൂൽ തിരുമേനി(സ) മുസ്‌ലിംകളോട് മധ്യമനിലയിൽ കഴിയാനാണ് കൽപ്പിച്ചത്. റസൂൽ തിരുമേനി(സ)യും അനുചരന്മാരും വികാര ശമനത്തിനായി അധീന സ്ത്രീകളെ ആശ്രയിച്ചിരുന്നു എന്ന ആരോപണം തികച്ചും കളവും ഇസ്‌ലാമിന് അന്യവും ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾക്കും ചൈതന്യത്തിനും കടകവിരുദ്ധവുമാണ്. ഇസ്‌ലാമികാദ്ധ്യാപനങ്ങളെപറ്റിയാതൊരറിവുമില്ലാത്തവരാണ് ദുഷ്ടലാക്കോടെ ഇത്തരം ആരോപണങ്ങളുന്നയിക്കുന്നത്.

റസൂൽ തിരുമേനി(സ)യുടെ കാലത്ത് ശത്രു രാജ്യങ്ങൾ ഇസ്‌ലാമിനെതിരെ മതയുദ്ധങ്ങൾ നടത്തിക്കൊണ്ട് ഇസ്‌ലാമിനെ നശിപ്പിക്കാനും ഇസ്‌ലാം മതം ഉപേക്ഷിക്കാനും അവരെ നിർബന്ധിക്കുകയും ചെയ്തുകൊണ്ടിരുന്നു. മുസ്‌ലിം സ്ത്രീ പുരുഷന്മാരെ അടിമകളാക്കുകയും അതിക്രൂരമായി അവരോട് പെരുമാറുകയും ചെയ്തിരുന്നു. പ്രത്യേകിച്ച് സാത്വികരോട്. മുസ്‌ലിം സ്ത്രീകളോട് അടിമ സ്ത്രീകളെ പോലെയും വെപ്പാട്ടികളെ പോലെയും ശത്രുക്കൾ പെരുമാറി. ശത്രുക്കളെ യുദ്ധ തടവുകാരായി പിടിച്ചു വെക്കുക എന്നത് അവരുടെ ആക്രമണത്തെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ ഇസ്‌ലാം സ്വീകരിച്ച ഒരു നടപടിയായിരുന്നു. സ്ത്രീകൾ അക്കാലത്ത് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ചില അവസരങ്ങളിൽ യഥാർഥ പോരാട്ടത്തിലും അവർ പങ്കെടുത്തു. ആയതിനാൽ യുദ്ധത്തടവുകാരായി സ്ത്രീകൾ ഉൾപ്പെടുക സ്വാഭാവികമായിരുന്നു. അക്കാലത്ത് എല്ലാജനതയും രാജ്യങ്ങളും സ്ത്രീകളെ ക്രിമിനൽ കുറ്റത്തിന് ബന്ധനസ്ഥനാക്കുക എന്നത് സാധാരണയായിരുന്നു. അങ്ങനെ വരുമ്പോൾ പടയാളികളായ സ്ത്രീകളെ മാത്രം തടവുകാരാക്കി പിടിക്കാതിരിക്കാൻ ന്യായമില്ലല്ലോ?

ഏഴാം നൂറ്റാണ്ടിൽ രാജ്യത്തിനും സ്വന്തമായി സ്റ്റേറ്റ് ജയിലില്ല. അത് കൊണ്ട് യുദ്ധതടവുകാർ മുസ്‌ലിംകളുടെ വീടുകളിൽ തന്നെ വിന്യസിച്ചുകൊണ്ടാണ് പാർപ്പിച്ചിരുന്നത്. തടവുകാർക്ക് ഭക്ഷണവും വസ്ത്രവും നൽകാൻ മുസ്‌ലിംകൾ ബാദ്ധ്യസ്ഥരാണ്. റസൂൽ തിരുമേനി(സ)യുടെ കൽപ്പന തടവുകാരുടെ കാര്യത്തിൽ ഏറ്റവും നല്ല ശ്രദ്ധ വേണ മെന്നും മനുഷ്യത്വ പരമായി പെരുമാറണമെന്നുമാണ്. തടവുകാർക്ക് സ്വാതന്ത്ര്യം നേടാനുള്ള നിരവധി അവസരങ്ങൾ നൽകിയിരുന്നു.റസൂൽ തിരുമേനി (സ) തടവുകാരുടെ ഈ അവകാശം ഏറ്റവും നന്നായി പരിരക്ഷിച്ചിരുന്നു. ഏതെങ്കിലും ഒരു മുസ്‌ലിം എന്തെങ്കിലും ഒരു പാപം ചെയ്തു പോയെങ്കിൽ അതിന് പ്രായശ്ചിത്തമായി ഒരു അടിമ സ്ത്രീയേയോ പുരുഷനേയോ മോചിപ്പിക്കേണ്ടതുണ്ടായിരുന്നു.

ഈ അടിത്തറയിൽ നിന്നു കൊണ്ടാണ് ഇസ്‌ലാം ക്രമാനുഗതമായി സമ്പൂർണമായും അടിമത്തം ഇല്ലാതാക്കിയത്. അടിമത്തം ഇല്ലാതാക്കാൻ വിശുദ്ധ ഖുർആൻ താഴെ പറയുന്ന തത്ത്വങ്ങൾ മുന്നോട്ടുവെക്കുന്നു

1 യുദ്ധ വേളയിൽ മാത്രമേ യുദ്ധതടവുകാരായി ആളുകളെ പിടിക്കാൻ പാടുള്ളൂ.7

2. യുദ്ധം കഴിഞ്ഞാൽ തടവുകാരെ പിടിച്ചു വെക്കരുത്.8

3 മാപ്പ് നൽകുകയോ തടവുകാരെ പരസ്പരം കൈമാറ്റം ചെയ്തോ മോചനദ്രവ്യം വാങ്ങിയോ വിട്ടയക്കാം.9

4 അടിമത്തത്തിൽ നിന്നും മോചനം ലഭിക്കുവാൻ അവർ തങ്ങളുടെ യജമാനനുമായി ഒരു സിവിൽ കരാറിൽ ഏർപ്പെടാവുന്നതാണ്. അത് യജമാനൻ ഇഷ്ടപെട്ടാലും ഇല്ലെങ്കിലും ശരി. ഇതിന് 'മുകാത്തബാത്ത്' (ദാസ്യവിമുക്തി- Manumission) എന്നാണ് പറയുക. ഈ കരാറിന് ശേഷം അടിമക്ക് അഥവാ തടവുകാരന് സമ്പാദിച്ച് മോചനദ്രവ്യം നൽകാനും സ്വാതന്ത്ര്യം നേടാനും അവസരം ലഭിക്കുന്നു.10

സ്ത്രീകളായ തടവുകാർക്ക് മേൽ പറഞ്ഞ ഉപാധികളിലൂടെ സ്വാതന്ത്ര്യം നേടാൻ ഒരു പരിധിവരെ കഴിയാതെ വരുന്നു. അവർ വിവാഹിതരായി മുസ്‌ലിം വീടുകളിൽ തന്നെ കഴിയേണ്ടി വരുന്നു. ഇത്തരം വിവാഹങ്ങളെ പറ്റിയാണ് ഖുർആൻ ഊന്നി പറയുന്നത്. വിവാഹം കഴിയുന്നതോടെ തടവുകാരിയായ സ്ത്രീകളും കുട്ടികളും സ്വതന്ത്രരാവുന്നു.11 വ്യഭിചാരത്തിനും വെപ്പാട്ടിയായി നിൽക്കാനുമുള്ള ദൗർഭാഗ്യത്തിൽ നിന്ന് അവർ രക്ഷപ്പെടുകയും ചെയ്യും12

റസൂൽ തിരുമേനി (സ) അടിമകളായ സ്ത്രീകൾക്കും തടവുകാർക്കും നല്ല വിദ്യാഭ്യാസം നൽകി നല്ല നിലയിൽ വളർത്തിക്കൊണ്ട് വരണമെന്ന് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. റസൂൽ തിരുമേനി (സ) പറഞ്ഞ ഒരു ഹദീസ് ഇപ്രകാരമാണ്. '***ഒരാൾക്ക് ഒരു അടിമസ്ത്രീ ഉണ്ടാവുകയും അവൾക്ക് നല്ല വിദ്യാഭ്യാസം നൽകുകയും നല്ല നിലയിൽ വളർത്തുകയും അവളെ മോചിപ്പിച്ച് വിവാഹം കഴിക്കുകയും ചെയ്താൽ അയാൾക്ക് രണ്ട് പ്രതിഫലമുണ്ട്' 13*** ഇത് സൂചിപ്പിക്കുന്നത് ഒരു മുസ്‌ലിം, അടിമ സ്ത്രീയെ വിവാഹം കഴിക്കണമെന്നുണ്ടെങ്കിൽ അവളെ ആദ്യം സ്വതന്ത്രയാക്കണം പിന്നീടേ അവളെ വിവാഹം കഴിക്കാൻ സാധിക്കൂ.

റസൂൽ തിരുമേനി(സ) യുടെ ജീവിതം തന്നെ ഇതിനൊരു മാതൃകയാണ്.അവിടുത്തെ രണ്ട് ഭാര്യമാർ തന്റെ യുദ്ധതടവുകാരായ സ്ത്രീകളായിരുന്നു. അവരെ റസൂൽ തിരുമേനി(സ)സ്വതന്ത്രയാക്കുകയും ഇസ്‌ലാമിക നിയമമനുസരിച്ച് അവരെ വിവാഹം ചെയ്യുകയും ചെയ്തു. മാരിയ്യത്തുൽ ഖിബ്തിയ്യ റസൂൽ തിരുമേനി(സ)ക്ക് ഈജിപ്തിലെ രാജാവ് അയച്ചു കൊടുത്ത മറ്റൊരു അടിമ സ്ത്രീയായിരുന്നു. അവർക്ക് അവിടുന്ന് ആദ്യം സ്വാതന്ത്ര്യം നൽകി അനന്തരം വിവാഹം കഴിക്കുകയും ചെയ്തു. മാരിയയെ വിശ്വാസികളുടെ മാതാക്കളിലൊരാളായാണ് മുസ് ലിം ലോകം ആദരിക്കുന്നത്.

തടവുകാരുടെയും അടിമകളുടെയും അടിമത്തത്തിന്റെയും വിവാഹത്തിന്റെയും അദ്ധ്യാപനങ്ങൾ ഈ കാലത്ത് പ്രയോഗ സാധുതയില്ല.14

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) തന്റെ ഇസ്‌ലാമും അടിമത്തവും എന്ന പുസ്തകത്തിൽ ഈ വിഷയം ഇപ്രകാരം വിവരിക്കുന്നു.

ഈ വിഷയം നാം ശ്രദ്ധയോടുകൂടി പഠിക്കുന്നതായാൽ ഇസ്‌ലാമിൽ ഇതിന്റെ പശ്ചാത്തലവും ഇത്

# യുദ്ധവും അടിമത്തവും

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് മാനവസമതയെ സംബന്ധിച്ച് ഇസ്‌ലാം മുന്നോട്ട്‌വെച്ച നിസ്തുല സങ്കൽപ്പങ്ങളാണ് അടിമത്ത്വം ചരിത്രത്തിൽ നിന്ന് തുടച്ചു നീക്കാൻ കാരണമായത്.

സർ സഫറുല്ലാഹ് ഖാൻ

അടിമ വ്യവസ്ഥയുടെ നേരേയുള്ള ചരിത്രപരമായ സമീപനങ്ങളെ വിവരിക്കാൻ ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിച്ചിട്ടില്ല. എന്നാൽ അടിമ വ്യവസ്ഥയോടുള്ള ഇസ്‌ലാമിന്റെ നിലപാട് എന്തെന്ന് ശരിക്കും ഗ്രഹിക്കുന്നതിന് ഇസ്‌ലാമിന് മുമ്പ് പ്രാചീന അറേബ്യയിൽ ഈ സമ്പ്രദായം സർവത്ര നടമാടിയിരുന്നപ്പോൾ ഉണ്ടായിരുന്ന അവസ്ഥകളിലേക്കും അതിന്റെ പ്രത്യാഘാതങ്ങളിലേക്കും ഒന്ന് കണ്ണോടിക്കുകയും അതോടൊപ്പം ഈ സമ്പ്രദായത്തെ ഉന്മൂലനം ചെയ്യുന്നതിനും മാറ്റുന്നതിനും പരിഷ്ക്കരിക്കുന്നതിനും ഇസ്‌ലാം എത്രത്തോളം ശ്രമിച്ചിട്ടുണ്ടെന്ന് പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമത്രേ.

ഇസ്‌ലാമിന് മുമ്പ് അറേബ്യയിൽ അടിമ സമ്പ്രദായം അനിയന്ത്രിതമായ തരത്തിൽ പ്രചരിച്ചിട്ടുണ്ടായിരുന്നു. അടിമയുടെ ജീവിതമാകട്ടെ അങ്ങേയറ്റം ദുരിതപൂർണമായിരുന്നു. ഒരടിമ ജീവിക്കണമോ മരിക്കണമോ എന്ന് തീരുമാനിക്കേണ്ട അവകാശം ഉടമക്കായിരുന്നു. സ്ഥിതി ഇപ്രകാരം തന്നെയാണെങ്കിലും എന്ന യാഥർഥ്യം ഈ യാതന കൾക്ക് പാത്രീഭവിച്ചു വന്നവരുടെ അവകാശങ്ങൾ തെല്ലെങ്കിലും സഹനീയമാക്കി തീർത്തിരുന്നുമില്ല.

യുദ്ധത്തിലോ ഗോത്ര സംഘട്ടനത്തിലോ പിടിക്കപ്പെടുന്നവരെയാണ് അടിമകളെന്നോണം അധീനതയിൽ വെച്ച് പോന്നിരുന്നത്. യുദ്ധ തടവുകാരുടെയും സ്ഥിതി മറിച്ചല്ല. കൈമാറ്റം ചെയ്യപ്പെടുകയോ മോചന മൂല്യത്തിന്മേൽ സ്വതന്ത്രരാക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തവർ പൊതുവേ വധിക്കപ്പെട്ടിരുന്നുവെങ്കിലും വധത്തിൽ നിന്ന് രക്ഷപ്പെട്ടവർ അടിമകളാക്കപ്പെടുകയാണ് ചെയ്തിരുന്നത്.

അടിമകളെ പിടിച്ചെടുക്കുന്നതിന് വേണ്ടി അഴിച്ചുവിടുന്ന ആക്രമണങ്ങളെ ഇസ്‌ലാം പാടെ നിരോധിക്കുകയും അക്രമണപരമായ യുദ്ധങ്ങളെ തന്നെ നിയമവിരുദ്ധമാക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധപരമായ യുദ്ധങ്ങളിൽ പിടിക്കപ്പെടാൻ തടവുകാരെ കാര്യം അംഗീകരിക്കേണ്ടിവന്നതിനാൽ അവരുടെ നില മെച്ചപ്പെടുത്തുന്നതിന് പല വ്യവസ്ഥകളും അത് നിശ്ചയിച്ചിരിക്കുന്നു. അതുവഴി അത്തരം തടവുകാരോട് മനുഷ്യ സ്നേഹപരമായും ഉദാരമായും പെരുമാറുവാൻ അത് നിഷ്ക്കർശിക്കുകയും ചില മൂല്യങ്ങളും മാനദണ്ഡങ്ങളും മുമ്പോട്ട് വെക്കുകയും ചെയ്തിരിക്കുന്നു. അവ പൂർണമായും അനുവർത്തിക്കുന്ന കാര്യത്തിൽ ഉറച്ചു നിന്നിരുന്നുവെങ്കിൽ താരതമ്യേന വളരെ ചുരുങ്ങിയ കാലയളവിൽ തന്നെ അടിമ വ്യവസ്ഥ വിപാടനം ചെയ്യാൻ സാധിച്ചിട്ടുണ്ടാകുമായിരുന്നു.

അടിമ വ്യാപാരത്തോട് നബിതിരുമേനി(സ)യുടെ മനോഭാവം എന്തായിരുന്നുവെന്നത് വളരെ പ്രസിദ്ധമാണ്. ഒരു വലിയ ധനാഢ്യയായിരുന്ന ഖദീജ (റ) തിരുനബി(സ)യുമായുള്ള വിവാഹ ബന്ധത്തിന് ശേഷം തിരുമേനി(സ)ക്ക് സ്വന്തമായൊന്നും അവകാശപ്പെടാനില്ലായിരുന്നപ്പോൾ തന്നെ (ദൈവനിയോഗ വാദത്തിന് 5 കൊല്ലം മുമ്പാണിത്) തന്റെ സകല സ്വത്തുക്കളും തിരു നബി(സ)യുടെ പദാരവിന്ദങ്ങളിൽ സമർപ്പിക്കുകയുണ്ടായി. അവരുടെ സ്വത്തിൽ വലിയ ഒരു ഭാഗം നബി (സ) പാവങ്ങൾക്ക് വിതരണം ചെയ്യുകയും അവരുടെ എല്ലാ അടിമകളെയും സ്വതന്ത്രരാക്കുകയുമാണുണ്ടായത്. അടിമകളിൽ സൈദ് എന്ന ചെറുപ്പക്കാരൻ തിരുമേനി(സ)യോടൊപ്പം കഴിഞ്ഞു കൂടാനും തിരുമേനിക്ക് സേവനങ്ങളർപ്പിക്കാനും സ്വമേധയാ തീരുമാനിച്ചു. കുറച്ച് കാലത്തിന് ശേഷം സൈദിന്റെ പിതാവും പിതൃവ്യനും മോചനമൂല്യം നൽകി സൈദിനെ വീണ്ടെടുക്കാൻ വേണ്ടി മക്കത്തെത്തിച്ചേർന്നു. സൈദ് പരിപൂർണനായും സ്വതന്ത്രനാണെന്നും ഇഷ്ടമാണെങ്കിൽ സൈദിനെ കൂട്ടിക്കൊണ്ട് പോകാമെന്നും തിരുമേനി (സ) വ്യക്തമാക്കുകയുണ്ടായെങ്കിലും സൈദ് സ്വപിതാവിന്റെയും പിതൃവ്യന്റെയും കൂടെ പോകാൻ വിസ്സമ്മതിക്കുകയും, ഉറ്റ ബന്ധുക്കളോടൊപ്പം സ്വന്തം ഗൃഹത്തിൽ കഴിഞ്ഞു കൂടുന്നതിലുപരിയായ സന്തോഷം തനിക്ക്

സംബന്ധിച്ച നിയമം അവികലവും സാർവ ദേശീയവുമാണെന്ന് കാണാം. സാഹചര്യങ്ങളുടെ മാറ്റം ഉൾക്കൊള്ളാൻ ഇസ്‌ലാമിക നിയമത്തിന് സാധിക്കും എന്നത് പരിഗണിക്കേണ്ടതുണ്ട്.. എന്നാൽ ഇസ്‌ലാമിക നിയമസംഹിതയുടെ അടിസ്ഥാനത്തിൽ കെട്ടിപടുത്ത ചില നിയമങ്ങൾ വളരെ ഇടുങ്ങിയ തരത്തിലുള്ളതും മാറ്റത്തിരുത്തലുകൾ അനുവദിക്കാത്തതുമാണ്. മറ്റു ചില ആജ്ഞകൾ മാറുന്ന പരിതസ്ഥിതികൾ ക്കനുസരിച്ച് മാറുന്ന രീതിയിലുള്ളതുമാണ്. 15,16

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ (റ) തന്റെ വാദമുഖങ്ങൾ വിശുദ്ധ ഖുർആനിലെ ഒരു വചനം കൊണ്ട് ഇപ്രകാരം ഉപസംഹരിക്കുന്നു

അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്. അതിൽ ചിലത് ഖണ്ഡിതവചനങ്ങളാണ്. അവ ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു മറ്റു ചിലത് സദൃശ വചനങ്ങളുമാണ്. എന്നാൽ ഹൃദയങ്ങളിൽ വക്രതയുള്ളവർ കുഴപ്പങ്ങളുണ്ടാക്കാൻ ആഗ്രഹിച്ചും അതിനെ ദുർവ്യാഖ്യാനം ചെയ്യാനും ഉദ്ദേശിച്ചുകൊണ്ട് അതിൽ നിന്ന് സദൃശമായതിനെ പിന്തുടരുന്നു. വാസ്തവത്തിൽ അല്ലാഹുവും, അറിവിൽ പരിപൂർണ വൈഭവം സിദ്ധിച്ചവരുമല്ലാതെ അതിന്റെ വ്യാഖ്യാനം അറിയുന്നില്ല.. ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ നാഥനിൽ നിന്നുള്ളതാണ് എന്ന് അവർ പറയുന്നു. ബുദ്ധിമാന്മാരല്ലാതെ ആരും ഉപദേശം സ്വീകരിക്കുന്നില്ല.(3:8)17

തിരുമേനി(സ)യുടെ സന്നിധിയിൽ അനുഭവപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുകയുമാണുണ്ടായത്. പിന്നീട് തിരുമേനി (സ) തന്റെ പിതൃവ്യ പുത്രിയായിരുന്ന സൈനബ് ബിൻത് ജഹശിനെ സൈദിന് വിവാഹം ചെയ്ത് കൊടുത്തു. ആ ബന്ധം ഏറെക്കഴിയുന്നതിന് മുമ്പ് തന്നെ വിവാഹ മോചനത്തിൽ കലാശിക്കുകയാണുണ്ടായതെങ്കിലും സൈദ് പിന്നെയും തിരുമേനി(സ)യുടെ ഭക്തശിഷ്യനായി തുടരുകയും ചെയ്തു. സൈദിന്റെ മരണ ശേഷം അദ്ദേഹത്തിന്റെ പുത്രൻ ഉസാമയോടും നബി തിരുമേനി (സ) അതിരറ്റ വാത്സല്യമാണ് പുലർത്തിയത്. രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് ഉമറി(റ)ന്റെ കാലത്ത്, അദ്ദേഹത്തിന്റെ മകൻ അബ്ദുല്ല, തന്റെ പിതാവായ ഖലീഫയോട് ഒരിക്കൽ ചോദിക്കുകയുണ്ടായി, തന്റെ പിതാവ് ഇസ്ലാമിന് വേണ്ടി ഉസാമയെക്കാൾ എത്രയോ അധികം പ്രശസ്തമായ സേവനങ്ങളനുഷ്ഠിച്ചിട്ടും തന്നെക്കാളധികം ഒരു പ്രത്യേക കാര്യത്തിന്ന് വേണ്ടി ഉസാമക്ക് സ്ഥാനം നൽകിയതെന്തേ എന്ന്, ഉമർ (റ) അതിനുത്തരം നൽകിയത് ഇപ്രകാരമായിരുന്നു: 'ഉസാമായും ഉസാമായുടെ പിതാവും നബി തിരുമേനി(സ)ക്ക് നിന്നേക്കാളും നിന്റെ പിതാവിനേക്കാളും പ്രിയപ്പെട്ടവരായിരുന്നത് തന്നെയാണ് മകനെ അതിന് കാരണം'

ജീവിതത്തിലൊരിക്കലും നബി(സ) ഒരു അടിമയെ വെച്ചു പുലർത്തിയിരുന്നില്ല. അടിമ വ്യവസ്ഥിതിയും അതിനെ താങ്ങിനിർത്തുന്ന എല്ലാം തന്നെ നബി (സ) യെ സംബന്ധിച്ചിടത്തോളം അറപ്പുളവാക്കുന്ന തിന്മകളായിരുന്നു.

അക്കാലത്തെ ജീവിത നിലവാരം (ക്രിസ്തു വർഷം 7-ാം നൂറ്റാണ്ടിന്റെ തുടക്കം) ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുടെ മേലുള്ള നിയന്ത്രണാധികാരങ്ങളെ പാടെ തുടച്ചു നീക്കാൻ അനുവദിച്ചിരുന്നില്ലെന്നതാണ് പരമാർഥം. എങ്കിലും ഈ നിയന്ത്രണത്തിന്റെ കാഠിന്യവും അത്തരം യാദൃച്ഛിക സംഭവങ്ങളുടെ ആവർത്തനവും പരിമിതപ്പെടുത്താനും ഏറെക്കുറെ സഹനീയമാക്കി ചെയ്യാനും സഹായകമായ വിധത്തിൽ ഇസ്ലാം ആ നിയന്ത്രണങ്ങളെ ചില ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമാക്കി തീർക്കുകയുമുണ്ടായി. അത് എല്ലായിടത്തും ഒരുപോലെ ഗുണകരമായ ഫലങ്ങൾ ഉണ്ടാക്കിയിരുന്നില്ലെന്നിരിക്കിലും ഇസ്ലാമിലെ ഇത്തരം നിയന്ത്രണങ്ങളെല്ലാം തന്നെ യുദ്ധത്തിൽ നിന്നാണ് രൂപം കൊണ്ടിരുന്നതെന്ന് ഉറപ്പിച്ച് പറയാവുന്നതാണ്.

മക്കാ പ്രവാസകാലത്ത് (610-622) ഖുറൈശികളുടെ അവഹേളനങ്ങൾക്കും ഭൽസനങ്ങൾക്കും പാത്രീഭൂതനാവുകയും പിന്നീട് അവരുടെ ക്രൂരവും നിരന്തരവുമായ ദ്രോഹങ്ങൾക്ക് ഇരയായിത്തീരുകയും ചെയ്തപ്പോൾ തിരുനബി (സ)യും സഖാക്കളും അതിനെ മാന്യമായ രീതിയിലും സ്ഥിരചിത്തമായും ചെറുത്തുപോന്നു. എത്ര കടുത്ത പ്രകോപനങ്ങളുണ്ടായിട്ടും സമാധാന വാഞ്ചയും നിയമവാഴ്ച്ചയോട് ബഹു മാനവുമുള്ള ഉത്തമ പുരുഷനെന്ന നിലയിൽ അവർ പ്രമുഖ ഖുറൈശി തലവന്മാരുടെ കുടുംബ തലവന്മാരുടേതായ അന്നത്തെ ഭരണ സംവിധാനത്തിന് കീഴിൽ മാന്യമായ നിലയിൽ ഒരുതുങ്ങിക്കഴിയുകയാണ് ചെയ്തിരുന്നത്.

തിരുനബി (സ) മക്കയിൽ നിന്ന് പുറത്ത് പോകാൻ നിർബന്ധിതനാവുകയും മദീനയിലേക്ക് പുറപ്പെടു കയും ചെയ്തപ്പോൾ (തന്റെ മിക്കവാറും എല്ലാ അനുയായികളും അപ്പോഴേക്കും മദീനയിൽ എത്തിയിരുന്നു) അവിടെ മുസ്ലിംകൾ മാത്രമല്ല (മക്കയിൽ നിന്നും എത്തിയവരും മദീനാ നിവാസികളുമായ മുസ്ലിംകൾ) അമുസ്ലിംകളായ അറബികളും യഹൂദന്മാർ പോലും അദ്ദേഹത്തിന്റെ വരവിനെ കൊണ്ടാടുകയാണ് ചെയ്തിരുന്നത്. അവർ ഉടൻ തന്നെ തിരുമേനി (സ) യെ മദീനയിലെ തലവനായി അഭിഷേകം ചെയ്യാൻ സന്നദ്ധരായി. നഗരത്തിന്റെ കാര്യാദികൾ നടത്തുന്നതിനുള്ള നിയമാവലികളും ചട്ടങ്ങളും ഉൾക്കൊള്ളുന്ന ഒരു തിട്ടൂരം തയ്യാറാക്കപ്പെടുകയും ചെയ്തു.

എന്നാൽ തിരുമേനി(സ)യേയും ശിഷ്യരായ മുസ്ലിംകളേയും മദീനയിലും സമാധാനത്തോടെ ജീവിക്കാൻ അവിശ്വാസികൾ അനുവദിച്ചില്ല. തിരുനബി(സ) യെ മക്കയിലേക്ക് തിരിച്ചയക്കണമെന്ന് ആദ്യം മക്കക്കാർ ആവശ്യപ്പെട്ടു. ഈ ആവശ്യം തിരസ്ക്കരിക്കപ്പെട്ടപ്പോൾ നബി(സ)യെ കീഴടങ്ങുവാൻ നിർബന്ധിച്ച് ഒരു സുശക്തമായ സൈന്യത്തെ അയക്കുവാൻ ഒരുക്കം കൂട്ടുകയാണ് അവർ ചെയ്തത്.

ഈ ഘട്ടത്തിലാണ് വ്യക്തി സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് വേണ്ടി ആയുധമെടുത്തു കൊള്ളുവാനുള്ള ദിവ്യാനുമതി മുസ്ലിംകൾക്ക് ലഭിച്ചത്.

*യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടവർക്ക് യുദ്ധം ചെയ്യാനുള്ള അനുവാദം നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ ദ്രോഹിക്കപ്പെട്ടിരിക്കുന്നവരത്രെ- അവരെ സഹായിക്കുവാൻ അല്ലാഹു നിശ്ചയമായും കഴിവുള്ളവനാണ്-ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്-എന്ന് പറഞ്ഞതിന് മാത്രം തങ്ങളുടെ ഭവനങ്ങളിൽനിന്നും അന്യായമായി അടിച്ചോടിക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് തടഞ്ഞില്ലായിരുന്നുവെങ്കിൽ കനീസകളും ദേവാലയങ്ങളും അല്ലാഹുവിന്റെ നാമങ്ങളെ അധികമായി അനുസ്മരിക്കപ്പെടുന്ന പള്ളികളും തീർച്ചയായും അവർ നശിപ്പിക്കുമായിരുന്നു. അല്ലാഹു അവനെ സഹായിക്കുന്നവരെ സഹായിക്കുന്നവനാകുന്നു. അല്ലാഹു നിശ്ചയമായും ശക്തിവാനും പ്രതാപശാലിയുമത്രെ. ഭൂമിയിൽ നാം അധിവസിപ്പിക്കുന്ന പക്ഷം കൃത്യമായി നമസ്ക്കാരമനുഷ്ഠിക്കുകയും സകാത്ത് നൽകുകയും നന്മയെ ഉപദേശിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് ഈ അനുവാദം നൽകപ്പെട്ടിരിക്കുന്നത്. എല്ലാ കാര്യങ്ങളിലും അല്ലാഹുവത്രെ അന്തിമ വിധികർത്താവ് (22: 40 42)*

അക്രമണത്തെ അവസാനിപ്പിക്കാനും പ്രതി രോധിക്കാനും മാത്രമേ ഇസ്ലാമിൽ യുദ്ധം ചെയ്യാൻ അനുവാദമുള്ളൂ. എന്നാൽ ആ യുദ്ധത്തിനിടയിൽ പോലും അനഭിലഷണീയവും അനാവശ്യവുമായ അതിക്രമ നടപടികളെ കൈകൊള്ളുവാൻ മുസ്ലിംകൾക്കനുവാദമില്ല.

*നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി നിങ്ങളും ദൈവമാർഗത്തിൽ യുദ്ധം ചെയ്യുവീൻ. എന്നാൽ നിങ്ങൾ അതിലംഘനം ചെയ്യരുത്, നിശ്ചയമായും അതിലംഘകരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (2: 191) മർദനം കൊലയേക്കാൾ കഠിനമാകുന്നു(2:192) എന്തെന്നാൽ, ആത്മാവിനെ നശിപ്പിക്കാനാണ് അത് വഴി ശ്രമിക്കുന്നത്. ആകയാൽ മർദനം അവസാനിപ്പിക്കുകയും ദൈവഹിതം നിറവേറ്റപ്പെടുന്നതിന് മതം സ്വതന്ത്രമായി അനുഷ്ഠിക്കപ്പെടു മാറാകുകയും ചെയ്യുന്നത്വരെ നിങ്ങൾ അവരോട് പൊരുതുവിൻ. എന്നാൽ അവർ പിന്തിരിയുന്നുവെങ്കിലോ അക്രമകാരി കളോടല്ലാതെ ശത്രുത പാടില്ലെന്ന് ഓർത്തു കൊള്ളുവീൻ(2:194)*

ഇവ അടിസ്ഥാനപരവും മൗലികവുമായ നിർദേശതത്ത്വങ്ങളാകുന്നു. യുദ്ധം നടത്തിക്കൊണ്ടുപോകുന്നത്

സംബന്ധിച്ച് ധാരാളം വേറേയും നിർദേശങ്ങൾ ഖുർആനിലുണ്ട്. എന്നാൽ അവയെല്ലാം വ്യക്തമായിട്ടുള്ള ഉപാധികൾക്ക് തികച്ചും വിധേയങ്ങളാകുന്നു. അവയെ അപ്രകാരം വ്യഖ്യാനിക്കേണ്ടതുമത്രേ.

തികച്ചും ന്യായീകരിക്കപ്പെടാവുന്ന ഒരു യുദ്ധത്തിനിടയിൽ ശരിക്കുള്ള പോരിൽ മാത്രമേ യുദ്ധ തടവുകാരെ പിടിക്കാൻ പാടുള്ളു. ഗോത്രങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളിൽ അനുവദനീയമല്ല. തന്നിമിത്തം അത്തരം ഏറ്റുമുട്ടലുകളിലും യാദൃച്ഛികമായുണ്ടാകുന്ന ഉരസലുകളിലും ആരെയും യുദ്ധതടവുകാരായി പിടിക്കാവുന്നതല്ല. ***ഭൂമിയിൽ ശരിക്കുള്ള യുദ്ധത്തിൽ ഏർപ്പെട്ടാലല്ലാതെ തടവുകാരെ പിടിക്കുക ഒരു പ്രവാചകന് ചേർന്നതല്ല. നിങ്ങൾ ഇഹലോകത്തെ നന്മ ആഗ്രഹിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങൾക്ക് പരലോക നന്മ ആഗ്രഹിക്കുന്നു. അല്ലാഹു പ്രതാപവാനും സൂക്ഷ്മജ്ഞനുമത്രേ (8:68)***

നബി(സ)യുടെ കാലത്ത് വ്യവസ്ഥാപിതമായ സ്ഥിരം സൈന്യത്തെ നിലനിർത്തിയിരുന്നില്ല. ആവശ്യമെന്ന് വരുമ്പോൾ താൽക്കാലികമായി സേനയെ രൂപികരിക്കുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നത്. സൈന്യത്തിൽ ചേരുന്ന ഒരോരുത്തനും അവനവനാവശ്യമായ സവാരി, ഭക്ഷണം, വെള്ളം, ആയുധം തുടങ്ങിയവ സ്വന്തത്തിൽ ഒരുക്കണമായിരുന്നു. ഭടന്മാർക്ക് ശമ്പളവും നൽകിവന്നിരുന്നില്ല. യുദ്ധ രംഗത്ത് ശത്രുക്കളിൽ നിന്ന് പിടിച്ചെടുക്കുന്ന ആയുധങ്ങളും പടക്കോപ്പുകളും ഒട്ടകങ്ങൾ, കുതിരകൾ എന്നിവയും യുദ്ധതടവുകാരിൽ നിന്നുള്ള മോചനമൂല്യം മുഖേന ലഭ്യമാകുന്ന നഷ്ട പരിഹാരവും മാത്രമാണ് അവർക്ക് പ്രതിഫലമായി ലഭിച്ചിരുന്നത്. കൈമാറ്റം ചെയ്യപ്പെടുകയോ മോചനമൂല്യം നൽകുകയോ ചെയ്തിട്ടില്ലാത്ത യുദ്ധത്തടവുകാർ യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കുകയോ മറ്റു പ്രകാരത്തിൽ യുദ്ധ നഷ്ട പരിഹാരത്തിന് അർഹരായിതീരുകയോ ചെയ്തിട്ടുള്ളവർക്ക് ഏൽപ്പിക്കപ്പെടുകയും അങ്ങനെ അവർ വേല ചെയ്യാൻ നിർബന്ധിതരാവുകയുമാണ് ചെയ്തിരുന്നത്. പലപ്പോഴും ഇത്തരം യുദ്ധത്തടവുകാർ, കൈമാറ്റപ്പെടുകയോ മോചന മൂല്യം നൽകപ്പെടുകയോ ചെയ്യാതെ തന്നെ വിട്ടയക്കപ്പെടുകയും ചെയ്തിരുന്നു (47:5) മോചന മൂല്യം വളരെ ലഘുവായുള്ളതുമായിരിക്കും. ബദർ യുദ്ധത്തിന് ശേഷം അഭ്യസ്ത വിദ്യനായ ഒരു യുദ്ധതടവുകാരൻ, പത്ത് മുസ്ലിം കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകുന്നത് അയാളുടെ മോചനമൂല്യമായി പരിഗണിക്കപ്പെടുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്നു.

ഇപ്രകാരം തൊഴിൽ ചെയ്യാൻ നിർബന്ധിതരായി തീർന്ന തടവുകാർ, സാദ്ധ്യമെങ്കിൽ സ്വന്തത്തിൽ വേല യെടുത്ത് നേടുന്ന സമ്പാദ്യം മോചന മൂല്യമായി നൽകി സ്വയം സ്വതന്ത്രനായി തീരുന്നതിന് അനുവദിക്കപ്പെട്ടിരുന്നു. അത് സംബന്ധിച്ച് ഒരു കരാർ പത്രിക എഴുതിക്കൊടുക്കാവുന്നതുമായിരുന്നു. ഈ ബാദ്ധ്യത നിറവേറ്റുന്ന കാര്യത്തിൽ അയാൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യണം (24:34)

വിവാഹം ചെയ്യാൻ അർഹരായിട്ടുള്ള തടവുകാർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. അവർ ദരിദ്രരാണെങ്കിൽ അല്ലാഹുവിവന്റെ അനുഗ്രഹവായ്പ്പിൽ നിന്നും അവർക്ക് നൽകപ്പെടും. അല്ലാഹു അനുഗ്രഹദാതാവും സർവജ്ഞനുമത്രേ വിവാഹം നടത്താനുള്ള യാതൊരു കഴിവും ഇല്ലാത്തവർ അല്ലാഹു അവന്റെ അനുഗ്രഹ വായ്പ്പിൽ നിന്നും മറ്റൊരു മാർഗം ഒരുക്കുന്നത് വരെ തങ്ങളുടെ ചാരിത്രം സൂക്ഷിച്ചു കൊള്ളേണ്ടതാകുന്നു (24:33-34)

സകാത്തിൽ നിന്നുള്ള വരുമാനം, ധർമ നിധികൾ, ദാനധർമങ്ങളിൽ നിന്നുള്ള വരവ് എന്നിത്യാദികളിൽ നിന്ന് യുദ്ധ തടവുകാർക്ക് മോചന മൂല്യം നൽകുന്നതിനും കടക്കാർക്ക് ആശ്വാസം നൽകുന്നതിനും വിനിയോഗിക്കാവുന്നതാണെന്ന് നിർദേശിക്കപ്പെട്ടിട്ടുണ്ട്. (9:60)

ബന്ധനസ്ഥരായ തടവുകാരുടെ വിഷമങ്ങൾ കുറക്കുന്നതിനാണ് ഈ ഉപാധികളും മാർഗങ്ങളുമെല്ലാം നിർദേശിക്കപ്പെട്ടിരിക്കുന്നത്. ശക്തി ഉപയോഗിച്ച് മറ്റുള്ളവരുടെ വിലയേറിയ സ്വാതന്ത്ര്യത്തെ-അഭിപ്രായ സ്വാതന്ത്ര്യത്തെ-അവർക്ക് നഷ്ടപ്പെടുത്താനുള്ള ഏറ്റവും ഗുരുതരവും ഹീനവുമായ പാതകത്തിൽ പങ്കുകാരായെന്ന കുറ്റത്തിനാണ് അവർ ബന്ധനസ്ഥരായതെന്നോർക്കേണ്ടതുണ്ട്. അവർ മറ്റുള്ളവരുടെ ആത്മാക്കളെ അടിമപ്പെടുത്താനാണ് ശ്രമിച്ചിരുന്നത്, അവരുടെ ഭൗതിക സ്വാതന്ത്ര്യത്തെ ഭാഗികമായി തടയുകയെന്നതു തന്നെയാണ് അവർക്ക് ലഭിക്കേണ്ടിയിരുന്ന തക്കതായ ശിക്ഷയും. പരിതസ്ഥിതിയും ആവശ്യങ്ങളും അനുസരിച്ച് തടവു ശിക്ഷയുടെ കലാവധിയിൽ ഏറ്റക്കുറച്ചിലുകളുണ്ടാവാം. ആ കാലത്തിനിടയിൽ അവരുടെ സ്ഥിതിയത്രയൊന്നും ദുർവഹമായിരുന്നില്ല. എന്തെന്നാൽ നബി തിരുമേനി(സ) അനുശാസിക്കുകയുണ്ടായി:- ഇവരെല്ലാം നിങ്ങളുടെ സഹോദരങ്ങളാണ്. ഇവരുടെ മേൽ നിങ്ങൾക്ക് അല്ലാഹു അധികാരം നൽകി. തന്റെ അധീനതയിലുള്ള സഹോദരനെ താനുണ്ണുമ്പോലെ ഊട്ടുകയും താനുടുക്കുമ്പോലെ ഉടുപ്പിക്കുകയും, കഴിവിൽ കവിഞ്ഞ ജോലിഭാരം അയാളെ ഏൽപ്പിക്കാതിരിക്കുകയും, ദുർവഹവും വിഷമകരവുമായ ജോലി ഏൽപ്പിച്ചാൽ അത് ചെയ്ത് തീർക്കുന്ന കാര്യത്തിൽ അയാളെ സഹായിക്കുകയും ചെയ്യേണ്ടതാണ്-(അബുദാവുദ്)

നബി(സ) ഒരിക്കൽ നടന്നു പോകവേ, ഒരാൾ തന്റെ അധീനതയിലുള്ള ഒരടിമയെ പ്രഹരിക്കാൻ കയ്യുയർത്തിയതായി കാണുകയുണ്ടായി: - 'നിങ്ങൾ എന്ത് ചെയ്യാൻ പോകുന്നു? അല്ലാഹുവിന്റെ ഒരു ദാസന്റെ മേൽ നിങ്ങൾക്കുള്ളതിനേക്കാൾ അധികാരം നിങ്ങൾക്ക് നിങ്ങളുടെ മേൽ അല്ലാഹുവിനുണ്ടെന്ന് നിങ്ങൾക്കറിയില്ലേ?' തിരുമേനി(സ)സമീപമുണ്ടെന്ന് അയാൾക്ക് തീരെ നിശ്ചയമില്ലായിരുന്നു. അയാൾ ഉടൻ തന്നെ ഇപ്രകാരം പ്രതിവചിച്ചു. ഞാനിതാ ഇയാളെ സ്വത്രന്ത്രനാക്കിയിരിക്കുന്നു. നബി (സ) ഉടനെ അയാളെ സമാശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു: 'നിങ്ങൾ അങ്ങനെ ചെയ്തത് നന്നായി. അല്ലാത്ത പക്ഷം ശിക്ഷക്ക് പാത്രീഭവിച്ചേനെ (അബൂദാവൂദ്)

ഇത്തരം യുദ്ധ തടവുകാരെ തീറ്റിപോറ്റുന്നതിന് അവരുടെ മേലാളർ പട്ടിണി കിടക്കുകയും, തടവുകാർക്ക് സവാരിപ്പുറത്ത് സഞ്ചരിക്കുമാറാകുന്നതിന് അവർ സ്വയം നടന്നു കൊള്ളാൻ തയ്യാറാവുകയും ചെയ്തിട്ടുള്ളതായ ഒട്ടേറേ സംഭവങ്ങൾ ആ യുദ്ധതടവുകാർ തന്നെ ഏറ്റു പറഞ്ഞിട്ടുണ്ട്. (സീറത്ത് ഇബ്നു ഹിശാം Life of Muhammad- Sir William Muir)

രണ്ടാം ഖലീഫയായിരുന്ന ഉമറി(റ)ന്റെ കാലത്ത് ജറൂസലേം കീഴടങ്ങാൻ സന്നദ്ധത പ്രകടിപ്പിച്ച ഘട്ടത്തിൽ അത് സംബന്ധിച്ച് കരാറിലൊപ്പു വെക്കുകയും നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുന്നതിന് ഖലീഫ നേരിട്ട് തന്നെ ജറൂസലേമിൽ ആഗതനാകണമെന്ന നിബന്ധന ഉന്നയിക്കപ്പെട്ടതിനെ തുർന്ന് ഖലീഫ ഉമറർ (റ) തന്റെ കീഴിലുള്ള ഒരു യുദ്ധതടവുകാരനെയും

കൂട്ടി, ഇരുവർക്കുമുള്ള ആഹാരസാധനങ്ങളുമായി ഒട്ടകപ്പുറത്ത് മദീനയിൽ നിന്നും ജറുസലെമിലേക്ക് യാത്ര പുറപ്പെടുകയുണ്ടായി. ഒട്ടകത്തിന് അമിത ഭാരം ആകരുതെന്ന് കരുതി ഒരോരുത്തരും മാറി മാറി അതിന്റെ പുറത്ത് കയറി യാത്ര ചെയ്യാമെന്ന് ഉമർ(റ) നിർദ്ദേശിച്ചു, ജറൂസലേമിൽ എത്താറായ ഘട്ടത്തിൽ ഉമറി(റ)ന്റെ കൂടെയുണ്ടായിരുന്ന തടവുകാരനാണ് സവാരിപ്പുറത്ത് ഉപവിഷ്ടനായിരുന്നത്. താൻ ഇറങ്ങി നടന്നു കൊള്ളാമെന്നും ഖലീഫ തിരുമനസ്സ് കൊണ്ട് ഒട്ടകപ്പുറത്ത് എഴുന്നള്ളണമെന്നും ആ ദാസൻ ആവർത്തിച്ചു ആവശ്യപ്പെട്ടുവെങ്കിലും നിശ്ചയം തെറ്റരുതെന്ന് ഖലീഫ ഉമർ (റ) നിഷ്ക്കർഷിക്കുകയാണുണ്ടായത്. അങ്ങനെ അവരിരുവരും ജറുസലമിലെത്തിച്ചേർന്നു. അവിടെ മഹാനായ ഖലീഫ തിരുമനസ്സിന് വരവേൽപ്പു നൽകാൻ നേതാക്കന്മാരും ബഹുജനങ്ങളും സമ്മേളിച്ചിട്ടുണ്ടായിരുന്നു. തന്റെ അടിമ സവാരിചെയ്കയായിരുന്ന ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച് ഖലീഫ തിരുമനസ്സുകൊണ്ട് നടന്നു വരുന്നതായിട്ടാണ് ജറൂസലേമിലെ ജനനേതാക്കന്മാർക്ക് കാണാൻ സാധിച്ചത് (History of Islam Prof. Abdul Qadir.Vol 1)

അടിമ വ്യവസ്ഥയും തടവു സമ്പ്രദായവും പൂർണമായും തുടച്ച് നീക്കുകയാണ് ഇസ്‌ലാമിന്റെ ഉന്നമെന്നും, ഈ ലക്ഷ്യം സാധിക്കുന്നതിനുള്ള ചട്ടങ്ങളും ഉപാധികളുമാണ് അത് നിശ്ചയിച്ചിട്ടുള്ളതെന്നും മുകളിൽ പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നതാണ്. അഭിപ്രായ സ്വാതന്ത്ര്യം എല്ലാവർക്കും ഉറപ്പുവരുത്തിയിരുന്നതിനാൽ, സംഘട്ടനത്തിനുള്ള മുഖ്യ കാരണം അതിനാൽ ഇല്ലായ്മചെയ്യപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിക ദൃഷ്ടിയിൽ തികച്ചും അസാധാരണമായ പരിതസ്ഥിതിയിൽ മാത്രം സംഭവിക്കുന്നതും സംഹാരപരവും ഒരവസാനകൈയെന്ന നിലയിൽ മാത്രം ആശ്രയിക്കേണ്ടതുമായ യുദ്ധത്തിന്റെ സാദ്ധ്യതയും അതു വഴി ഇല്ലാതാക്കപ്പെട്ടിരിക്കുകയാണ്. യുദ്ധം കത്തിപ്പടരുന്ന ഒരു തീജ്ജ്വാലയാണെന്നും അത് പൊട്ടിപുറപ്പെടുമ്പോൾ തന്നെ അതിനെ കെടുത്തിക്കളയേണ്ടതാണെന്നും ആണ് ഖുർ ആൻ ഘോഷിച്ചിട്ടുള്ളത്. 'അവർ യുദ്ധത്തിന് തീകൊളുത്തി തുടങ്ങുമ്പോൾ അല്ലാഹു അത് കെടുത്തിക്കളയുന്നു. അവർ ഭൂമിയിൽ കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു. അല്ലാഹു കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല.' (5:65) യുദ്ധത്തിന് തന്നെ അറുതി വരുത്തപ്പെടുന്നതോടെ ഇസ്‌ലാം അംഗീകരിച്ച തരത്തിലുള്ള തടവുസമ്പ്രദായത്തിനാസ്പദമായ ആ ഏക സാഹചര്യവും കാലഹരണപ്പെടുന്നതും തടവു സമ്പ്രദായത്തിന്റെ ആ നേരിയ രൂപം പോലും അപ്രത്യക്ഷമാവുന്നതുമാണ്.

ചരിത്രം മറ്റൊരു വഴിക്കാണ് നീങ്ങിയത്. അതിനെക്കുറിച്ച് നമുക്ക് പിന്നീട് ചർച്ച ചെയ്യാം. മനുഷ്യാവകാശങ്ങളെ കുറിച്ചുള്ള സാർവ ദേശീയ പ്രഖ്യാപനത്തിലെ നാലാം ഖണ്ഡികയുടെ പൊരുളും ഉദ്ദേശ്യവും ഇസ്‌ലാമിക ലക്ഷ്യങ്ങളോട് തികച്ചും യോജിച്ചിട്ടുള്ളതാണെന്നും നമുക്കിവിടെ ഉറപ്പിച്ചു പറയാം. ഇസ്‌ലാമിക ലോകത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അടിമ വ്യവസ്ഥ നിർമാർജനം ചെയ്യപ്പെട്ടുകയാണുണ്ടായത് എന്നത് ഒരു പരമാർഥം മാത്രമാണ്. അതിന്റെ അവശിഷ്ടങ്ങൾ അങ്ങിങ്ങായി എവിടെയെങ്കിലും കാണപ്പെടുമെങ്കിൽ അതും അവസാനിപ്പിച്ചു വരികയാണെന്നോർക്കണം, അത് വീണ്ടും നിലവിൽ വരാൻ ഒരു സാദ്ധ്യതയുമില്ലതാനും.

*(വിവ: എൻ. അബ്ദുർ റഹിം)*


Humanity First



Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.



# ദൈവത്തിന്റെ അസ്തിത്വം:
## അന്തിമ തെളിവ് അനുഭവ ജ്ഞാനം

റഫി അഹ്മദ്, അമേരിക്ക

**മതത്തിൽ കൃത്രിമമായി ചേർക്ക പ്പെട്ട വൈകല്യങ്ങളും വൈരുദ്ധ്യങ്ങളും ചൂണ്ടിക്കാട്ടിയാണ് ആളുകൾ നാസ്തിക വാദത്തിലേക്ക് തിരിയുന്നത്. ദൈവാസ്തിത്വത്തെ സംബന്ധിച്ച് ദൃഢ ബോദ്ധ്യം അനുഭവജ്ഞാനത്തിലൂടെ മാത്രമേ ലഭിക്കൂ.**

### വിടവുകളുടെ ദൈവം

മതവിശ്വാസികൾ വിടവുകളുടെ ദൈവം എന്ന സങ്കൽപ്പത്തിൽ അഭയം തേടുന്നതായി നാസ്തികർ ആരോപിക്കുന്നു. ശാസ്ത്ര വിജ്ഞാനത്തിന്റെ പഴുതുകളിലേക്ക് ദൈവത്തെ തിരുകിക്കയറ്റുന്നു എന്നവർ ആക്ഷേപിക്കുന്നു. സമകാലീന ശാസ്ത്രത്തിൽ എന്തെങ്കിലും വിടവുകൾ കണ്ടാൽ അത് ദൈവത്തിന്റെ പേരിൽ നികത്തുന്നു. ശാസ്ത്രം പുരോഗമിക്കുന്നതിനനുസരിച്ച് ഈ വിടവുകൾ ഇല്ലാതായി വരുന്നു. ദൈവത്തിന് ഒളിക്കാൻ ഇടമില്ലാതെ വരികയും ചെയ്യുന്നു.

എന്നാൽ ഈ ആക്ഷേപം യഥാർഥത്തിൽ സത്യ സന്ധമാണോ? സമീപ ഭൂതകാലത്തിലുണ്ടായ ഒരു ഉദാഹരണമെടുക്കാം. ഏണസ്റ്റ്ഹയേക്കർ പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ പ്രഗല്ഭനായ ഒരു ജീവ ശാസ്ത്രജ്ഞനായിരുന്നു. ഒരു കോശത്തിനകം ജീവദ്രവ്യങ്ങളുടെ (പ്രോട്ടോപ്ലാസം)കൂമ്പാരമാണെന്ന് തന്റെ സമകാലീനരായ ശാസ്ത്രജ്ഞരെ പോലെ അദ്ദേഹവും കരുതി. ജീവൻ സ്വയംകൃത പ്രജനനം നടത്തുന്നു എന്നദ്ദേഹം വാദിച്ചു. കഴിഞ്ഞ അമ്പത് വർഷക്കാലം തന്മാത്രാ ജീവശാസ്ത്രം വമ്പിച്ച പുരോഗതി പ്രാപിക്കുകയുണ്ടായി. ഇന്ന് നമുക്ക് ഒരു കോശത്തിനകത്തെ അതി സങ്കീർണമായ ഘടനയെക്കുറിച്ചറിയാം. മനുഷ്യ ബുദ്ധിയുണ്ടാക്കിയ ഏതൊരു നിർമിതിയെക്കാളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നവയാണ് അവയെന്നറിയാം. കോശങ്ങൾ സ്വയംഭൂവാണെന്ന വാദം ഇപ്പോൾ അംഗീകരിക്കാൻ പറ്റില്ല.

കോശത്തെ സംബന്ധിച്ച് ശാസ്ത്ര രംഗത്തുണ്ടായ ഈ കണ്ടുപിടുത്തങ്ങളൊന്നും തന്നെ ദൈവത്തെ ഇവിടെ നിന്നും മാറ്റി നിർത്തിയിട്ടില്ല. മറിച്ച് ഇരുപതാം നൂറ്റാണ്ടിലെ മഹത്തായ ഈ കണ്ടുപിടുത്തങ്ങളെല്ലാം ബുദ്ധിപരമായ സംവാദങ്ങളിൽ ദൈവത്തിന്റെ സ്ഥാനം കൂടുതൽ ഉറപ്പിക്കുകയാണ് ചെയ്തത്.

### ദൈവ നിഷേധത്തിന്റെ കാരണങ്ങൾ

നിരവധി നാസ്തികർ പ്രതിഭാശാലികളാണ്, ചിന്തകരും ശാസ്ത്രകാരന്മാരുമാണ്. ഈ ഒരു വസ്തുത നിരന്തരം ഒരു ചോദ്യമുയർത്തുന്നു. അതായത് കാര്യങ്ങൾ നന്നായറിയുന്ന ഈ വിഭാഗങ്ങൾക്കിടയിൽ എന്ത് കൊണ്ട് അവിശ്വാസവും ദൈവനിഷേധവും ഉണ്ടാവുന്നു? എന്റെ നിരീക്ഷണത്തിൽ ശാസ്ത്രജ്ഞന്മാരുടെ ദൈവനിഷേധവും അവരുടെ ശാസ്ത്രബോധവും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നാണ്. അതേസമയം ശാസ്ത്ര സംരംഭ ങ്ങളെല്ലാം അടിസ്ഥാനപരമായി ദൈവം ഉണ്ടായിരിക്കണം അല്ലെങ്കിൽ ഇല്ലായിരിക്കാം എന്ന ആജ്ഞേയ (Agnostic) വാദത്തിലാണ് നിലകൊള്ളുന്നത്.

ജനങ്ങൾ ദൈവത്തെ നിഷേധിക്കാനുള്ള കാരണം താഴെ പറയുന്ന വിഷയങ്ങളിൽ നിന്ന് ഉയർന്ന് വരുന്നതാണ്. അവ മനുഷ്യാവസ്ഥയുമായി ബന്ധപ്പെട്ടതാണ്. സർവജ്ഞനായ ദൈവത്തിന് കീഴിൽ മനുഷ്യന് എങ്ങനെ സ്വതന്ത്ര ഇച്ഛാശക്തിയുണ്ടാകുന്നു? നന്മ സൃഷ്ടിക്കുന്ന ദൈവം എന്തിന് തിന്മ സൃഷ്ടി ക്കുന്നു? ശാശ്വതമായ നരകം എന്തു കൊണ്ട്? കരുണാവാരിധിയായ ദൈവ ത്തിന്റെ സൃഷ്ടിയായ മനുഷ്യൻ എന്തുകൊണ്ട് കഷ്ടപ്പെടുന്നു? മുതലായവയാണ് നാസ്തികതയിലേക്ക് നയിക്കുന്ന ചോദ്യങ്ങൾ. ഒരു പക്ഷേ ദൈവത്തെയും മതത്തേയും നിഷേധിക്കാനുള്ള പ്രധാന കാരണം മതങ്ങൾ തന്നെയാണ്. നാസ്തികരായ ശാസ്ത്രജ്ഞന്മാർ മതപരമയ ഗ്രന്ഥങ്ങളും സിദ്ധാന്തങ്ങളും വളരെ അവജ്ഞയോടെയാണ് കാണുന്നത്. പ്രപഞ്ചത്തിൽ നിന്ന് അവൻ പഠിച്ചറിഞ്ഞ മഹത്തായ സത്യങ്ങൾ മേൽ പറഞ്ഞ മതങ്ങളും മതഗ്രന്ഥങ്ങളും പരിചയപ്പെടുത്തുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ കാണുന്നില്ലെന്ന വസ്തുതയാണ് അവരുടെയീ അവജ്ഞാ മനോഭാവത്തിന് കാരണമായി ന്യായീകര

ണമായി പറയപ്പെടുന്നത്.

അന്ധവിശ്വാസ ജഡിലമായ നാടോടി ക്കഥകൾ, നിഗൂഢാത്മകമായ വേദ ശാസ്ത്രം, അന്തസ്സാര ശൂന്യമായ ആചാരങ്ങൾ, പരിവർജനത്തിന്റെ തത്ത്വശാസ്ത്രം, സ്തീകൾക്കെതിരെയു ള്ള അവഗണന, അസഹിഷ്ണുതയുടെ മതസിദ്ധാന്തങ്ങൾ, അയുക്തികത മുതലായ പോരായ്മകൾ ബൃഹത്തും മഹത്തരവുമായ ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവിൽ ആരോപിക്കുമ്പോൾ നാസ്തിക വാദം ശാസ്ത്ര ചിന്തയുടെ സ്വാഭാവിക പരിണിതിയായി വരുന്നു. മതത്തിന്റെ പേരിൽ ഭീകരകൃത്യങ്ങൾ ധാരാളമായുണ്ടാകുക എന്ന വസ്തു തയെ ഉദാഹരിച്ചു കൊണ്ട് സ്റ്റീവൻ വെയിൻ ബർഗ് ഈ പ്രശ്നം സംക്ഷിപ് തമായി ഇങ്ങനെ അവതരിപ്പിക്കുന്നു.

'നല്ലയാളുകൾ നല്ല പ്രവൃത്തി ചെയ്യുന്നു. ചീത്തയാളുകൾ ചീത്ത പ്രവൃത്തി ചെയ്യുന്നു. എന്നാൽ നല്ലയാ ളുകൾ നല്ല പ്രവൃത്തി ചെയ്യുമ്പോൾ അത് മതം ഏറ്റെടുക്കുന്നു'.

**ദൈവാനുഭവം**

ഒരു പക്ഷേ ദൈവത്തിന്റെ അസ്തി ത്വത്തെ സംബന്ധിച്ച് അന്തിമവും ആത്യന്തികവുമായ തെളിവ് ദൈവത്തെ സംബന്ധിച്ച് ദിവ്യ ദൃഷ്ടാന്തങ്ങളുടെ വ്യക്തി പരമായ അനുഭവങ്ങളാണ്. വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

'ദൈവികാന്വേഷണം കഠിനമായ ഒരു പ്രവർത്തനമാകുന്നു. ആകാശ ഭൂമികളെ നിരീക്ഷിക്കുകയും പ്രപഞ്ചത്തിന്റെ അവികലമായ ക്രമവിന്യാസത്തെ സംബന്ധിച്ച് ഗാഢമായി മനനം ചെയ്യുകയും ചെയ്താലും പ്രപഞ്ചത്തിന് ഒരു സൃഷ്ടാവ് ഉണ്ടായിരിക്കണം എന്ന നിഗമനത്തിലേക്ക് മാത്രമേ അത് നമ്മെ നയിക്കൂ. എങ്കിലും അത് അത്തരം ഒരു സ്രഷ്ടാവ് നിലനിൽക്കുന്നു എന്നതിന് തെളിവാകുന്നില്ല. ഉണ്ടായിരിക്കാം എന്നതിനും ഉണ്ട് എന്നതിനും വ്യത്യാ സമുണ്ട്.

ദൈവത്തെ സംബന്ധിച്ച് ദൃഢ ജ്ഞാനം നേടുക എന്നതാണ് ഒരു മനുഷ്യന്റെ പ്രഥമ കർത്തവ്യം. പിന്നീട് ഈ സുനിശ്ചിത ജ്ഞാനം പ്രാപിക്കാൻ ഏതെങ്കിലും ഒരു മതത്തെ പ്രാപിക്കുക എന്നതാണ്. പക്ഷേ എങ്ങനെ ഈ ദൃഢ ജ്ഞാനം കരഗതമാക്കാം.? അത് വെറും കഥകളിലൂടെ പ്രാപിക്കാൻ സാദ്ധ്യ മല്ലെങ്കിൽ കേവലം വാദമുഖങ്ങളവതരി പ്പിച്ചു നേടാനും സാദ്ധ്യമല്ല. അവനോട് തുടർച്ചയായ സംഭാഷണം മുഖേനയോ അല്ലെങ്കിൽ അവന്റെ അനിതരസാധാ രണമായ അടയാളങ്ങൾക്ക് സാക്ഷി യാകുന്നത് മുഖേനയോ ആ ദൃഢ ജ്ഞാനത്തിന്റെ അനുഭവം പ്രാപിക്കാൻ സാദ്ധ്യമല്ല.

**ഉപസംഹാരം**

മേൽ കൊടുത്ത ചർച്ച ദൈവാസ്തി ത്വത്തെ സംബന്ധിച്ച് യുക്തിപരമായ തെളിവുകൾ നൽകാനുള്ള ഒരു ശ്രമമാണ്. ആദർശങ്ങൾ, മതസിദ്ധാന്ത ങ്ങൾ, കണ്ടുപിടുത്തങ്ങൾ, വാദമുഖങ്ങൾ, യുക്തിബോധം, യുക്തി സമർഥനങ്ങൾ മുതലായ എല്ലാ പ്രവർത്തനങ്ങളും മതത്തിന്റെ ബാഹ്യ ജ്ഞാനങ്ങളാണ്. ഇതെല്ലാം തന്നെ ദൈവവും മനുഷ്യനു മായി ഒരു ബന്ധം സ്ഥാപിക്കാനുള്ള ഉപാധികൾ മാത്രമാണ്. അനുഭവജ്ഞാന ത്തിന്റെ ഔന്നത്യത്തിൽ വ്യക്തിക്കുണ്ടാകുന്ന യഥാർഥ ജ്ഞാന മാണ് അന്തിമവും ആത്യന്തികവും അഗാധവു മായ ദൈവികാനുഭവം. അതാണ് ദൈവത്തിന്റെ അസ്തിത്വത്തെ ദൃഢമായി സ്ഥാപിക്കുന്നത്.

വാഗ്ദത്ത മസീഹ് പറയുന്നു: ദൈവികാനുഭവത്തിന്റെ ദൃഢജ്ഞാനം ആർജിക്കാനുള്ള ഒരേയൊരു മാർഗം ദൈവവുമായുള്ള നിരന്തര സംഭാഷണ മാണ്. അല്ലെങ്കിൽ അവന്റെ അസാധാര ണമായ ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയാ വുക എന്നതാണ്.

ശാസ്ത്രത്തിന്റെ പുരോഗതി പ്രപഞ്ചത്തിന്റെ സങ്കീർണത വെളിപ്പെടു ത്തുന്നു. പ്രപഞ്ചത്തിന്റെ ദൈവികാ സൂത്രണത്വത്തിന്റെ മഹിത പ്രതാപം വിളിച്ചറിയിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെ നിർമിതിയിലെ ചിന്തി ക്കുന്ന ജനങ്ങൾക്ക് നിരവധി അടയാള ങ്ങൾ അത് നൽകുന്നു. ഇതാണ് നമ്മുടെ അഗാധ ബോധത്തിൽ അവിഭാജ്യമായി നിൽക്കുന്ന ലളിത സത്യം. വി. ഖുർആൻ പറയുന്നു:

***അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കുന്നവനും രൂപസ ന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ട നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു (59:25))***

വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക; (അവന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരി ക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവുംനല്ല ഗുണപര്യ വസായിയും.

(വിശുദ്ധ ഖുർആൻ 4:60)

# ഇമാമുസ്സമാന്റെ യോഗ്യതകൾ

എൻ. അബ്ദുറഹീം

1898 സെപ്തംബറിൽ ലാഹോറിലെ ബാബു ഇലാഹി ബക്ഷ് എന്നൊരാൾ ഹദ്റത്ത് അഹ്മദ്(അ)മായി അഭിമുഖ ദർശനം നടത്തുന്നതിന് ഖാദിയാനി ലെത്തി. തനിക്ക് വെളിപാടുകളും സ്വപ്നങ്ങളും ഉണ്ടാകാറുണ്ടെന്ന് അദ്ദേഹം അവകാശപ്പെടുകയും അതെല്ലാം ഹദ്റത്ത് അഹ്മദ് (അ) നെ കേൾപ്പിക്കുകയും ചെയ്തു. കാലത്തിന്റെ ഇമാമിനെ പറ്റി വികലധാരണകൾ വെച്ചു പുലർത്തിയിരുന്ന ഇലാഹി ബക്ഷ് തനിക്കുണ്ടായി കൊണ്ടിരിക്കുന്ന വെളിപാടുകളിലും ആത്മീയ അനുഭ വങ്ങളിലും അധികമായി ആശ്രയം കൊള്ളുകയും താൻ മറ്റൊരാളെ ഇമാമായി സ്വീകരിക്കേണ്ടതില്ലെന്ന് വിശ്വസിക്കുകയും ചെയ്തിരുന്നു. ഇലാഹി ബക്ഷ് സദ്വൃത്തനും സാത്വികനുമാണെന്ന് ഹദ്റത്ത് അഹ്മദ് (അ) കരുതിയിരുന്നു. അദ്ദേഹത്തിന് ആത്മീയാനുഭവങ്ങൾ ഉണ്ടാകാറുണ്ടെന്ന് അവകാശപ്പെടുകയും തനിക്കുണ്ടായ വെളിപാടുകൾ കേൾപ്പിക്കുകയും ചെയ്തപ്പോൾ ആ മഹാത്മാവ് സന്തോ ഷിച്ചു. ഏതൊരു യഥാർഥ വിശ്വാസിക്കും ദിവ്യവെളിപാടുകൾ ലഭിക്കാറുമുണ്ടല്ലോ. എന്നാൽ തനിക്കുണ്ടായ ഒരു വെളി പാടിൽ താനാർക്കും ബയ്അത്ത് ചെയ്യേ ണ്ടതില്ലെന്നും മറിച്ച് തനിക്കാണ് മറ്റുള്ള വർ ബയ്അത്ത് ചെയ്യേണ്ടതെന്ന് നിർദേശിക്കപ്പെട്ടതായി ബാബു ഇലാഹി ബക്ഷ് പ്രസ്താവിച്ചപ്പോൾ ഇമാമു സ്സമാൻ അഥവാ കാലഘട്ടത്തിന്റെ ഇമാമിനെ കുറിച്ച് അദ്ദേഹം പുലർ ത്തിപ്പോന്ന തെറ്റിദ്ധാരണകൾ അകറ്റാൻ അവിടുന്ന് ശ്രമിച്ചു. അതോടൊപ്പം അത് സംബന്ധിച്ച് ഒരു പുസ്തകം രചിക്കാനും തയ്യാറായി. സറൂറത്തുൽ ഇമാം (ഇമാമി ന്റെ ആവശ്യകത) എന്ന വിഷയത്തെ കുറിച്ചുള്ള പ്രസ്തുത ലഘു കൃതിയിൽ ഇമാമുസ്സമാന്റെ ലക്ഷണങ്ങളും സ്വഭാവ ങ്ങളും ആത്മീയ ശക്തികളും എന്തെല്ലാ മാണെന്ന് വിവരിക്കുകയുണ്ടായി.

ഇമാമുസ്സമാൻ അത്യുൽകൃഷ്ട സ്വഭാവ ഗുണങ്ങളോട് കൂടിയ ആളും (2) നേതൃഗുണമുള്ള വ്യക്തിയും (3) അഗാധ ജ്ഞാനങ്ങൾ നിറഞ്ഞ വ്യക്തിയും (4) അനന്യ സാധാരണമായ മനക്കരുത്തും ലക്ഷ്യ ബോധവും ഉള്ള വ്യക്തിയും (5) ദൈവത്തിൽ സമർപ്പണം ചെയ്തയാളും (6) ആത്മീയ ദർശനങ്ങളും വെളിപാടു കളും ധാരാളമായും ഉൽകൃഷ്ട രീതിയിലും രൂപത്തിലും ഉണ്ടായി ക്കൊണ്ടിരിക്കുന്ന വ്യക്തിയും ദൈവം നേരിട്ട് സംസാരിക്കുന്ന ആളും ആയി രിക്കുമെന്ന് അവിടുന്ന് ചൂണ്ടിക്കാട്ടി.

ഇതേ കൃതിയിൽ തന്നെ സത്യമായ ദിവ്യവെളിപാടുകൾ വേർതിരിച്ചറിയുന്ന തിന് അവയുടെ സവിശേഷതകളും ലക്ഷണങ്ങളും എന്തൊക്കെയാണെന്നും വിവരിക്കുകയുണ്ടായി.(1)സത്യമായ വെളിപാടുകൾ ഹൃദയത്തിൽ ദിവ്യമായ സ്നേഹത്തിന്റെ ഒഴുക്കോടൊപ്പം ഇറങ്ങുന്നതാണ്. (2) അത് ആനന്ദകരവും ദൃഢ വിശ്വാസവും കൊണ്ടു വരുന്നതുമാ യിരിക്കും(3)സത്യമായ വെളിപാടുകൾക്ക് അന്തസ്സും ഉദാത്തതയും ഉണ്ടായിരിക്കു ന്നതാണ്. അത് ഹൃദയത്തിൽ ആഞ്ഞു തറക്കു ന്നതുമാണ്.(4) ദൈവീകമായ ശക്തിയുടെ സ്വാധീനം ഉൾവഹിക്കു ന്നതും പ്രവചനങ്ങൾ അടങ്ങിയിരിക്കു ന്നതുമാണ് (5) അതിന് ശുദ്ധീകരണ ശക്തിയും മഹത്വവത്ക്കരണ ശേഷിയും ഉണ്ടായിരിക്കും.(6) പുതു ജീവൻ പ്രദാനം ചെയ്യുന്നതാണ്. (7) അത് ഒറ്റപ്പെട്ട ശബ്ദമായിരിക്കയില്ല. ദൈവം സംസാരി ക്കും. (8) അത് നിർഭയത്വം ഉളവാക്കും.(9) ജ്ഞാനം പ്രദാനം ചെയ്യും (10) അത് ബഹുമാനം നൽകും-വാഗ്ദത്ത മസീഹ്(അ) ചൂണ്ടിക്കാട്ടി.

ഈ കാലഘട്ടത്തിൽ ഇമാമുസ്സമാന്റെ എല്ലാ ലക്ഷണങ്ങളും യോഗ്യതകളും ഒത്തു ചേർന്നിട്ടുള്ള വ്യക്തി താൻ മാത്രമാണെന്നും ദിവ്യ വെളിപാടുകൾ എല്ലാ തികവോടും കൂടി തന്നിൽ മറ്റാരെ ക്കാളും അധികമായും പ്രഭാപൂർ ണമായും ഇറങ്ങിക്കൊണ്ടിരിക്കുന്നു വെന്നും താൻ തന്നെയാണ് ഇമാമു സ്സമാൻ എന്നും ഹദ്റത്ത് അഹ്മദ്(അ) സറൂറത്തുൽ ഇമാം എന്ന കൃതിയിൽ അവകാശപ്പെട്ടു. അവിടുന്ന് ഇപ്രകാരം പ്ര ഖ്യാപിച്ചു.

ഇപ്പോൾ അവശേഷിക്കുന്ന ചോദ്യം ഇതാണ്: സകലമാന മുസ്ലിംകളും യോഗി വര്യന്മാരും (സാഹിദ് മാർ) സ്വപ്ന ദർശികളും ദിവ്യ ഭാഷണം ലഭിക്കുന്ന വരും (മുൽഹം) എല്ലാവരും ആരെ പിന്തുടരാൻ നിർബന്ധപ്പെട്ടിരിക്കുന്നു വോ ആ ഇമാമുസ്സമാൻ ആരാണ്? ഞാൻ ഈ അവസരത്തിൽ നിർഭയം പ്രസ്താ വിക്കുന്നു. ദൈവാനു രാഗത്താലും അവന്റെ വരപ്രസാദത്താലും ഇമാമു സ്സാമാൻ ഞാൻ തന്നെ യാകുന്നു. എന്നിൽ എല്ലാ അടയാളങ്ങളും നിബന്ധനകളും ദൈവം ഒരു മിച്ചു കൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തലക്കൽ തന്നെ അവൻ എന്നെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു (സറൂറുൽ ഇമാം) ദൈവം തനിക്ക് നാലു തരം ദൃഷ്ടാന്തങ്ങൾ നൽകിയിരി ക്കുന്നതായി അവിടുന്ന് പ്രഖ്യാപിച്ചു:

1. വിശുദ്ധ ഖുർആൻ നൽകുന്ന അദ്ഭുത ദൃഷ്ടാന്തത്തിന്റെ പ്രതിരൂ പമെന്നോണം അറബി ഭാഷയിലുള്ള സാഹിത്യ ചമൽക്കാരത്തിന്റെയും അലങ്കാരത്തിന്റെയും വിദ്യയുടെയും ദൃഷ് ടാന്തങ്ങൾ നൽകപ്പെട്ടിരിക്കുന്നു. എനിക്കെതിരെ ഇക്കാര്യത്തിൽ മത്സരി ക്കാൻ ആരും ശക്തരല്ല.

2.വിശുദ്ധ ഖുർആനിലെ സത്യങ്ങളും അദ്ഭുതങ്ങളും വിവരിക്കുന്ന കാര്യ ത്തിൽ എനിക്ക് ദൃഷ്ടാന്തങ്ങൾ നൽക പ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ എനിക്കെ തിരായി മത്സരിക്കാൻ ആരും പ്രാപ്തരല്ല.

3.ധാരാളം പ്രാർഥനകൾ സ്വീകരിക്ക പ്പെടുന്ന കാര്യത്തിൽ എനിക്ക് ദൃഷ്ടാന്തം നൽകപെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ എനിക്കെതിരെ മത്സരിക്കാൻ ആർക്കും സാധ്യമല്ല. എന്റെ മുവായിരത്തോളം പ്രാർഥനകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ സത്യം ചെയ്തു പറയുന്നു. എന്റെ പക്കൽ ഇതിലേക്കുള്ള തെളിവും ഉണ്ട്.

4. പരോക്ഷ കാര്യങ്ങളുടെ ദൃഷ്ടാന്തം

എനിക്ക് നൽകപെട്ടിരിക്കുന്നു. എനിക്കെതിരിൽ ഇക്കാര്യത്തിലും മത്സരിക്കാൻ ആരും ശക്തരല്ല. ഇത് സംബന്ധിച്ച് ദൈവിക സാക്ഷ്യങ്ങൾ എന്റെ പക്കലുണ്ട്. റസൂൽ തിരുമേനി(സ)യുടെ പ്രവചനങ്ങൾ എനിക്കനുകൂലമായി പ്രവചനമെന്നോണം പുലരുന്നു.

ഈ കൃതിയിൽ തന്നെ ബൈഅത്തിന്റെ അർഥവും താൽപര്യവും അവിടുന്ന് വിശദീകരിച്ചു. ബൈഅത്ത് എന്നത് ബൈഅ് എന്ന ധാതുവിൽ നിന്നും വ്യുൽപന്നമാണ്. വിൽക്കുക എന്നാണ് ഇതിനർഥം. ഒരു വസ്തു മറ്റൊരു വസ്തുവിന് പകരമായി നൽകികൊണ്ട് പരസ്പരം തൃപ്തിപ്പെടുന്ന ഏർപ്പാടിനാണ് 'ബീഅ്'എന്ന് പറയുന്നത്. ബൈഅത്ത് ചെയ്യുന്ന ആൾ ഒരു മാർഗദർശിയുടെ കയ്യിൽ ദൈവ തൃപ്തിയും രക്ഷയും ദിവ്യജ്ഞാനവും പകരം ലഭിക്കുന്നതിന് വേണ്ടി സ്വത്വത്തെ വിൽപ്പന നടത്തുക എന്നതാണ് അതിന്റെ താൽപര്യം. തനിക്ക് നൽകാൻ കഴിയുന്നതിനേക്കാൾ ദിവ്യജ്ഞാനങ്ങൾ പകരം നൽകാൻ കഴിയുമെന്ന് തെളിയുന്ന പക്ഷം താനും അനുയായികളും ഒന്നടങ്കം ബാബു ഇലാഹി ബക് ഷിന് ബൈഅത്ത് ചെയ്യാൻ തയ്യാറാവുന്നതാണെന്നും ഹദ്റത്ത് അഹമദ് (അ) തുറന്നു പറയുന്നു.

ചുരുക്കത്തിൽ ഇൽഹാം ലഭിക്കുന്നു എന്ന അടിസ്ഥാനത്തിൽ മാത്രം ഒരാൾ ഇമാമുസ്സമാൻ ആകുന്നതല്ലെന്നും അതിന് മറ്റ് അനേകം നിബന്ധനകൾ പുർത്തിയാക്കേണ്ടിയിരിക്കുന്നു എന്നും വാഗ്ദത്ത മസീഹ് (അ) വ്യക്തമാക്കുകയുണ്ടായി.

ബാബു ഇലാഹി ബക്ഷ് തനിക്ക് വെളിപാടുകൾ ലഭിക്കുന്നു എന്നും ഹദ്റത്ത് അഹ്മദി(അ)നേയും അദ്ദേഹത്തിന്റെ വാദങ്ങളേയും അസത്യപ്പെടു ത്തുന്ന വെളിപാടുകളാണ് തനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്നും അവകാശപ്പെടുകയുണ്ടായി. അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന്റെ അത്തരം വെളിപാടു കൾ പ്രസിദ്ധീകരിക്കാൻ വാഗ്ദത്ത മസീഹ് (അ) ആഹ്വാനം ചെയ്തെങ്കിലും ബാബു ഇലാഹി ബക്ഷ് അതിന് തയ്യാറായില്ല. ഹദ്റത്ത് അഹ്മദ്(അ) തനിക്കെതിരെ കോടതിയിൽ പോകുമെന്നുള്ളത് കൊണ്ടാണ് താൻ അത് പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറാവാത്തത് എന്ന് ഒരവസരത്തിൽ അദ്ദേഹം എഴുതിയപ്പോൾ അപ്രകാരം കോടതിയിൽ പോകാൻ ഉദ്ദേശിക്കുന്നില്ലെന്ന് ഖണ്ഡിതമായി പറഞ്ഞു കൊണ്ട് ഇലാഹി ബക്ഷിന് രജിസ്ട്ര് കത്തയക്കുകയും ചെയ്തു. (15-6-1899) എന്നിട്ടും അയാൾ വെളിപാടുകൾ പ്രസിദ്ധം ചെയ്യാൻ തയ്യാറായില്ല. വെളിപാടുകൾ പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ച് നൽകിയ കാലാവധി കഴിഞ്ഞപ്പോൾ അവിടുന്നു 'തിരിയാഖുൽ ഖുലൂബ്'എന്ന പേരിൽ ഒരു ഗ്രന്ഥത്തിന്റെ രചന ആരംഭിച്ചു. ഇത് സംബന്ധിച് 1899 ജൂലായ് 31-ാം തീയതി അൽഹക്കമിൽ ഒരു അറിയിപ്പ് നൽകുകയുണ്ടായി. സത്യമായ വെളിപാടുകൾക്ക് സ്വർഗീയമായ ദൃഷ്ടാന്തങ്ങൾ പിന്തുണക്കപ്പെടുമെന്നും അവ തിരിച്ചറിയാൻ കഴിയുമെന്നും വാഗ്ദത്ത മസീഹ് (അ) വ്യക്തമാക്കി.

ഇലാഹി ബക്ഷ് 1900 സപ്തംബറിൽ അസായെ മുസ (മൂസയുടെ ഊന്നു വടി) എന്ന പേരിൽ ഒരു പുസ്തകം ഇറക്കി. തനിക്കുണ്ടായിരുന്നു എന്ന് അവകാശപെട്ടിരുന്ന വെളിപാടുകളെ അതിൽ ഇലാഹി ബക്ഷ് പ്രസിദ്ധം ചെയ്തില്ലെന്ന് മാത്രമല്ല സറൂറൽ ഇമാം എന്ന പുസ്തകത്തിൽ ഉന്നയിച്ച ആശയങ്ങളെ ഖണ്ഡിക്കാനുള്ള ഒരു വിഫല ശ്രമം നടത്തുകയുമുണ്ടായി.

ഇലാഹി ബക്ഷ് തന്റെ സ്നേഹിതനായ ഹാഫിസ് മുഹമ്മദ് യൂസുഫ് എന്നൊരാൾ അമൃത സറിൽ വെച്ച് ഹദ്റത്ത് അഹ്മദ് (അ ) ന്റെ പ്രമുഖ ശിഷ്യരായ ഏതാനും പേരെ കണ്ട് മുട്ടിയപ്പോൾ ഇലാഹി ബക്ഷിന് ദിവ്യ വെളിപാടുകൾ ലഭിക്കുന്നു എന്ന അവകാശ വാദത്തെ പറ്റി സംസാരിക്കാൻ ഇടയായി. ദിവ്യ വെളിപാടുകൾ ഉണ്ടാകുന്നതായി കറ്റ് കെട്ടി പറയുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നയാൾ ദൈവശിക്ഷക്കിരയായി ഉടൻ തന്നെ നശിപ്പിക്കപ്പെടു മെന്നും അയാൾക്ക് നബി തിരുമേനി(സ)യെപോലെ 23 കൊല്ലം ജീവിച്ചിരിക്കാൻ ആവില്ലെന്നും അവർ ഹാഫിസ് മുഹമ്മദ് യൂസുഫിനോട് പറഞ്ഞപ്പോൾ അത്തരത്തിൽ വാദിച്ചവർ 23 വർഷത്തിലധികവും ജീവിച്ചിരുന്നിട്ടുണ്ടെന്ന് അയാൾ മറുത്ത് പറഞ്ഞു. ഇത് വിശുദ്ധ ഖുർആന്റെ പ്രസ്താവനക്ക് വിരുദ്ധമാകയാൽ തെളിവ് നൽകണമെന്ന് ഹദ്റത്ത് അഹ്മദി(അ)ന്റെ ശിഷ്യന്മാർ നിർബന്ധിച്ചപ്പോൾ, ഡിസംബർ 20 നകം അത്തരം ദിവ്യ വെളിപാടു വാദികളെക്കുറിച്ച് അറിവ് നൽകാമെന്നും അതിന് തനിക്ക് സാധിക്കാതെ വരുന്ന പക്ഷം ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) വാഗ്ദത്ത മസീഹാണെന്ന് വിശ്വസിച്ചു കൊള്ളുന്നതാണെന്നും ഹാഫിസ് മുഹമ്മദ് യൂസുഫ് വാഗ്ദത്തം ചെയ്യുകയുണ്ടായി. ഹാഫിസ് ഇതിൽ വിജയിക്കുന്ന പക്ഷം ഹദ്റത്ത് അഹ്മദി(അ)നെ കൈവെടിയുന്നതാണെന്ന് ശിഷ്യപ്രമുഖരും ഏറ്റു. അപ്രകാരം ഒരു കരാർ എഴുതിയുണ്ടാക്കി. ഹദ്റത്ത് അഹ്മദി (അ)ന്റെ പ്രമുഖ ശിഷ്യരായ മുഫ്തി മുഹമ്മദ് സാദിഖ്, മിർസാ ഖുദാ ബക്ഷ് എന്നിവർ കരാർ ഒപ്പിട്ടവരിൽ ഉൾപ്പെടും.

ഈ വിവരം അറിഞ്ഞപ്പോൾ ഹദ്റത്ത് അഹ്മദ് (അ) ഒരു ലഘുലേഖ പുറപ്പെടുവിക്കുകയും തിരുനബി (സ)യുടെ ദൗത്യ കാലഘട്ടമായ 23 കൊല്ലക്കാലം അത്തരത്തിൽ ദിവ്യവെളിപാടുകൾ ലഭിച്ചു കൊണ്ടിരിക്കുന്നതായി കറ്റു കെട്ടി പറഞ്ഞ ഒരു കപട വാദിയുടെ ഉദാഹരണം ചരിത്രത്തിൽ നിന്ന് എടുത്തു കാട്ടുന്നവർക്ക് താൻ 500 രൂപ ഇനാം നൽകുന്നതാണെന്നും വിളംബരപ്പെടുത്തുകയും ഇക്കാര്യത്തിൽ ബാബു ഇലാഹി ബക് ഷിനേയും മൗലവി മുഹമ്മദ് യൂസുഫിനേയും മുഴുവൻ ആലിംകളേയും ആഹ്വാനം ചെയ്യുകയുമുണ്ടായി. ഇതിനായി രണ്ടാഴ്ച്ചക്കാലം അനുവദിക്കുകയുമുണ്ടായി.

ഇലാഹി ബക്ഷ് ഒടുവിൽ തന്റെ ഒരു പുസ്തകത്തിൽ തനിക്കുള്ളതായി അവകാശപ്പെട്ടു കൊണ്ട് ദിവ്യവെളിപാടുകൾ പ്രസിദ്ധ പ്പെടുത്തി. വാഗ്ദത്ത് മസീഹിനെതിരെയുള്ള പ്രവചനങ്ങളും അതിൽ ഉൾപ്പെടുത്തിയിരുന്നു. അവയെല്ലാം കറ്റ്കെട്ടിയുണ്ടാക്കി പ്രചരിപ്പിക്കാൻ ശ്രമിച്ച കള്ള വെളിപാടുകളായിരുന്നതിനാൽ തന്നെ ദൈവത്തിന്റെ പേരിൽ കറ്റു കെട്ടു പറഞ്ഞു എന്ന മഹാപരാധത്തിന് ഖുർആൻ വാകൃപ്രകാര മുള്ള (69:44-48) ദൈവിക ശിക്ഷ അതായത് മരണ ശിക്ഷ ഇലാഹി ബക്ഷ് ഇതിന് അനുഭവിക്കേണ്ടി വരിക തന്നെ ചെയ്തു! ഇലാഹി ബക്ഷ് താൻ മൂസയാണെന്ന് വാദിച്ചിരുന്നു. അത് പ്രകാരമാണ് അദേഹം അസായെ മൂസ (മൂസയുടെ ഊന്നു വടി) എന്ന് തന്റെ പുസ്തകത്തിന് പേര് നൽകുകയും വെളിപാടുകൾ കറ്റു കെട്ടിയുണ്ടാക്കി പ്രചരിപ്പിക്കുകയും ചെയ്തത്. എന്നാൽ ബാബു ഇലാഹി ബക്ഷ് 1907 ഏപ്രിൽ 7-ാം തീയതി പ്ലേഗിനിരയായി മരിച്ചു. ( അഹൽ ഹദീസ്, അമൃതസർ 1907 ഏപ്രിൽ 11 ലെ ലക്കം നോക്കുക) അത് ഒരു വലിയ ദൃഷ്ടാന്തം നൽകിയ ഒരു മരണമായിരുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് ഖാദിയാനി (അ) ആകട്ടെ ജയശാലിയായി വിരാജിക്കുകയും ചെയ്തു.

# ഹദ്റത്ത് അഹ്മദ്(അ)ന്റെ നുബുവ്വത്ത്

മൗലവി മുഹമ്മദ് ഇസ്മായീൽ,ആലപ്പുഴ

നബിമാർ അഥവാ പ്രവാചകന്മാർ ലോകത്തുവന്ന് അവരുടെ ദൗത്യം പൂർത്തീകരിച്ച് ദൈവസവിധത്തിലേക്കു തിരിച്ചുപോയതിനുശേഷം അവരുടെ ജനതയിലൊരു വിഭാഗം പറഞ്ഞു പരത്തുന്ന ഗുരുതരമായൊരു അപരാധ മാണ്, **'ഇനി അല്ലാഹു നബിമാരെ അഥവാ പ്രവാചകന്മാരെ അയക്കുക യില്ല'** എന്നത്. കാരണം പ്രവാചകന്മാ രുടെ ഉപദേശം സ്വീകരിച്ചു ജീവിക്കുക എന്നത് ഒഴുക്കിനെതിരിൽ നീന്തലാണ്. ജനങ്ങൾ അതിക്രമത്തിൽ ആണ്ടിരിക്കു മ്പോഴാണല്ലോ നബിമാരുടെ ആഗമനം. സുഖലോലുപതയിൽ തിമിർത്താടിക്കഴി യുന്ന ജനങ്ങൾക്കു അവരുടെ ഉപദേശം എങ്ങനെ ദഹിക്കാനാണ്. പക്ഷേ, അല്ലാഹു ഇവരുടെ വാക്കുകൾക്ക് ഒരു വിലയും കല്പിക്കുന്നില്ല. അവൻ അവന്റെ സനാതന നിയമമനുസരിച്ച് പ്രവാചക ന്മാരെ ആവശ്യം വരുമ്പോൾ അയച്ചുകൊ ണ്ടേയിരിക്കുന്നു.

ഹദ്റത്ത് യൂസുഫ് നബി(അ) വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ ജനത പറഞ്ഞതായിട്ട് അല്ലാഹു ഖുർആനിൽ പറയുന്നു: "മുമ്പേ യൂസുഫ് നിങ്ങളുടെ അടുക്കൽ വ്യക്തമായ തെളിവുകളു മായി വന്നിട്ടുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം നിങ്ങൾക്കു കൊണ്ടുവന്ന തിനെക്കുറിച്ച് നിങ്ങൾ സംശയത്തി ലായിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ നിങ്ങൾ പറഞ്ഞു: **'അല്ലാഹു അദ്ദേഹത്തിനുശേഷം ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല.'** ഇപ്രകാരം അതിരുകവിഞ്ഞ് പ്രവർത്തിക്കുന്നവരും സംശയാലുക്കളും വഴിപിഴച്ചവരാണെന്ന് അല്ലാഹു തീരുമാനിക്കുന്നു.തങ്ങൾക്കു വന്നുകിട്ടിയ ഒരു പ്രമാണവും കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ കുതർക്കം ചെയ്യുന്നവരാണ വർ."(40ഃ 35,36)

വിശുദ്ധ ഖുർആനിൽ മുൻകഴിഞ്ഞ നബിമാരുടേയും അവരുടെ ജമാഅത്തി ന്റേയും സംഭവങ്ങൾ കേവലമൊരു കഥയെന്ന നിലയിലല്ല വിവരിച്ചിട്ടുള്ളത്. അതിൽനിന്ന് മുസ്ലീംകൾ പാഠമുൾ ക്കൊള്ളാനാണ്. നിഷേധികൾ പറഞ്ഞതു പോലെ പറയാതിരിക്കാനാണ്. യൂസു ഫിന്റെ ഉമ്മത്തിന്റെ വിശ്വാസം ഇവിടെ എടുത്തു പറഞ്ഞത് അതുകൊണ്ടു തന്നെയാണെന്നതിൽ ഒരു സംശയ വുംവേണ്ട. ഈ ആയത്തിൽ ഉപയോഗി ച്ചിട്ടുള്ള **'യുദില്ലു, യുജാദിലൂന'** എന്നീ പദങ്ങൾ വർത്തമാന കാലത്തിന്റേയും ഭാവികാലത്തിന്റേയും അർഥം കുറിക്കു ന്നതാണ്. അല്ലാഹു നബി(സ)തിരു മേനിയെ സംബോധന ചെയ്തുകൊണ്ടു പറയുന്നു: **'മാ യുഖാലു ലക്ക ഇല്ലാ മാ ഖദ് ഖീല ലിർറുസുലി മിൻഖബ്ലിക്ക'** (41:44)നിനക്കു മുമ്പേ വന്ന ദൂതന്മാരോടു പറയപ്പെട്ടതല്ലാതെ നിന്നോ ടു പറയപ്പെടുന്നില്ല.

മൗലവി അബ്ദുസത്താർ സാഹിബ് തന്റെ ഖിസസുൽഹുസ്നയ്ൻ(യൂസുഫ് സുലേഖ പ്രേമകാവ്യം)നിൽ പറയുന്നു:

**ജഅ്ഫർ സ്വാദിഖ് കരേ രിവായത്ത്**
**ഇസ് വിച്ഃ ശക് നഃ കോയി**
**ഉസ് വേലെ വിച്ഃ ഹഖ് യൂസുഫ്**
**ദേ ഖത്തമെനുബുവ്വത്ത് ഹുയി**

ഹദ്റത്ത് ജഅ്ഫർ സ്വാദിഖ് നിവേദനം. ആ നേരത്ത് ഹദ്റത്ത് യൂസുഫ് നബിയിൽ നുബുവ്വത്ത് പര്യവസാനിച്ചു വെന്നതിൽ ഒരു സംശയവുമില്ല.

തെളിവൊന്നും കൂടാതെ പറഞ്ഞങ്ങ് പരത്തുകയാണ്. അപ്പോൾ **'മാ യുഖാലു ലക്ക ഇല്ലാ മാ ഖദ് ഖീല ലിർറുസുലി മിൻഖബ്ലിക്ക'** (41:44)നിനക്കു മുമ്പേ വന്നനബിമാരോട് പറയപ്പെട്ടതല്ലാടെ പറയപ്പെടുന്നില്ല എന്ന തത്ത്വപ്രകാരം നബി(സ)തിരുമേനിയെ സംബന്ധിച്ചും 'ആ മഹാത്മാവിനുശേഷം ഒരു നബിയും വരികയില്ലെന്ന്' മുസ്ലിംകളും പറയണ മായിരുന്നു. അതു അവർ പറഞ്ഞു കൊണ്ടിരിക്കുന്നു. പ്രചരിപ്പിച്ചുകൊണ്ടി രിക്കുന്നു. ജനങ്ങളെ ഹിദായത്തിൽനിന്ന് തടഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ, അല്ലാഹു തന്റെ ദാസനെക്കൊണ്ട് ജോലി എടുപ്പിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹു പറയുന്നു: **അന്നഹും ളന്നൂ കമാ ളനൻതും അൻല്ലൻയ്യബ്അഥല്ലാഹു അഹദാ** (72:8) നിങ്ങൾ (ഭൂരിപക്ഷമു സ്ലിംകൾ) ധരിക്കുന്നതുപോലെ അല്ലാ ഹു ഒരിക്കലും ആരേയും നിയോഗിക്കു കയില്ലെന്ന് അവരും(ജിന്നുകളും) ധരിച്ചിരുന്നു.

ഇവിടെപ്പറഞ്ഞ ജിന്ന് ഒരു ജനതയുടെ നേതാക്കന്മാരാണ്. സങ്കല്പങ്ങളിലും ഭാവനകളിലുമുള്ള അദൃശ്യജീവികളല്ല. അവർ നബി(സ)യുടെ സന്നിധിയിൽ ഹാജരായി. അവർ ഭക്ഷണം പാചകം ചെയ്യുന്നതിന് അടുപ്പുകൾ പൂട്ടിയിരുന്നു. അവിടെ വിറകുകത്തിച്ചതിന്റെ അടയാള ങ്ങളും ഭക്ഷണാവശിഷ്ടങ്ങളും കണ്ടിരു ന്നു. അവരെ സംബന്ധിച്ച് പറയുന്നത്, അഫ്ഗാനിസ്ഥാനിൽ താമസിച്ചിരുന്ന ബനൂഇസ്റായീലിന്റെ ഒരു പ്രതിനിധി സംഘമായിരുന്നുവെന്നാണ്. അവർ അവരുടെ ജനതയിലെ നേതാക്കന്മാരും ഉയർന്ന ആളുകളുമായിരുന്നു. അതായത് ജിന്നുകളായിരുന്നു. നബി(സ)യുടെ നിയോഗം അറിഞ്ഞ് കാര്യങ്ങൾ പരിശോധിച്ചറിയാൻ അവർ തീരുമാനിച്ചു. ദീർഘമായ ചർച്ചയ്ക്കൊടുവിൽ അവർ മനസ്സുകൊണ്ടു നബിയിൽ വിശ്വസിച്ചു. തങ്ങളുടെ നിരർഥകമായ വിശ്വാസം ഉപേക്ഷിക്കുകയും ചെയ്തു. അതായത് ചില വിഢ്ഢികൾ കരുതുന്നതുപോലെ അല്ലാഹു ഇനി ആരെയും നിയോഗി ക്കുകയില്ലെന്ന് അവരും കരുതിയിരുന്നു. അവസാനം ആ വിശ്വാസം അവർ ഉപേക്ഷിച്ചു. പിന്നീടു ഇക്കൂട്ടർ തങ്ങളുടെ ജനതയിലേക്കു മടങ്ങിപ്പോയി. അക്കാല

ഘട്ടത്തിലെ എല്ലാ അഫ്ഗാനികളേയും മുസ്‌ലീംകളാക്കി.

**നബിവരില്ലെന്ന യഹൂദികളുടെ ഐകകണ്ഠ്യേനയുള്ള വിശ്വാസം**

**ഇജ്മാഅൽയഹൂദു അലാ അൻല്ലാനബിയ്യ ബഅ്ദ മൂസാ** (മുസല്ലമുഥ്ഥബൂത് പേജ് 170)

മൂസാ(അ)യ്ക്കുശേഷം നബിവരികയില്ലെന്നത് യഹൂദികളുടെ ഏകോപിച്ച അഭിപ്രായമാണ്.

**യഹൂദികളും നസ്വ്റാണികളും**

**ഇന്നൽ യഹൂദ വന്നസ്വാറാ കാനൂ യഖൂലൂന ഫിത്തൗറാത്തി വൽഇഞ്ചീലി അന്ന ഹാത്തയ്ന ശ്ശരീഅത്തയ്നി ലാ യത്തത്വർറഖു ഇലയ്ഹിമന്നസ്ഖു വത്തഗ്‌യീറു വഅന്നഹുമാ ലാ യജീഉ ബഅ്ദ ഹുമാ നബിയ്യുൻ** (തഫ്സീർ കബീർ വാള്യം 4 പേജ് 32 മിസ്റി ആയത്ത് വമൻ അള്‌ലമു മിമ്മനിഫ്തറാ അലല്ലാഹി കദിബാ 6:22)

യഹൂദികളും ക്രിസ്ത്യാനികളും പറയാറുണ്ടായിരുന്നു, തൗറാത്തിൽ നിന്നും ഇഞ്ചീലിൽനിന്നും മനസ്സിലാകുന്നത് ഈ രണ്ടു ശരീഅത്തുകളും ഒരിക്കലും കാലഹരണപ്പെടുകയില്ലെ ന്നാണ്. അവർക്കു ശേഷം ഒരു നബിയും വരികയില്ല.

ഇത് ഓരോ കാലഘട്ടത്തിലേയും ജനങ്ങളുടെ കണ്ടുപിടുത്തമാണ്. പ്രമാണബദ്ധമായ ഒന്നും ഇതിന്റെ പിന്നിലില്ല. പക്ഷേ, അല്ലാഹു ഇവരുടെ ഈ 'അഭ്യാസ പ്രകടനങ്ങൾ'ഒന്നും വകവയ്ക്കാറില്ല. അവൻ ഇക്കാലഘട്ടത്തിലും ഒരു നബിയെ നിയോഗിച്ചിരിക്കുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പ്രവാചകത്വം ഇതുവരെ വന്ന പ്രവാചകന്മാരിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. അതു മനസ്സിലാക്കാതെ 'കാളപെറ്റു എന്നുകേൾക്കുമ്പോൾ കയർ എടുക്കുന്ന' സമീപനമാണ് മുസ്‌ലിം ഉമ്മത്ത് സ്വീകരിച്ചിട്ടുള്ളത്. അദ്ദേഹം പറയുന്നത് ക്ഷമയോടെ കേൾക്കുക, അതിനുശേഷം ഇഷ്ടമുള്ള തീരുമാനം എടുക്കുക. അതല്ലേ മര്യാദ! തന്റെ നുബുവ്വത്ത് അഥവാ പ്രവാചകത്വത്തെക്കുറിച്ച് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

"എന്റെ വാദങ്ങളേയും അതിനു പിൻബലമുള്ള ന്യായയുക്തികളേയും കുറിച്ച് അപൂർണവും ഉപരിപ്ലവവുമായ അറിവു മാത്രമുള്ളവരും എന്റെ ലിഖിതങ്ങൾശ്രദ്ധാപൂർവം വായിക്കാൻ സമയമില്ലാത്തവരും തങ്ങളുടെ അറിവുകൾ പൂർണമാകുവോളം എന്റെ സാമീപ്യ സമ്പർക്കത്തിൽ കഴിച്ചുകൂട്ടിയിട്ടില്ലാത്തവരുമായ എന്റെ ജമാഅത്തിലെ ചില അംഗങ്ങൾ ചിലപ്പോൾ ഏതെങ്കിലുമൊരു എതിരാളിയുടെ ആക്ഷേപം കേട്ട് യാഥാർഥ്യവുമായി പൊരുത്തപ്പെടാത്ത മറുപടി പറയാൻ ഇടയാകുന്നു. തന്നിമിത്തം അവർ നേർവഴിയിലായിരിക്കെത്തന്നെ വലുതായ എളിമയിലായിത്തീരുന്നു.

അടുത്ത് മാത്രമാണ് ഒരു അഹ്മദിയ്ക്ക് 'ഒരു നബിയും റസൂലുമാണെന്ന് വാദിച്ചിട്ടുള്ള ഒരാൾക്കാണ് താൻ ബയ്അത്ത് ചെയ്തിട്ടുള്ളത്' എന്ന ഒരാക്ഷേപത്തെ അഭിമുഖീകരിക്കേണ്ടി വന്നത്. ഞാൻ അപ്രകാരം ഒരു വാദവും പുറപ്പെടുവിച്ചിട്ടില്ലെന്ന് വ്യക്തമായി നിഷേധിച്ചു പറഞ്ഞുകൊണ്ട് അദ്ദേഹം ആ ആക്ഷേപത്തെ തത്ക്കാലം മറികടന്നു. എന്നാൽ, ഈ പ്രത്യുത്തരം ഒട്ടും ശരിയായിരുന്നില്ല. അല്ലാഹു എനിക്കിറക്കിയ പാവനവും പരിശുദ്ധവുമായ വെളിപാടുകളിൽ നബി(പ്രവാചകൻ), റസൂൽ (ദൈവദൂതൻ)എന്നുള്ള വാക്കുകൾ അടങ്ങിയിട്ടുണ്ടെന്നതാണ് യാഥാർഥ്യം. ഈ വാക്കുകൾ ഒന്നോ രണ്ടോ വട്ടമല്ല നൂറുകുറി ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. ഈ വെളിപാടുകളുള്ളപ്പോൾ അത്തരം വാക്കുകളൊന്നുമില്ലാത്തതുപോലെ അപ്രകാരമുള്ള മറുപടി നല്കുന്നത് ശരിയായിരിക്കുന്നതെങ്ങനെ? ഇത്തരം വാക്കുകൾ ആദ്യമുണ്ടായിരുന്നതിനെക്കാൾ അധികമായും അടിക്കടിയായും കൂടുതൽ സ്ഫുടതരമായും ഇപ്പോൾ വെളിപാടുകളിൽ കാണപ്പെടുന്നുമുണ്ട്. 22 കൊല്ലംമുമ്പേ പ്രസിദ്ധപ്പെടുത്തിയ ബറാഹീനെ അഹ്മദിയ്യായിൽതന്നെ അത്തരം വാക്കുകൾ ധാരാളമായി കാണാവുന്നതാണ്. ബറാഹീനെ അഹ്മദിയ്യായിൽ പ്രസിദ്ധപ്പെടുത്തിയ വഹ്‌യുകളിലൊരു വഹ്‌യ് ഇങ്ങനെയാണ്: **'ഹുവല്ലദീ അർസല റസൂലഹൂ ബിൽഹുദാ വദീനിൽഹഖ്ഖി ലിയുദ്ഹിറഹൂ അലദ്ദീനി കുല്ലിഹീ** (പേജ് 498). അവനത്രെ തന്റെ ദൂതനെ സന്മാർഗ ദർശനത്തോടും സത്യമായ ദീനോടും കൂടി അതിനെ മറ്റെല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി അയച്ചിട്ടുള്ളത്. ഈ വഹ്‌യിൽ എന്നെ വ്യക്തമായും ഒരു റസൂൽ (ദൈവദൂതൻ) ആയിട്ടുതന്നെ നിയോഗിച്ചതായി പ്പറയുന്നു. അതേ പുസ്തകത്തിൽത്തന്നെ മറ്റൊരു വെളിപാടുള്ളത് **'ജരിയുല്ലാഹി ഫീ ഹുലലിൽ അമ്പിയാ'** എന്നാണ്. പ്രവാചകന്മാരുടെ പുടവയിൽ അല്ലാഹുവിന്റെ ധീര യോദ്ധാവ്. (പേജ് 504) ഇതോടു തൊട്ടുതന്നെ പിന്നെയും അല്ലാഹുവിന്റെ ഈ വഹ്‌യ് കാണാം. **'മുഹമ്മദുർറസൂലുല്ലാഹി വല്ലദീന മഅഹൂ അശിദ്ദാഉ അലൽകുഫ്ഫാരി റുഹമാഉ ബയ്നഹും'** മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു, അദ്ദേഹത്തോടൊപ്പമുള്ളവർ അവിശ്വാസികൾക്കെതിരെ കടുപ്പമുള്ളവരാകുന്നു; തമ്മിലാകട്ടെ കാരുണ്യമുള്ളവരും. ഈ ദൈവിക വഹ്‌യിൽ ഞാൻ മുഹമ്മദ് എന്നും അതുപോലെതന്നെ റസൂൽ എന്നും വിളിക്കപ്പെട്ടിരിക്കുന്നു. വീണ്ടുമൊരു വഹ്‌യ് ബറാഹീനെ അഹ്മദിയ്യായുടെ 557-ാംപേജിൽ രേഖപ്പെടുത്തിയിട്ടുള്ളതു കാണാം. **'ദുൻയാമെ ഏക് നദീർ ആയാ'** ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ഇതിന്റെ മറ്റൊരു പാഠം **'ദുൻയാ മെ ഏക് നബി ആയി'** ലോകത്ത് ഒരു നബി വന്നുവെന്നുമത്രെ. ഇപ്രകാരംതന്നെ ബറാഹീനെ അഹ്മദിയ്യായിൽ വേറേയും ഒട്ടേറെ സ്ഥലങ്ങളിലും ഞാൻ നബിയെന്നും റസൂലെന്നും സംബോധന ചെയ്യപ്പെട്ടിട്ടുണ്ട്. വിശുദ്ധ നബി(സ) ഖാത്തമുന്നബിയ്യീനായിരിക്കെ അദ്ദേഹത്തിനു ശേഷം പുതിയൊരു പ്രവാചകൻ വരുന്നതെങ്ങനെ എന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരമിതാണ്. തീർച്ചയായും ഈസാ നബിയുടെ ആവിർഭാവത്തിൽ നിങ്ങൾ വിശ്വസിക്കുന്ന അർഥത്തിലും അദ്ദേഹത്തിന്റെ പ്രവാചകത്വത്തിലും അദ്ദേഹത്തിനു 40 കൊല്ലക്കാലം വഹ്‌യുകൾ തുടരുന്നതിലും-തിരുനബിയുടെ പ്രവാചകത്വ കാലയളവിനെക്കാൾ കൂടിയതാണിതെന്ന് ഓർക്കണം-നിങ്ങൾ വിശ്വസിക്കുന്നതുപോലുള്ള പുതിയതോ പഴയതോ ആയ ഒരു നബിയും വരാൻ പാടില്ല. അത്തരമൊരു വിശ്വാസം ഗുരുതരമായ കുറ്റം തന്നെയാണെന്നതിൽ സംശയമില്ല. **വലാക്കിർറസൂല്ലാഹി വ ഖാത്തമന്നബിയ്യീൻ** എന്ന ഖുർആനിക വചനവും **ലാനബിയ്യ ബഅ്ദീ** എന്ന ഹദീഥും അത്തരം തെറ്റായ സിദ്ധാന്തത്തിന്റെ പ്രത്യക്ഷമായ അസത്യത്തെ തെളിയിച്ചു കാട്ടുന്ന പ്രബലമായ സാക്ഷ്യമാകുന്നു. ഞാൻ അത്തരം വിശ്വാസങ്ങൾക്കു തികച്ചും എതിരായിരിക്കുന്നതിനു പുറമെ **വലാക്കിർ റസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ** എങ്കിലും അദ്ദേഹം അല്ലാഹുവിന്റെ ദൂതനും ഖാത്തമന്നബിയ്യീനുമാകുന്നു എന്ന ഖുർആൻ വാക്യത്തിൽ സുദൃഢമായ വിശ്വാസം പുലർത്തുകയും ചെയ്യുന്നു. ഈ വാക്യത്തിൽ നമ്മുടെ എതിരാളികളുടെ ശ്രദ്ധയിൽ പ്പെടാതെ പോയ ഒരു വലിയ പ്രവചനം

അടങ്ങിയിരിക്കുന്നു. അതിതാണ്: അല്ലാഹു ഈ വചനത്തിൽ പറയുന്നു, നബി(സ)തിരുമേനിക്കുശേഷം കാലാവസാനംവരെ ലോകത്ത് പ്രവചന ശേഷിയുടെ ദിവ്യമായ വരദാനം തടയപ്പെട്ടിരിക്കും എന്നതത്രെ അത്. ഹിന്ദുവോ, ജൂതനോ, ക്രിസ്ത്യാനിയോ നാമമാത്ര മുസ്‌ലിമോ ആയിട്ടുള്ള ഏതൊരാൾക്കും തന്റെ പേരിൽ നബിയെന്ന സ്ഥാനപ്പേര് സ്വീകരിക്കുന്നതിനെ ന്യായീകരിക്കാൻ സാധിക്കുന്നതല്ല. നുബുവ്വത്തിന്റെ സകല ജാലകങ്ങളും അടയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ, സീറത്തെസിദ്ദീഖീ (സിദ്ദീഖീ ഗുണം) എന്ന ഒരു ജാലകം തുറന്നു കിടക്കുന്നുണ്ട്. അതായത് ഫനാഫിർ റസൂലിന്റെ ജാലകം. ആരാണോ ഈ ജാലകത്തിലൂടെ അല്ലാഹുവിന്റെ അടുക്കൽ വരുന്നത് അവനെ ഛായാപരമായ നിലയിൽ അതേ പ്രവാചകത്വ ത്തിന്റെ ഷാൾ അണിയിക്കുന്നതാണ്. അത് മുഹമ്മദീ പ്രവാചകത്വത്തിന്റെ ഷാൾ ആകുന്നു. അതുകൊണ്ട് അദ്ദേഹം നബിയാകുക എന്നത് നാണക്കേടല്ല. എന്തുകൊണ്ടെന്നാൽ അത്തരം പ്രവാചകത്വം തന്നത്താൻ ഉണ്ടായിട്ടുള്ളതല്ല. പ്രത്യുത തന്റെ നബിയുടെ(സ) അരുവിയിൽ നിന്ന് ആവാഹിച്ചെടുത്തിട്ടുള്ളതാണ്. അത്തരമൊരാൾ തന്റെ ഔന്നത്യവും സ്ഥാനവും ഉയർത്താനല്ല, നേരെമറിച്ച് തിരുനബി(സ)യുടെ മഹത്വവൽക്കരണത്തിനായിട്ടാണ് നബി ആയിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തിന്റെ പേര് ദൈവിക സവിധത്തിൽ മുഹമ്മദും അഹ്മദുമാണ്. മുഹമ്മദിന്റെ(സ) പ്രവാചകത്വം അവസാനം മുഹമ്മദിനു(സ) തന്നെ ലഭിച്ചു. എന്നുവച്ചാൽ ഈ പദവി അവകാശപ്പെടുന്ന ഒരാൾ തിരുനബി(സ)യുടെ എല്ലാ ഗുണങ്ങളേയും തന്നിൽ പ്രതിഫലിപ്പിക്കുകയും അവിടത്തോടുള്ള കടപ്പാടിനെ അംഗീകരിക്കുകയും ചെയ്തുകൊണ്ട് ആ മഹാത്മാവിന്റെ നിഴലെന്നോണം പ്രവർത്തിക്കുന്നതായിരിക്കും.... ഈ പേര് എനിക്കു കിട്ടിയിട്ടുള്ളത് **ഫനാഫിർ റസൂൽ** എന്ന നിലയിലാണ്.'' (ഏക് ഗലത്തീ കാ ഇസാലഃ, പേജ് 1-3)

**ഇതിൽനിന്ന് ഒരു കാര്യം വ്യക്തമായി**

ഹദ്റത്ത് ആദം(അ), ഹദ്റത്ത് ഇദ്‌രീസ്(അ), ഹദ്റത്ത് നൂഹ്(അ), ഹദ്റത്ത് ഹൂദ്(അ), ഹദ്റത്ത് സ്വാലിഹ്(അ), ഹദ്റത്ത് ഇബ്റാഹീം(അ), ഹദ്റത്ത് ലൂത്ത്(അ), ഹദ്റത്ത് ഇസ്മായീൽ(അ), ഹദ്റത്ത് ഇസ്ഹാഖ്(അ), ഹദ്റത്ത് യഅ്ഖൂബ്(അ), ഹദ്റത്ത് അയ്യൂബ്(അ), ഹദ്റത്ത് യൂസുഫ്(അ), ഹദ്റത്ത് ശുഅയ്ബ്(അ), ഹദ്റത്ത് മൂസാ(അ), ഹദ്റത്ത് അൽയസ്അ്(അ), ഹദ്റത്ത് ദാവൂദ്(അ), ഹദ്റത്ത് സുലയ്മാൻ(അ), ഹദ്റത്ത് ദുൽകിഫ്ല്(അ), ഹദ്റത്ത് ഇൽയാസ്(അ), ഹദ്റത്ത് യൂസുഫ്(അ), ഹദ്റത്ത് സകരിയ്യ(അ), ഹദ്റത്ത് യഹ്‌യാ(അ), ഹദ്റത്ത് ഈസാ(അ), തുടങ്ങിയവർക്കൊന്നുംലഭിച്ച പ്രവാചകത്വമല്ല, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് ലഭിച്ചത്. ഇതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമായ നുബുവ്വത്താണ് ഹദ്റത്ത് അഹ്മദ്(അ)ന് അല്ലാഹു നല്കിയത്. അതെന്താണ്?

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് ലഭിച്ച പ്രവാചകത്വം, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ മഹാപ്രവാചകത്വത്തിന്റെ അരുവിയിൽ നിന്ന് അല്ലാഹു കുടിപ്പിച്ച പ്രവാചകത്വമാണ്. ലോകം മുഴുവൻ ഉദിച്ചുയർന്നു നില്ക്കുന്ന സിറാജൻ മുനീറായ മുഹമ്മദു മുസ്തഫാ(സ)യുടെ ആത്മീയകിരണങ്ങൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ൽ പതിപ്പിച്ചുകൊണ്ട് അല്ലാഹു അദ്ദേഹത്തിനു നല്കിയ പ്രവാചകത്വമാണ്. ഇതു മുഹമ്മദു മുസ്തഫാ(സ)യുടെ ദീനിനെ എല്ലാ മതങ്ങളുടേയും എല്ലാ ഇസങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി മുഹമ്മദു മുസ്തഫാ(സ)യുടെ നുബുവ്വത്തിൽ നിന്നുതന്നെ അംശമെടുത്ത് അല്ലാഹു ഹദ്റത്ത് അഹ്മദ് (അ)ന് കനിഞ്ഞരുളിയ നുബുവ്വത്താണ്. ഹദ്റത്ത് മുഹമ്മദ് (സ) സൂര്യനാണെങ്കിൽ, ഹദ്റത്ത് അഹ്മദ് (അ)പതിനാലാം രാവിലെ ചന്ദ്രനാണ്; സൂര്യനിൽ നിന്ന് പ്രകാശംപറ്റി ചന്ദ്രൻ പ്രകാശിക്കുന്നതുപോലെതന്നെ. ഹദ്റത്ത് മുഹമ്മദ് (സ) സ്തുതിക്കപ്പെട്ടവനാണെ ങ്കിൽ, ഹദ്റത്ത് അഹ്മദ്(അ) സ്തുതിക്കുന്നവനാണ്.

**ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രവാചകത്വം**

''ഒരാൾ ഹദ്റത്ത് അഹ്മദിനോടു (അ)താങ്കൾക്ക് പ്രവാചകത്വ (നുബുവ്വത്ത്) വാദം ഉണ്ടോ എന്ന് ചോദിച്ചു. ആ മഹാത്മാവ് പറഞ്ഞു, 'മുൻകഴിഞ്ഞ എല്ലാമഹാത്മാക്കളും അംഗീകരിച്ചു വന്നിട്ടുള്ളതാണ്, കരുണ കാണിക്കപ്പെട്ടിട്ടുള്ള ഈ ഉമ്മത്തിനിടയിൽ ദൈവിക ഭാഷണത്തിന്റെ പരമ്പര എപ്പോഴും നടന്നുകൊണ്ടിരിക്കുന്നുവെന്നത്. ഈ അർഥത്തിൽ ഞാൻ നബിയാണ്. ഇല്ലെങ്കിൽ ഞാൻ എന്നെത്തന്നെ ഉമ്മത്തി എന്നു പറയുന്നതെന്തിന്? ഏതെങ്കിലും ആത്മീയാനുഗ്രഹം ആർക്കെങ്കിലും ലഭിക്കാവതാണെങ്കിൽ അതു നബി(സ)തിരുമേനിയെ പിൻപറ്റുന്നതിലൂടെ മാത്രമേ ലഭിക്കുകയുള്ളു എന്നാണ് ഞാൻ പറയുന്നത്. ഇതല്ലാതെ മറ്റൊരു മാർഗവുമില്ല. ഒരു സാങ്കേതികത്വത്തിന് പുതിയ അർഥം സ്വന്തമായി ഉണ്ടാക്കുന്നത് ശരിയല്ല. വരുന്ന മസീഹ് നബിയുമായിരിക്കുമെന്നും ഉമ്മത്തിയുമായിരിക്കുമെന്നും ഹദീഥു ശരീഫിലും വന്നിട്ടുണ്ട്. നബി(സ)തിരുമേനിയിൽനിന്നുതന്നെ ആത്മീയാനുഗ്രഹം സമ്പാദിച്ച് എല്ലാ സമ്പൂർണതയും കൈവരിക്കുന്ന ആളാണ് ഉമ്മത്തി. പക്ഷേ, മുമ്പേതന്നെ നുബുവ്വത്തിന്റെ പദവി കരസ്ഥമാക്കിയിട്ടുള്ള വ്യക്തിയ്ക്ക് ഉമ്മത്തി എങ്ങനെ ആകാൻ കഴിയും? അദ്ദേഹം ആദ്യംമുതലേ നബിയാണ്.

ചോദ്യകർത്താവ് ചോദിച്ചു, ഇത്തരം നബിമാർ ഇസ്‌ലാമിൽ വരാവതാണെങ്കിൽ താങ്കൾക്കു മുമ്പേ വന്ന നബി ആരാണ്?

ഹദ്റത്ത് അഹ്മദ് (അ)പറഞ്ഞു: 'ഈ ചോദ്യം എന്നോടല്ല, നബി(സ) തിരുമേനിയോടാണ് ചോദിക്കേണ്ടത്. ആ മഹാത്മാവ് ഒരാൾക്കു മാത്രമേ നബി എന്നു പേരുവച്ചിട്ടുള്ളു. ഇതിനുമുമ്പേയുള്ള ആർക്കും നബി എന്നു പേരു വെച്ചിട്ടില്ല. ഇക്കാരണത്താൽ ഈ ചോദ്യത്തിനു മറുപടി പറയേണ്ടത് എന്റെ ബാധ്യതയല്ല.'' (മൽഫൂദ്വാത് ലണ്ടൻ പതിപ്പ് വാള്യം 8 പേജ് 438, പുതിയ പതിപ്പ് വാള്യം 5, പേജ് 27)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു:- ''നബി(സ)തിരുമേനിയുടെ കാലത്തും ബദ്റിൽത്തന്നെയാണ് അല്ലാഹു സഹായിച്ചത്. ശോചനീയാവസ്ഥയിലുണ്ടായിരുന്നവർക്കു തന്നെയായിരുന്നു ആ സഹായം. വെറും 313 ആളുകളേ രംഗത്തുണ്ടായിരുന്നുള്ളു. മൊത്തം അവരുടെ കൈയിലുണ്ടായിരുന്നത് വടികൊണ്ടുള്ള രണ്ടുമൂന്നു വാളുകളായിരുന്നു. ആ 313 പേരിൽ അധികവും കുട്ടികളായിരുന്നു. അതിനെക്കാൾ വലിയ ശോചനീയാവസ്ഥ മറ്റെന്താകാനാണ്? മറുവശത്ത് ശക്തമായൊരു ജനക്കൂട്ടം. എല്ലാവരും യുദ്ധനൈപുണ്യമുള്ളവരും യുവാക്കളും. നബി(സ)യുടെ ഭാഗത്ത് ബാഹ്യമായ സാധനസാമഗ്രികളൊന്നുമുണ്ടായിരുന്നില്ല. നബി(സ) പ്രാർഥിച്ചു: 'അല്ലാഹുമ്മ ഇൻ അഹ് ലക്ത ഹാദിഹിൽ ഇസ്വാബത്ത് ലൻതുഅബദ ഫിൽഅർദി അബദാ' അല്ലാഹുവേ! ഈ ജമാഅത്തിനെ ഇന്നു നീ നശിപ്പിച്ചാൽ നിന്നെ ആരാധിക്കുന്നവരാരും പിന്നീട്

ഉണ്ടായിരിക്കുകയില്ല.

''കേട്ടുകൊള്ളുവിൻ! ഞാനും അതേപോലെ പറയുകയാണ്. ബദ്റിന്റെ അതേ അവസ്ഥ തന്നെയാണ് നിലവിലുള്ളത്. അതേപോലെയുള്ള ഒരു ജമാഅത്ത് അല്ലാഹു തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 'ബദ്ർ' എന്ന പദവും 'അദില്ലത്തുൻ' എന്ന പദവും അന്നത്തെപോലെ ഇന്നും നിലകൊള്ളുന്നു. ശോചനീയാവസ്ഥ ഇസ്ലാമിനെ ബാധിച്ചിരിക്കുന്നുവെന്നു പറയുന്നത് കളവാണോ? ബാഹ്യമായ ഭരണത്തിലും അന്തസ്സ് കാണുന്നില്ല. ഒരു യൂറോപ്യൻ രാജ്യം മുഖം കാണിച്ചാൽ ഉടൻ ഓടി ഒളിക്കുന്നു. തലയുയർത്തി നില്ക്കാൻ എങ്ങനെ കഴിയും? ഇസ്ലാമിക രാജ്യങ്ങളുടെ അവസ്ഥയെന്താണ്? ഇതൊന്നും ശോചനീയാവസ്ഥയല്ലെന്നോ? ശക്തിയിൽ മുസ്ലീംകളെക്കാൾ ഹിന്ദുക്കൾ ഉയർന്നു നില്ക്കുന്നു. അവരുടെ മാർക്ക് ഉയർന്നു നിൽക്കുന്ന ഏതെങ്കിലുമൊരു അപമാനമുണ്ടോ? താഴെക്കിടയിലുള്ള ജോലികൾ എന്തെല്ലാമുണ്ടോ, അതെല്ലാം മുസ്ലീംകളിൽ കാണാം. വീടുകൾ തോറും കയറിയിറങ്ങി തെണ്ടിനടക്കുന്നവരെ മുസ്ലീംകളിൽ കാണാം. ജയിലുകളിൽച്ചെന്നാൽ കൂടുതലും മുസ്ലിം കുറ്റവാളികളായിരിക്കും. കള്ളുഷാപ്പുകളിൽ ചെന്നാൽ അവിടേയും ഭൂരിപക്ഷം മുസ്ലീംകൾത്തന്നെ. എന്നിട്ടും പറയുന്നു, മുസ്ലീംകൾ ദുർബലരായിട്ടില്ലെന്ന്. ഇസ്ലാമിന്റെ നാമംകൂടി ലോകത്തുനിന്ന് ഇല്ലാതാകുമ്പോഴായിരിക്കുമോ നിങ്ങൾ സന്തോഷിക്കുക? അപ്പോഴായിരിക്കും പറയുക, ഹൊ! ഇസ്ലാം ഇപ്പോൾ ദുർബലമായിപ്പോയി എന്ന്! ആഹ്! ഇസ്ലാമിന്റെ ശോച്യാവസ്ഥ എങ്ങനെയാണ് ഞാൻ നിങ്ങൾക്കു കാണിച്ചു തരേണ്ടത്? നോക്കൂ! വീണ്ടും ഞാൻ തുറന്നു പറയട്ടെ, ഇതു തന്നെയാണ് ബദ്റിന്റെ കാലഘട്ടം. ശോച്യാവസ്ഥ ഇസ്ലാമിനെ ബാധിച്ചു കഴിഞ്ഞിരിക്കുന്നു. അതിനെ ഇപ്പോൾ സഹായിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചു. അങ്ങനെ പ്രമാണങ്ങളും അഖണ്ഡിതമായ തെളിവുകളുംകൊണ്ട് എല്ലാജാതിയുടേയും മതങ്ങളുടേയുംമേൽ ഇസ്ലാമിനെ വിജയിപ്പിച്ചു കാണിക്കുന്നതിനുവേണ്ടി അവൻ എന്നെ അയച്ചിരിക്കുന്നു. ഈ അനുഗൃഹീത കാലഘട്ടത്തിൽ തന്റെ പ്രതാപം വെളിപ്പെടണമെന്ന് അല്ലാഹു ഇച്ഛിച്ചു. അതിനെ തടയാൻ ഇന്നാർക്കും സാധ്യമല്ല.''(തഫ്സീർ, ഹദ്റത്ത് അഹ്മദ് (അ) വാല്യം 2, പേജ് 150)

●

ഖുത്ബ പേജ് 12ൽ നിന്ന് തുടർച്ച

ണെങ്കിൽ അല്ലാഹു അവർക്ക് ഞാനാരാണെന്ന് വെളിപ്പെടുത്തിയേക്കാം. അല്ലാഹുവിനോട് വ്യക്തിപരമായി സഹായം അഭ്യർത്ഥിക്കുക. അല്ലാഹു നിരാശ്രയനാണ്. അവനെ ഭയപ്പെടുക. ആഖിറത്തിനെ ക്കുറിച്ച് ചിന്തിക്കുക.

പറയുന്നു, അല്ലയോ ജനങ്ങളെ, അല്ലാഹുവിനേയും അവന്റെ അടയാളങ്ങളേയും പരിഹാസിക്കരുത്. അവനോട് തെറ്റുകൾക്ക് ക്ഷമ ചോദിക്കുക. അവന്റെ മുമ്പിൽ തങ്ങളുടെ തെറ്റുകളുടെ ഭയത്താൽ യാചിക്കുക. നിങ്ങൾക്ക് മുമ്പ് നിഷേധിച്ച സമുദായത്തിന്റെ പരിണാമം നിങ്ങൾ മറന്നുപോയോ? ശിക്ഷ നൽകുന്ന അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിങ്ങളെ ഒഴിച്ചു നിർത്തിയിരിക്കുകയാണ്. അതിനാൽ തങ്ങളുടെ വിപത്തുകളിൽ നിന്ന് അല്ലാഹുവിനോട് അഭയം തേടുക. അഥവാ ഭയക്കുന്നവരാണെങ്കിൽ ഓരോരുത്തരായി നിലകൊള്ളുക. എതിർക്കുന്നവരെ അവഗണിക്കുക എന്നിട്ട് ചിന്തിക്കുക. നിങ്ങൾക്ക് മുമ്പ് നിഷേധികൾക്ക് നൽകിയ തെളിവുകൾ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ലേ? നിങ്ങൾക്ക് അടയാളങ്ങൾ ലഭിച്ചില്ലേ? അല്ലാഹുവിനെ നിന്ദിച്ചുകൊണ്ട് നിങ്ങൾ സ്വയം നിന്ദ്യരായില്ലേ? നിങ്ങളുടെ എല്ലാ കടങ്ങളും കടമുള്ളയാളെ പോലെ നികത്തിയില്ലേ? അതിനാൽ എന്നെ ഈ കോട്ടയിൽ ഇറക്കുകയും സത്യസാക്ഷ്യത്തിനായി തുറക്കുകയും അടക്കുകയും ചെയ്ത യഥാർഥ അനുഗ്രഹദാതാവാണെ സത്യം. അവനെനിക്ക് സന്താനങ്ങളെ നൽകി. എനിക്ക് വേണ്ടി ശത്രുക്കളെ നിഗ്രഹിച്ചു. തന്റെ അടയാളങ്ങളിൽ രൂപപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുന്ന അടയാളങ്ങൾ പ്രകടമാക്കി. മതങ്ങളുടെ ജൽസയിൽ സൃഷ്ടിക്കുന്ന അടയാളവും കാണിച്ചു - ഇതും പ്രവചനമനുസരിച്ച് ജൽസയിൽ വായിക്കപ്പെട്ട ഗ്രന്ഥമായിരുന്നു-. പിന്നീട് കൊല്ലപ്പെട്ട പശുക്കുട്ടിയിൽ അടിക്കുന്ന അടയാളവും കാണിച്ചു. വാച്യ അടയാളങ്ങളും പ്രവർത്തന അടയാളങ്ങളും കാണുന്നവർക്കായി വെളിപ്പെടുത്തി. അല്ലാഹു റമദാനിൽ സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും നിങ്ങൾക്ക് കാണിച്ചു തന്നു. എന്റെ സ്പഷ്ടതയിൽ നിങ്ങളെ ആരോപിതരാക്കി. എനിക്ക് ഖുർആൻ പഠിപ്പിച്ചുതന്നു.

പറയുന്നു, അല്ലയോ ജനങ്ങളെ! ഞാൻ സർവശക്തനായ നാഥനിൽ നിന്നാണ് നിങ്ങളുടെ പക്കൽ വന്നിട്ടുള്ളത്. നിങ്ങളിൽ നിന്ന് ആ ഗയ്യൂബിനെയും കബീറിനേയും ഭയപ്പെടുന്ന ആരും നിങ്ങളിലില്ലേ? അലസതയിൽ എന്നെ മറികടന്ന് പോകുകയാണോ? നിങ്ങൾ നിങ്ങളുടേ കുതന്ത്രങ്ങളെ പാരതമ്യതയിലേക്കെത്തിച്ചു. വേട്ടക്കാരെ പോലെ തന്ത്രങ്ങൾ മെനയുന്നതിൽ താമസം വരുത്തി. വ്യാജപ്പെടുത്തുന്നതും പിന്തള്ളപ്പെടുത്തുന്നതുമല്ലാതെ നിങ്ങൾ മറ്റെന്തെങ്കിലും കണ്ടിട്ടുണ്ടോ? വിശ്വാസത്തെ നഷ്ടപ്പെടുത്താതെ നിങ്ങൾ അന്വേഷിക്കുന്ന വസ്തുതയെ കണ്ടെത്തിയോ? അല്ലയെ മുസ്ലിംകളുടെ സന്തതികളെ! അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു എപ്രകാരമാണ് എന്റെ വാക്കുകളെ പൂർത്തിയാക്കിയതെന്ന് നിങ്ങൾ കാണുന്നില്ലേ? എനിക്ക് വേണ്ടി ധാരാളം പൊറുക്കലിനെ കാണിച്ചു തന്നു. അല്ലാഹുവിന്റെ അടയാളങ്ങളിലേക്ക് നിങ്ങൾ എന്തുകൊണ്ട് നോക്കുന്നില്ല? എനിക്ക് വേണ്ടി എന്തിനാണ് ആരോപണങ്ങളെ ചുമലിലേറ്റുന്നത്. നിങ്ങൾ നിങ്ങളുടെ ഭാവനയുടെ പരാജയം കണ്ടില്ലേ? നിങ്ങളുടെ സങ്കൽപത്തിന്റെ ന്യൂനത നിങ്ങളിൽ വെളിപ്പെട്ടില്ലേ? അതിനാൽ അതിനുശേഷം പരിഹസിക്കുവാനായി തുനിയരുത്. പരീക്ഷണങ്ങൾക്കു ശേഷം കള്ളം ചമച്ചുണ്ടാക്കരുത്. നാവുകളെ തടയുക. അഥവാ നിങ്ങൾ മുതഖികളാണെങ്കിൽ ലജ്ജിതനും തന്റെ ദുർപര്യവസാനത്തെ കുറിച്ച് ഭയപ്പെടുന്നവനെയും പോലെ തൗബ ചെയ്യുക. അല്ലാഹു തൗബ ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നു.

അല്ലാഹു പൊതു മുസ്ലിംകളുടെ ഹൃദയത്തെ വിശാലമാക്കട്ടെ. ഇവർ അല്ലാഹുവിന്റെ വിധിയെ മനസ്സിലാക്കുന്നവരാകട്ടെ. അവർ കടന്നുപോകുന്ന അവസ്ഥയിൽ നിന്നും പ്രയാസങ്ങളിൽ നിന്നും രക്ഷനേടുന്നതിനായി അല്ലാഹു ഇവർക്ക് നൽകുന്ന ആഘാതങ്ങളിലുള്ള സൂചനയെ ഇവർ മനസ്സിലാക്കട്ടെ. കളവാക്കുന്നതിൽ നിന്നും ദ്രോഹിക്കുന്നതിൽ നിന്നും പിന്മാറട്ടെ. അല്ലാഹു നമുക്കും തഖ്‌വയിൽ ചരിക്കുന്നതിനും നമ്മുടെ വാക്കും കർമവും അല്ലാഹുവിന്റെ തൃപ്തിക്കനുഗുണമാക്കി മാറ്റുന്നതിനായി ശ്രമിക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. ലോകത്തെ നാശത്തിൽ നിന്ന് എപ്പോഴും ജാഗ്രതപ്പെടുത്തിക്കൊണ്ടിരിക്കുക.

(പരിഭാഷ: ടി.എം. അബ്ദുൽ മുജീബ്, തമ്മനം)

# ദൈവവിചിന്തനം

76 വർഷങ്ങൾക്ക് മുമ്പ് 1937 ഡിസംബർ മാസത്തിൽ സത്യദൂതനിൽ എഴുതിയ ദൈവാസ്തിത്വത്തെ സംബന്ധിച്ച ലേഖനം

## മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ

ആസ്തികന്മാരുടെയും നാസ്തികന്മാരുടെയും ഇടയിൽ വിവാദവിഷയമായ ഒന്നാണ് ദൈവാസ്തിത്വത്തെ സംബന്ധിച്ച പ്രശ്നം. ഇതിലുമധികം പ്രാധാന്യവും ഗൗരവവും അർഹിക്കുന്ന പ്രശ്നം ഇല്ലെന്ന് പറയാം. ലോകത്തിലെ സർവ മതങ്ങളും ദൈവാസ്തിക്യത്തെ കുറിച്ച് പ്രതിപാദിക്കുന്നു. എന്നാൽ യുക്തിവാദികളെന്ന് സ്വയം അഭിമാനിക്കുന്ന ചിലർ തങ്ങൾക്ക് കണ്ണു കൊണ്ട് കാണാനോ മറ്റു ബാഹ്യേന്ദ്രിയങ്ങൾ കൊണ്ട് അറിയാനോ സാധിക്കാത്ത ഒരു ദൈവത്തിൽ വിശ്വസിക്കുന്നതും അങ്ങനെ ഒരുവനുണ്ടെന്ന് പറയുന്നതും അബദ്ധമാണെന്ന് ഘോഷിക്കുന്നു. മതത്തിലെ സർവ പ്രധാനമായ ഈ വിഷയത്തെ സംബന്ധിച്ച വിവാദം ചിന്താവിഷയമാക്കേണ്ടതുണ്ടോ എന്ന ചോദ്യം ഏതൊരു നിഷ്പക്ഷചിന്തകനും പ്രകൃത്യാ ഉണ്ടാകുന്നതാണ്. വിശേഷിച്ച് നിരീശ്വര വാദികളുടെ ചിന്തക്കാണ് ഈ പ്രശ്നം കൂടുതൽ വിഷയീഭവിക്കേണ്ടിയിരിക്കുന്നത്. ഇതിന്റെ യാഥാർഥ്യം അറിയുന്നത് ഗുണപ്രദവും അതറിയാതിരിക്കുന്നത് നാശഹേതുവും ആണെന്ന് തെളിയുന്ന പക്ഷം അതിനെ കുറിച്ച് ചിന്തിക്കേണ്ടത് അത്യാവശ്യമാണെന്ന് ഏതൊരു ചിന്തകനും സമ്മതിക്കുന്നതാണ്. ഒരു സംഗതിയുടെ ഗുണാഗണങ്ങളെ ആശ്രയിച്ചാ യിരിക്കും നാം അതിനെ ചിന്താവിഷയമാക്കുന്നത്. എന്നാൽ ഒന്നിനെക്കുറിച്ച് ചിന്തിച്ച് അതിന്റെ യാഥാർഥ്യം ഗ്രഹിക്കുന്നത് ഗുണകരവും ചിന്തിക്കാതെ അതിനെ അഗണ്യമാക്കി തള്ളുന്നത് ദോഷകരവുമാണെന്ന് വരുകിൽ തീർച്ചയായും അതിനെക്കുറിച്ച് ചിന്തിച്ച് അതിന്റെ യാഥാർഥ്യം ഗ്രഹിക്കേണ്ടത് അത്യാവശ്യം തന്നെയാണ്. ദൈവം ഒരുവനുണ്ടെങ്കിൽ അവനിൽ വിശ്വസിക്കുന്നത് ശ്രേയസ്കരവും അവനെ നിരസിക്കുന്നത് നാശഹേതുവും ആണെന്ന് സമ്മതിക്കാതെ നിവൃത്തിയില്ല. ദൈവത്തെ സംബന്ധിച്ച് വിശ്വാസം വെറും സിദ്ധാന്തപരമായതല്ല. അത് ശാസ്ത്രീയമായ ഒരു തത്ത്വം പോലെ കേവലം സിദ്ധാന്തപരമായ ഒന്നാണെങ്കിൽ അതിനെക്കുറിച്ച് ചിന്തിച്ചറിയുന്നത് കൊണ്ട് അത്ര വലിയ ഗുണമൊന്നും വരാനിരില്ലെന്നും ചിന്തിക്കാതിരിക്കുന്നത് കൊണ്ട് വലിയ ദോഷമൊന്നും ഉണ്ടാകാനില്ലെന്നും വിചാരിക്കാമായിരുന്നു. എന്നാൽ ദൈവമുണ്ടെന്ന് വരുമ്പോൾ അവനിലുള്ള വിശ്വാസം ശാരീരികം, ആത്മീയം, ഭൗതികം, പാരത്രികം എന്നിങ്ങനെയുള്ള നമ്മുടെ ജീവിതത്തിലെ നാനാ വശങ്ങളെയും സർവദാ ബാധിക്കുന്നതും അവനെക്കുറിച്ചുള്ള ചിന്ത നമ്മുടെ എല്ലാവിധ ഉൽക്കർഷത്തിനും കാരണമാകുന്നതും അവനെ സംബന്ധിച്ച് ചിന്തിക്കാതിരിക്കുന്നത് ഭയങ്കരനാശത്തിന് ഹേതുവായി തീരുന്നതുമാകുന്നു. അപ്പോൾ തീർച്ചയായും ദൈവാസ്തിക്യത്തെക്കുറിച്ച് ചിന്തിക്കുന്നത് മനസ്സാക്ഷിയും വിവേകബുദ്ധിയും നമ്മെ ഉണർത്തികൊണ്ടിരിക്കുന്നുമുണ്ട്.

ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവും നിയന്താവുമായ ഒരു ദൈവമുണ്ടായിരിക്കേണ്ടത് ഓരോ മനുഷ്യന്റെയും മനസ്സാക്ഷി, അതുദുഷിച്ച് ശിക്ഷണത്തിനും ദുസ്സംസർഗത്തിനും വിധേയമായി നിർജീവമായി പോയിട്ടില്ലെങ്കിൽ അവനെ പലപ്പോഴും ഉണർത്തിക്കൊണ്ടിരിക്കുന്നതാണ്. നമ്മുടെ സ്രഷ്ടാവായ ഒരുവനുണ്ടെന്ന് വരുമ്പോൾ അവൻ നമ്മെസൃഷ്ടിച്ചതിന് എന്തോ ഒരു ഉദ്ദേശമുണ്ടായിരിക്കേണമെന്നും നമ്മുടെ ജീവിതം ആ ഉദ്ദേശ്യത്തെ സാധിക്കുന്നതിനായിട്ടല്ലാതെ കേവലം മൃഗങ്ങളെപോലെ ശരീരേച്ഛകളെ മാത്രം നിവർത്തിക്കുന്നതിനായിരിക്കില്ലെന്നുമുള്ള ബോധം നമ്മുടെ അന്ത:കരണത്തിൽ ഉദിച്ചുയരുന്ന ദൈവത്തെ സംബന്ധിച്ച ഈ പ്രചോദനം നമുക്കതിനെ അവഗണിക്കുവാൻ സാദ്ധ്യമല്ലാത്ത വിധം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇങ്ങനെ ഒന്നാമതായി നമ്മുടെ മനസ്സാക്ഷി ഈ പ്രശ്നത്തെ നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നത് കൊണ്ട് നാം അതിനെക്കുറിച്ച് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. അതിനെ അഗണ്യമാക്കി തള്ളുകയെന്നത് മനസ്സാക്ഷി യെ നിഗ്രഹിക്കുന്നതിന് തുല്ല്യമാണെന്നും മനസ്സിലാ കുന്നു. ഇതേ പ്രകാരം നമ്മുടെ വിവേക ബുദ്ധിയാണ് ഈ പ്രശ്നം നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നത കൊണ്ട് നാം അതിനെ ഒരു പ്ര ത്യേക ഉദ്ദേശ്യത്തിന്ന് വേണ്ടി ഈ ലോകത്ത് സൃഷ്ടിച്ചിരിക്കുന്ന ഒരു ദൈവമുണ്ടെന്ന് വരുകയും ആ ദൈവത്തെക്കുറിച്ചും

അവൻ നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യത്തെക്കുറിച്ചും ചിന്തിക്കാതെ നാം മരിച്ചു പോകുകയും ചെയ്യുന്നതായാൽ അത് നമുക്ക് വളരെ നാശത്തിന് കാരണമാകുമെന്നും അതിനാൽ ദൈവമുണ്ടോ എന്നതു നാമറിയേണ്ടതുതന്നെയാണെന്നും നമ്മുടെ വിവേക ബുദ്ധി കൂടെകൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. നാം ഈലോകത്ത് സ്വമേധയാ വന്നവരാണോ? നാം ക്ഷണ ഭംഗുരമായ ഈ ലൗകിക സുഖം മാത്രം അനുഭവിക്കാൻ മാത്രമുള്ളവരാണോ? നമ്മുടെ ദൃഷ്ടിയിൽ കാണുന്ന അദ്ഭുതാവഹമായ ഈ ഘടനാ വൈചിത്രം നമ്മുടെ സ്വന്തം കൃതിയാണോ? നിയമ ചട്ടങ്ങൾക്കതീതമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചം യാദൃച്ഛികമായുണ്ടായതാണോ? ഇങ്ങനെയുള ചോദ്യങ്ങൾ നമ്മുടെ വിവേക ബുദ്ധിയുടെ മറുപടിക്കായി ആവിർഭവിച്ചു കൊണ്ടിരിക്കുന്നു. ഈ ചോദ്യങ്ങൾക്ക് സമാധാനപരമായ മറുപടി കാണുന്നതിന് നാം തീർച്ചയായും ഈശ്വര സ്വഭാവത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തിന് മനസ്സാക്ഷിയോ വിവേകബുദ്ധിയോ നൽകുന്ന സമാധാനം എന്താണെന്നതിനെക്കുറിച്ചല്ല ഞാൻ ഇവിടെ പ്രതിപാദിക്കുന്നത്. പ്രത്യുത മനസ്സാക്ഷിയും വിവേക ബുദ്ധിയും നമ്മുടെ മുമ്പാകെ ഈ പ്രശ്നത്തെ ഗൗരവ സമന്വിതം അവതരിപ്പിക്കുന്നത് കൊണ്ട് നാം ഈ വിഷയകമായി വിചിന്തനം ചെയ്യേണ്ടത് എത്രയും അത്യാവശ്യമാണെന്ന് മാത്രമാണ്. സൃഷ്ടാവായി ഒരുവനുണ്ടോ? ഉണ്ടെങ്കിൽ അവനെങ്ങനെയുള്ളവനാണ്? ഉണ്ടെങ്കിൽ അത് നിവർത്തിക്കുന്നതെങ്ങിനെ? എന്നിങ്ങനെയുള്ള പ്രശ്നങ്ങളെക്കുറിച്ച് ചിന്തിച്ചറിയുന്നതിന് ഗുണപ്രദമല്ലെന്ന് ബുദ്ധിയു ള്ളവരാരും പറയുകയില്ല. ഈ സ്ഥിതിക്ക് ദൈവത്തെക്കുറിച്ചറിയേണ്ട ആവശ്യമില്ലെന്ന് വല്ലവരും പറയുകയാണെങ്കിൽ അത് ഒരിക്കലും യുക്തിപൂർവമായിരിക്കില്ല.


ഇതിന് പുറമേ, ഈ പ്രശ്നത്തെക്കുറിച്ച് നാം ചിന്തിക്കേണമെന്ന് തന്നെയാണ് മതങ്ങളും പഠിപ്പിക്കുന്നത്. സകല മതങ്ങളും ശക്തിയോടുകൂടി ഈ പ്രശ്നത്തെ നമ്മുടെ ചിന്തക്ക് വിഷയീഭവിപ്പിക്കുന്നുണ്ട്. എന്ന്മാത്രമല്ല മതങ്ങളുടെ അടിസ്ഥാനതത്ത്വം ദൈവാസ്തിക്യമാണ്. കോടിക്കണക്കായുള്ള മനുഷ്യരുടെ സ്വീകര ണത്തിന് പാത്രമായിട്ടുള്ള മതങ്ങളുടെയെല്ലാം ഉത്ഭവം പലകാല ഘട്ടങ്ങളിലയി വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ദിവ്യവെളിപാടുകളിൽ നിന്നാകുന്നു. അതിനാൽ അനന്തര കാലഘട്ടത്തിൽ മനുഷ്യകയ്യേറ്റത്താൽ ആ മതങ്ങളിലെ ഉപദേശങ്ങൾക്ക് എത്രതന്നെ വൈരൂപ്യം സംഭവിച്ചിട്ടുണ്ടെന്നിരുന്നാലും പ്രസ്തുത പ്രശ്നത്തിന് അവയോരോന്നും പറയുന്ന സമാധാനം ഒന്നു തന്നെയാണെന്ന് തന്നെയുമല്ല ദൈവം എന്നൊരുവനുണ്ടോ എന്ന ചോദ്യത്തിന് മനസ്സാക്ഷിയും വിവേകബുദ്ധിയും നൽകുന്ന സമാധാനത്തെ മതങ്ങളാണ് നമുക്ക് വ്യക്തമാക്കിത്തരുന്നത്. അതായത്, പ്രപഞ്ചകർത്താവും നമ്മുടെ സ്രഷ്ടാവുമായി ഒരുവനു ണ്ടായിരിക്കുന്നതാണെന്ന് പ്രകൃതിയിൽ നിന്നും അന്തഃക്കരണത്തിൽ നിന്നുമുളവാക്കുന്ന സമാധാനത്തെ സ്ഥിരീകരിച്ച് സ്രഷ്ടാവും രക്ഷിതാവുമായ ഒരു ദൈവമുണ്ടെന്ന് ഖണ്ഡിതമായി നമ്മെ പഠിപ്പിക്കുകയാണ് മതങ്ങൾ ചെയ്യുന്നത്.വിവിധ മതങ്ങളിലെ ഉപദേശങ്ങൾ പരസ്പരം എത്രതന്നെ വ്യത്യാസപ്പെട്ടവയാണെങ്കിലും, ഈ പ്രപഞ്ചത്തിന് ഒരു കർത്താവുണ്ടെന്നും നാം അവന്റെ അധികാരത്തിന് വിധേയരാണെങ്കിലും അവൻ നമ്മുടെ ജീവിതത്തിന് ഒരു പ്രത്യേക ഉദ്ദേശ്യം കൽപ്പിക്കുകയും തൽപ്രാപ്തിക്ക് അവർ തന്നെ മാർഗനിർദ്ദേശമരുളുകയും ചെയ്തിട്ടുണ്ടെന്നും മരണാനന്തരം പരലോകത്ത് ഒരു ജീവിതമുണ്ടെന്നും കർമ സ്ഥിതിയനുസരിച്ച് നമുക്ക് പ്രതിഫലം ലഭിക്കുമെന്നും മറ്റു എല്ലാം പഠിപ്പിക്കുന്നുണ്ട്. എല്ലാമതങ്ങളുടെയും ഏകകണ്ഡിതമായ ഈ ഉപദേശങ്ങളും ദൈവത്തെ സംബന്ധിച്ച പ്രശ്നത്തെ നികൃഷ്ടമായി നമ്മുടെ മുമ്പാകെ അവതരിപ്പിക്കുകയും അതിനെ കുറിച്ച് വേണ്ടത്ര ചിന്തിച്ച് യാഥാർഥ്യം ഗ്രഹിക്കേണ്ടതാണെന്നും നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തെ കുറിച്ച് മതങ്ങൾ നൽകുന്ന പാഠം ശരിയാണെങ്കിൽ അവന്റെ സത്തയെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും അവങ്കലുള്ള വിശ്വാസത്ത അവഗണിക്കുകയും ചെയ്യുകയെന്നത് ലോകത്ത് നമുക്ക് ഉണ്ടാക്കാവുന്ന നഷ്ടങ്ങളിൽ വെച്ച് ഏറ്റവും ഭീമമായ നഷ്ടമുണ്ടാക്കുകയും അവനെ കുറിച്ചറിയുകയും അവനുമായി ഒരു ദൃഢമായ ബന്ധത്തെ ഉറപ്പിക്കുകയും ചെയ്യുകയെന്നത് ലോകത്ത് നമുക്ക് സിദ്ധിക്കാവുന്നതിൽ വെച്ചേറ്റവും വലിയ ലാഭമായിരിക്കും. യഥാർഥത്തിൽ ദൈവത്തെ സംബന്ധിച്ച പ്രശ്നം എത്രതന്നെ ഗൗരവാഹമായതും ചിന്തകന്മാർ ഒരിക്കലും അഗണ്യമാക്കി കൂടാത്തതുമായ ഒന്നാകുന്നു

ഇനി ഈശ്വര സൽസ്വാഭാവത്തെക്കുറിച്ച് വിചിന്തനം ചെയ്യേണ്ടത് എത്തരത്തിലുള്ളതായിരിക്കുമെന്നതിനെക്കുറിച്ച് രണ്ടു വാക്കു പറഞ്ഞു കൊള്ളട്ടെ. ഒരു വിഷയത്തെക്കുറിച്ച് അറിയാനുള്ള ശരിയായ മാർഗമേതെന്ന് മനസ്സിലാകാതെ ഏതെങ്കിലും ഒരു വഴിയിൽ കൂടി അതിനായി ശ്രമിക്കുന്നയാളുടെ ആ ശ്രമം വിഫലമായി പോവുകയേയുള്ളൂ. വിദ്യാഭ്യാസം ചെയ്യാനുദ്ദേശിക്കുന്ന ഒരുവൻ വിദ്യാലയത്തിൽ ചേർന്ന് അതിലെ പാഠ്യപദ്ധതിയനുസരിച്ച് പഠനമാരംഭിക്കുന്നതിന് പകരം ഒരു തൂമ്പായെടുത്ത് ഏതെങ്കിലും ഒരു പറമ്പ് കിളച്ചാൽ അവന്റെ ഉദ്ദേശ്യം സഫലമാവുകയില്ലെന്ന് തീർച്ചയാണല്ലോ അതേ പ്രകാരം ഓരോ കാര്യ സാദ്ധ്യത്തിനും അതിനുചിതമായ മാർഗത്തിലൂടെ പരിശ്രമിക്കാതിരിക്കന്നേടത്തോളം കാലം ആ കാര്യം സഫലമാകുന്നതല്ല. ഇതു ലോകത്തേതൊരു സംഗതിയിലും പ്രാവർത്തികമാക്കി കാണുന്ന ഒരു ചട്ടമാണ്. അദ്ധ്യാത്മിക കാര്യത്തിലും ദൈവത്തെ സംബന്ധിച്ച് വിചിന്തന ങ്ങളിലുമെല്ലാം അതതിന് പറ്റിയ മാർഗങ്ങളിൽ കൂടെ പ്രവർത്തിക്കേണ്ടതാവശ്യമാകുന്നു.

നമ്മുടെ ഉദ്ദേശ്യപ്രാപ്തിക്ക് നമ്മുടെ മനോനിശ്ചയവുമായി വലുതായ ഒരു ബന്ധമുണ്ടെന്നതു അനിഷേദ്ധ്യമാണ്. ഒരുവൻ ഏതെങ്കിലും ഒരു കാര്യം ഏതെങ്കിലും ഉദ്ദേശ്യത്തോടുകൂടി ആരംഭിക്കുന്നുവോ ആ കാര്യത്തിന്റെ ഫലം അവന്റെ ഉദ്യേശനില അനുസരിച്ചായിരിക്കുന്നതാണ്. ഉദാഹരണത്തിന് ഒരുവൻ ഒരു പുസ്തകം അതിൻെ തത്ത്വസാരം ഗ്രഹിക്കേണമെന്ന വിചാരത്തോടു കൂടിയും മറ്റൊരുവൻ അതിലെ ന്യൂനതകൾ കണ്ടു പിടിക്കണമെന്ന ഉദ്ദേശത്തോടു കൂടിയും വായിക്കുന്നതായാൽ അവരിരുവരും വായിക്കുന്നത് ഒരേ പുസ്തകം തന്നെയെങ്കിലും രണ്ട് പേർക്കും ഉണ്ടാകാവുന്ന അനുഭവമാകുന്ന ഫലം വ്യത്യസ്ത മായിരിക്കും. ഇതേപ്രകാരം തന്നെ ദൈവത്തിന്റെ ഗുണങ്ങളെകുറിച്ചുള്ള വിചിന്തനത്തിന്റെ ഫലവും ആ ചിന്തിക്കുന്നവരുടെ ഉദ്ദേശ്യവും വിചാരവും അനുസരിച്ച് വ്യത്യസ്തമായിരിക്കുന്നതാണ്. ഒരു തത്ത്വജ്ഞാനിയും മുമുക്ഷുവും ദൈവത്തെ അന്വേഷിക്കുന്നതിന് ഏർപ്പെടുമ്പോൾ രണ്ടു പേരുടേയും ശ്രമം ദൈവത്തെ അറിയുന്നതിന് വേണ്ടിയായിരിക്കും, എങ്കിലും രണ്ട് പേരുടെയും ഉദ്ദേശത്തിനും

വിചാരത്തിനും വ്യത്യാസമു ള്ളതു കൊണ്ട് അവരുടെ അനുഭവങ്ങൾ ക്കും ആ വ്യത്യസ്തത ഉണ്ടായിരിക്കു ന്നതാണ്. തത്ത്വജ്ഞാനി തന്റെ ബുദ്ധി ശക്തിയുടെ സഹായത്താൽ പ്രപഞ്ചോൽ ഭവത്തെ ക്കുറിച്ച് ചിന്തിക്കുകയും ഈ വിശ്വ കടാഹത്തിന് ഒരു നിർമാതാവുണ്ടോ എന്നു നിരീക്ഷിക്കുകയും തനിക്ക് മനസ്സിലാകുന്ന സംഗതിയെ തന്റെ വിജ്ഞാന ഭണ്ഡാരത്തിൽ നിക്ഷേപിക്കു കയും ചെയ്യുന്നു. അയാളുടെ ഉദ്ദേശം തത്ത്വപരമായ ഒരു പര്യവേഷണം നടത്തുകയും അത്ഭുതകരമാം വിധം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചത്തിന് ഒരു കർത്താവുണ്ടോ എന്ന് മനസ്സിലാക്കുകയും ചെയ്യേണ മെന്നല്ലാതെ ദൈവം എന്ന ഒരു വനുണ്ടെങ്കിൽ അവൻ എങ്ങനെയുള്ള വനാണെന്നും അവനും മനുഷ്യനും തമ്മിലുള്ള ബന്ധം എപ്രകാര മായിരിക്ക ണമെന്നും ആ ബന്ധത്തെ സാധിക്കു ന്നതിനുള്ള വഴിയെന്താണെന്നും അറിയുകയെന്നതല്ല. എന്നാൽ ആ മുമുക്ഷുവാകട്ടെ ദൈവത്തെ അറിയു കയും അവനെ പ്രാപിക്കുകയും ചെയ്യേണമെന്ന തൃഷ്ണയോടു കൂടി തേടി നടക്കുന്നു. അയാൾ ദൈവവുമായി ദൃഢതരമായ ഒരു ബന്ധം ഉണ്ടാക്കി തീർക്കുകയും അവന്റെ പ്രീതിയേയും സാമീപ്യത്തെയും സമ്പാദിക്കുകയും അവന്റെ അഭീഷ്ട മറിഞ്ഞ് അത് പ്രകാരം ജീവിക്കണമെന്ന അഭിവാഞ്ഛയോട് കൂടി സ്വയം വിസ്മരിച്ചും സ്വന്തം സുഖം ഉപേക്ഷിച്ചും പ്രവർത്തിക്കുന്നു. അവരിരുവരുടെയും അന്വേഷണം ദൈവത്തെ ലക്ഷ്യമാക്കിയാണെന്നിരി ക്കിലും രണ്ടു പേരുടേയും ഉദ്ദേശം രണ്ട് തരത്തിലാകയാൽ അവരുടെ അനുഭ വങ്ങളും ഒരു പോലെ ആയിരിക്കില്ല. അത് കൊണ്ട് ദൈവത്തെക്കുറിച്ച് അന്വേഷിക്കേണ്ടത് അത്യാവശ്യമാണെ ന്നതു പോലെ തന്നെ ഈ വിഷയത്തിൽ നമ്മുടെ വിചാരവും മനോഭാവവും കേവലം തത്ത്വജ്ഞാനി യുടെതുപോലെ ആയിരിക്കാതെ ആ മുമുക്ഷുവിന്റെത് പോലെ ആയിരിക്കേണ്ടതുമാണ്. എന്നാൽ മാത്രമേ നമുക്ക് ദൈവത്തെക്കുറിച്ച് ഒരു നിശ്ചയ ജ്ഞാനം സിദ്ധിക്കുകയും അവനെ പ്രാപിക്കാനുള്ള ശരിയായ മാർഗത്തിൽ ചരിക്കുവാൻ സാധിക്കുകയും ചെയ്യുക യുള്ളൂ. നമ്മുടെ ഹൃദയത്തിൽ ദൈവ ത്തെ അറിയാനുള്ള തൃഷ്ണയും സർവോപരി സത്യമായിരിക്കുന്ന അവന്റെ സവിധത്തെ പ്രാപിക്കുവാനുള്ള വാഞ്ഛയുമില്ലാതെ നാം ഈ വിഷയകമായി ഒരു വിചിന്തനം മാത്രം ചെയ്യുകയും തൽഫലമായി ലഭിക്കുന്ന അറിവിനെ നമ്മുടെ ജ്ഞാനഭണ്ഡാര ത്തിൽ തത്ത്വപരമായ ഒരു കണ്ടു പിടുത്തമെന്നോണം നിക്ഷേപിക്കുക യാണ് ചെയ്യുന്നതെങ്കിൽ അതു മൂലം നമുക്ക് ദൈവത്തെ സംബന്ധിച്ച് പരമാർഥ ജ്ഞാനവും നമ്മുടെ ജന്മ സാഫല്യവും ലഭ്യമാകയില്ല. എന്ന് മാത്രമല്ല ദൈവമുണ്ടെന്ന റിഞ്ഞിട്ടും അവനെ പ്രാപിക്കുവാൻ സർവാത്മനാ പരിശ്രമിക്കാതിരിക്കുന്നത് നാശത്തിന് കാരണമാകുന്നതുമാണ്.

# സർസഫറുല്ലാഹ് ഖാനും മുസ്‌ലിം സമുദായവും സീതി സാഹിബും



സഫറുല്ലാഹ് ഖാൻ



കെ. എം. സീതി സാഹിബ്

കേരളം കണ്ട ഏറ്റവും നിസ്വാർഥനായ സമുദായ സേവകനും രാഷ്ട്രീയ പ്രവർത്തകനും പ്രഗല്ഭ അഭിഭാഷകനുമായിരുന്നു മർഹൂം കെ. എം സീതി സാഹിബ്. തന്റെ സമുദായത്തെ അഗാധമായി സ്നേഹിച്ച സർ സഫറുല്ലാഹ് ഖാൻ 1931-32 ൽ അഖിലേന്ത്യ മുസ്‌ലിംലീഗിന്റെ പ്രസിഡന്റും 1935 മുതൽ 1941 വരെ അവിഭക്ത ഇന്ത്യയിൽ കേന്ദ്ര കാബിനറ്റിൽ മുസ്‌ലിംകളെ പ്രതിനിധീകരിച്ചു കൊണ്ട് കേന്ദ്ര മന്ത്രിയുമായിരുന്നു. പിന്നോക്കക്കാരായി നിന്ന തന്റെ സമുദായത്തെ ഉയർത്തിക്കൊണ്ടു വരുവാൻ പ്രതിജ്ഞാബദ്ധനായിരുന്നു സർ സഫറുല്ലാഹ് ഖാൻ. അദ്ദേഹം കേരളം സന്ദർശിച്ചപ്പോൾ കെ. എം സീതി സാഹിബിനെ പോലെയുള്ള അഭ്യസ്ഥവിദ്യരും കഴിവുള്ളവരുമായ ആളുകളെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിക്കാതിരിക്കാൻ കാരണമെന്ത് എന്ന് ചോദിച്ചു കൊണ്ട് കൊച്ചി ദിവാനെ ചോദ്യം ചെയ്ത സംഭവം കലിക്കറ്റ് യൂണിവേഴ് സിറ്റി സി. എച്ച് ചെയറിന്റെ ആഭിമുഖ്യത്തിൽ പി. ഖാലിദ് രചിച്ച് ഗ്രെയ്സ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന 'സീതി സാഹിബ് രാഷ്ട്രീയ ജീവചരിത്രം' എന്ന പുസ്തകത്തിൽ നിന്നും എടുത്ത് ചന്ദ്രിക ആഴ്ച്ചപതിപ്പ് പ്രസിദ്ധീകരിച്ച ഭാഗമാണ് താഴെ കൊടുക്കുന്നത്.

'സീതി സാഹിബ് മലബാറിൽ സമുദായ പ്രവർത്തനത്തിൽ മുഴുകി കഴിയുമ്പോഴാണ് സർ സഫറുല്ലാഹ് ഖാൻ കൊച്ചി സന്ദർശിക്കുന്നത്. അദ്ദേഹം കൊച്ചി ദിവാൻ ഷൺമുഖം ഷെട്ടിയോട് ചോദിച്ചു: 'നിങ്ങൾ ഇവിടെ എന്റെ സമുദായത്തിന് വേണ്ടി വല്ലതും ചെയ്യുന്നുണ്ടോ?'

ഷെട്ടി പറഞ്ഞു. 'ഉദ്യോഗം നൽകാൻ മാത്രം വിദ്യാഭ്യാസമുള്ള മുസ്‌ലിംകളെ ഞാനിവിടെ കാണുന്നില്ല.'

'സീതി സാഹിബ് ഈ നാട്ടുകാരനാണല്ലോ?' സഫറുല്ലാ ഖാൻ. വീണ്ടും കൈ രണ്ടും മലർത്തിക്കൊണ്ട് ഷെട്ടി പറഞ്ഞു: 'ഞാനെന്ത് ചെയ്യാനാണ് സമുദായ സേവനമെന്നും പറഞ്ഞു അദ്ദേഹം കൊച്ചിയുപേക്ഷിച്ച് മലബാറിലേക്ക് പോയില്ലേ'-ചന്ദ്രിക ആഴ്ച്ചപതിപ്പ് (2013 ഏപ്രിൽ 6-12) ***(സമ്പാ: പി. പി അബ്ദുർറഹ്മാൻ കോയ, കോഴിക്കോട്)***

# ഇസ്ലാമിക വിരോധിയായ ഒരു ഭരണാധികാരി

എ. ക്യു. മഹ്ദി

**തൊ**ട്ടു പിറകെയുള്ള ഇസ്ലാമിക ചരിത്രം വായിക്കുന്ന ഒരോ മുസ്ലിമും അറിഞ്ഞിരിക്കേണ്ട ഒരു സംഭവത്തെ പറ്റി പറയാൻ പോകുകയാണ് ഇവിടെ. ഇസ്ലാമിക ചരിത്രത്തിൽ തന്നെ ഖേദ പൂർവം ഓർക്കേണ്ട അപൂർവങ്ങളിൽ അപൂർവങ്ങളായ ഒരു ദുഃഖ സംഭവു മാണത്. ഇത് നടന്ന കാലഘട്ടം ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യ പാദത്തിലാണ്. ഇസ്ലാമിക വിശ്വാസ പ്രമാണങ്ങൾ ക്കെതിരെ നിന്ദ്യവും ക്രൂരവുമായി നീക്കങ്ങൾ നടത്തിയ ഒരു മുസ്ലിം ഭരണാധികാരിയുടെ കഥയാണിത്.

അയാളെ പറ്റി പറയുന്നതിന് മുമ്പ്, ഒപ്പം മനുഷ്യനെ ഭരിച്ചിരുന്ന ഒരു മഹാ സാമ്രാജ്യത്തെ പറ്റി കൂടി പറയേണ്ടതുണ്ട്, അത് തുർക്കിയാണ്. ഇസ്ലാമിക തുർക്കി. ഏകദേശം ഏഷ്യയിലും യൂറോപ്പി ലുമായി കലർന്നു കിടക്കുന്ന രാജ്യമാണ് തുർക്കി. ഉസ്മാനിയാ സാമ്രാജ്യം എന്നും പേരുണ്ട്. ഉസ്മാനികളുടെ വംശ പരമ്പര ആരംഭിക്കുന്നത് എ. ഡി. 1300 കളിൽ ഉസ്മാൻ ഖാനിലൂടെയാണ്.

പുരാതന തുർക്കിയുടെ ചരിത്രം ഇവിടെഒഴിവാക്കുന്നു. ഇടക്കുള്ള ആറു നൂറ്റാണ്ടു കാലത്തെയാണ് ബോധപൂർവം ഒഴിവാക്കുന്നത്. ആധുനിക തുർക്കിയെ പറ്റി പറഞ്ഞാൽ മാത്രമേ മുൻ വരികളി ലുദ്ധരിച്ച ഒരു ഭരണാധികാരിയാൽ ഇസ്ലാമിക വിശ്വാസങ്ങൾക്കെതിരെ അരങ്ങേറപ്പെട്ട ക്രൂരതകളെ പറ്റിയും ഇരുളടഞ്ഞ ഉസ്മാനിയാ സാമ്രാജ്യത്തെ പറ്റിയും വിവരിക്കാനാവൂ.

എ. ഡി 1288 മുതൽ 1909 വരെയുള്ള 621 വർഷക്കാലം ഇസ്ലാമിക തുർക്കിക്ക് സംഭവിച്ച ദയനീയമായ തകർച്ചയുടെ പരിണാമമമാണത്. അതിന് ശേഷം ആധുനിക തുർക്കിയുടെ ഉദ്വേഗ ജനകമായ ചരിത്രഭാവനകളിൽ വലിയ ഒരു കഥാപാത്രം എഴുന്നേൽപ്പിക്ക പ്പെടുന്നു, മുസ്തഫാ കമാൽ പാഷ എന്ന ഭരണാധികാരി. 1881 ൽ തുർക്കിയിലെ സ്ളാനിക് വംശത്തിലാണ് കമാൽ പാഷയുടെ ജനനം. മാതാവ് അസു സുബൈദാ യാനത്തിന് ഗ്രീസിൽ വെച്ച് പിറന്ന മകനാണ് കമാൽ പാഷ. അലിസാ എന്ന തുർക്കിക്കാരനാണ് പിതാവായി അറിയപ്പെടുന്ന തെങ്കിലും അതിന് സ്ഥിരീകരണമില്ലെന്ന് പറയപ്പെടുന്നു. ഇസ്ലാമിനെ പറ്റി ശരിക്കറിയാത്ത ചില ചരിത്രകാരന്മാർ കമാൽ പാഷയെ ഇസ്ലാമിക പരിഷ്ക്കർത്താവ് എന്ന് വിശേഷിപ്പിക്കുമ്പോൾ അത് കേൾക്കുന്ന സാധാരണ തുർക്കിക്കാരന്റെയും ഇപ്പോൾ ഈ ചരിത്രം വായിക്കുന്ന നമ്മളുടെയും ഉള്ളിൽ വിസ്മയവും ഒപ്പം രോഷവും പതഞ്ഞുപൊങ്ങുക തികച്ചു സ്വാഭാവികം. അതിന് കാരണ മെന്തെന്ന് വിവരിക്കാം. അല്പം പഴയ ചരിത്രത്തിലേക്ക് ഒന്നു കടന്നു പോകേ ണ്ടിയിരിക്കുന്നു. ഒന്നാം ലോക മഹായു ദ്ധത്തിൽ തുർക്കിക്ക് സംഭവിച്ച തോൽവി ഒരു വൻ ദുരന്തമായാണ് കലാശിച്ചത്. അത് ഉസ്മാനിയാ സാമ്രാജ്യത്തിന്റെ അന്ത്യം കുറിച്ചു. ഖിലാഫത്തിന്റെ അധീനതയിലായിരുന്ന അറബ് പ്രദേശ ങ്ങൾ ഏറെക്കാലം ബ്രിട്ടന്റെയും ഫ്രാൻ സിന്റെയും അടിമത്ത്വത്തിൽ കഴിഞ്ഞു. തുർക്കിയിലെ ഏറ്റവും പ്രശസ്തമായ ഇസ്താംബൂൾ പോലും ബ്രിട്ടീഷുകാരുടെ പൂർണ നിയന്ത്രണത്തിന് കീഴിലായി. സേച്ഛാധിപതിയും സുഖലോലു പനുമായിരുന്ന അവസാന ഉസ്മാനി രാജാവ് തീർത്തും നിസ്സഹായനായി തീർന്നു.

സ്യൂവർ(Sueurei) ഉടമ്പടിയിൽ ഒപ്പ്വെക്കാൻ ഉസ്മാനി ഭരണകൂടം നിർബന്ധിതനായപ്പോൾ തുർക്കി അറബ് മേഖലയെ ഒഴിവാക്കേണ്ടി വന്നു. ഇതിനകം തുർക്കിയുടെ പല ഭാഗങ്ങൾ പോലും പല കഷണങ്ങളായി തീർന്നു. ദക്ഷിണ ഭാഗം ഇറ്റലിയും ഫ്രാൻസും ചേർന്നു പങ്കിട്ടെടുത്തു. പൂർവ തുർക്കിയിൽ അർമീനിയക്കാരും കുർദുകളും സ്വതന്ത്ര ഭരണകൂടങ്ങൾ സ്ഥാപിച്ചു. പിന്നീട വശേഷിച്ച അധികാര പരിധി മദ്ധ്യ തുർക്കിയിലെ ഏറ്റവും വലിയ പീഠഭൂമിയും അതിനോട് ചേർന്നുള്ള വടക്കൻ തീരങ്ങളും മാത്രമായി ചുരുക്കപ്പെട്ടു. നീണ്ട അഞ്ച് നൂറ്റാണ്ടു കാലം ഉസ്മാനിയാ സാമ്രാജ്യമെന്ന പേരിൽ കൊടികുത്തിവാണിരുന്ന ഒരു പ്രദേശത്തിന്റെ പുതിയ ഗതിയും അവസ്ഥയുമായിരുന്നു ഇത്. ഭരണാധികാരികൾ തന്നെ സ്വയം സൃഷ്ടിച്ച് രൂപം കൊടുത്ത, ആത്മീയത ലവലേശം തൊട്ടു തീണ്ടാത്ത ഭൗതിക ഭരണത്തിന്റെ മരണ മൊഴി മുഴങ്ങിയതിന് ശേഷമുള്ള കേവല അവസ്ഥയായിരുന്നു ഇത്.

മഹാ യുദ്ധം കഴിഞ്ഞപ്പോൾ തുർക്കിയുടെ മൂന്നേകാൽ ലക്ഷം സൈനികരാണ് രക്തസാക്ഷികളായത്. നാല് ലക്ഷം പേർക്ക് പരിക്കേറ്റു. ഇംഗ്ലീഷുകാരും ഗ്രീക്കുകാരും ഇറ്റലിയും തുർക്കിയിലേക്ക് കടന്നു കയറി. തുർക്കിയുടെ ദേശീയാസ്തിത്വം തന്നെ പാടെ നഷ്ടപ്പെട്ടു. ശത്രു രാജ്യങ്ങളിലെ അധികാരക്കൊതിയന്മാരായ കഴുകന്മാർ കൊത്തി വലിച്ച് അസ്ഥി കൂടം മാത്രം ബാക്കി വെച്ച തുർക്കിയിൽ ഉസ്മാനിയാ സേന പൂർണ പരാജയം സമ്മതിച്ചപ്പോൾ

സ്വന്തം നിലനിൽപ്പിനായി ഫിനീക്സ് പക്ഷിയെ പോലെ ഉയിർത്തെഴുന്നേൽക്കാൻ തുർക്കി ജനത കാണിച്ച കരുത്ത് ചരിത്രത്തിലുണ്ട്. മുമ്പ് തങ്ങളുടെ പതനത്തിന് വഴിയൊരുക്കിയ സ്യവർ ഉടമ്പടി ചോദ്യം ചെയ്യാൻ തുർക്കികൾ ഒന്നടങ്കം തയ്യാറായി.. തുർക്കികൾ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടത്തിന് തുടക്കം കുറിച്ചു.

ലോക മഹായുദ്ധം ആരംഭിച്ചതിന് ശേഷം നടന്ന തുർക്കിയുടെ ഈ സ്വാതന്ത്ര്യസമരത്തിന് കമാൽ പാഷ നേതൃത്വം കൊടുത്തു. യുദ്ധത്തിന് കമാൽ ധീരമായ മുന്നേറ്റം നടത്തി, ശത്രുപടയെ മുഴുവൻ രാജ്യത്തുനിന്നും തുരത്തിയോടിച്ചു. ഫ്രഞ്ച് ബ്രിട്ടീഷ് ഇറ്റാലിയൻ സേനകൾ ചിതറിയോടും വിധം കൗശലപൂർവമായ ഒരു കടുത്ത യുദ്ധതന്ത്രമാണ് കമാൽ പാഷ പോർരംഗത്ത് കാഴ്ച്ചവെച്ചത്. സാഹസികമായ ഈ മുന്നേറ്റം കമാലിനെ അന്താരാഷ്ട്ര പ്രശസ്തിയിലെത്തിച്ചു.

1922 സെപ്തംബർ 9 ന് രാജ്യത്തെ ശേഷിച്ച ഗ്രീക്ക് സൈന്യത്തെയും സ്വാതന്ത്ര്യ പോരാളികൾ തുർക്കിയിൽ നിന്ന് പുറത്താക്കി. കമാലിന്റെ നേതൃത്വത്തിൽ മുന്നേറിയ പടയാളികളുടെ ഇരമ്പലിൽ സഖ്യസേനയും ഇസ്താംബൂൾ ഉപേക്ഷിച്ചു രാജ്യം വിട്ടു.

1923 ജൂലൈ 24-ാം തീയതി തുർക്കിയും സഖ്യകക്ഷികളും ഒപ്പു വച്ച ഉടമ്പടിയിൽ തുർക്കിയുടെ സ്വാതന്ത്ര്യവും ദേശീയാതിർത്തികളും അംഗീകരിക്കപ്പെട്ടു. അഞ്ചു വർഷത്തെ സ്വാതന്ത്ര്യസമര പോരാട്ടം വൻ വിജയമായിട്ടാണ് തുർക്കികൾ ആഘോ ഷിച്ചത്. ഇനിയാണ് സംഭവഗതികൾ ആകെ മാറിമറിയുന്നത്. ലോക ഇസ്‌ലാമിക ചരിത്രത്തിൽ ഒരിക്കലു മുണ്ടാകാത്ത വിധമുള്ള മാറ്റമായിരുന്നു അത്. ഉസ്മാനിയ സാമ്രാജ്യത്തിലൂടെ ഖിലാഫത്ത് പാത ഒരുക്കിയ ഒരു മുസ്‌ലിം രാജ്യമായ തുർക്കിയിലെ ഭരണാധി കാരിയായി രംഗപ്രവേശനം ചെയ്ത മുസ്തഫാ കമാൽ പാഷ, ഒരു ഇസ്‌ലാം വിരോധിയായി തീർന്നു. ഇത് ചരിത്രത്തിലെ ഒരു വിരോധാഭാസമായി അറിയപ്പെടുന്നു. ദേശസ്നേഹികളും അധികാരത്തിലിരുന്നവരുമായ നിരവധി പേർ മുൻ സൈനിക ജനറൽ ഖാസിം ഖുറാ ബക്കർ ഉൾപ്പെടെ, കമാലിന്റെ റിപ്പബ്ളിക്കിൽ നിന്നും രാജിവെച്ചു അവർ പ്രോഗ്രസീവ് ഡ്മോക്രാറ്റിക്ക് പാർട്ടി എന്ന പേരിൽ പ്രതിപക്ഷ സംഘടന രൂപീകരിച്ചു.

കമാൽ പാഷ ഇവരെയും പുതിയ പാർട്ടിയെയും അംഗീകരിക്കാൻ തയ്യാറായില്ല. അദ്ദേഹം പുതിയ പാർട്ടിയെ നിരോധിക്കുക മാത്രമല്ല 21 മുതിർന്ന നേതാക്കളെ വധിക്കുക കൂടി ചെയ്തു. 150 പേരെ നാടുകടത്തുകയും ചെയ്തു. കമാൽ പാഷ രൂപം കൊടുത്തു വളർത്തിയ റിപ്പബ്ലിക്കൻ പാർട്ടി സ്വേച്ഛാധിപത്യ രീതിയിൽ തങ്ങളുടെ ഭരണം തുടർന്നപ്പോൾ ഈ ഭരണത്തിലൂടെ ഇസ്‌ലാം തുർക്കിയിൽ നിന്നും പിഴുതെറിയപ്പെടുകയായിരുന്നു. തുർക്കി തകരാനും ഛിന്നഭിന്നമാകാനും കാരണമായ ഉസ്മാനിയാ സാമ്രാജ്യത്തിലെ പാശ്ചാത്യ സംസ്ക്കാരത്തെ ആശ്ലേഷിച്ച് ഈ അവസാന ഭരണാധികാരിയിലൂടെ മുസ്തഫാ കമാൽ പാഷയിലൂടെ ജനങ്ങൾ ഉസ്മാനികളേയും അവരുടെ ആചാരങ്ങളെയും, എന്തിന് ഇസ്‌ലാമിക വേഷം പോലും വെറുക്കുന്നവരായി തീർന്നു.

കമാൽ പാഷയുടെ ധീരോദാത്തവും സാഹസികവുമായ സൈനിക പാടവമാണ് തകർന്നു പോയ തുർക്കിയെ രക്ഷിക്കാനിടവരുത്തിയതെന്ന ചിന്തയായിരുന്നു സാമാന്യജനങ്ങളുടെ മനസ്സിൽ വേരൂന്നപ്പെട്ടിരുന്നത്. തന്റെ സ്വേച്ഛാധിപത്യ ഭരണത്തിന് രാഷ്ട്ര ഭദ്രതയുടെ പേര് കേവലമൊരു മറയായി കമാൽ ഉപയോഗിച്ചു. അങ്ങനെ ജനങ്ങളെ കൊണ്ട് അയാളുടെ ഭരണം തുടർച്ചയായി അംഗീകരിക്കാൻ നിർബന്ധിച്ചു. തുർക്കിയുടെ സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ മുഖ്യമായ പങ്കു വഹിച്ച കമാൽ പാഷയുടെ ജനപ്രീതി വർധിച്ചപ്പോൾ അയാൾ ഇതിനിടെ ഒരു സ്വയം മുതലെടുപ്പ് നടത്തുകയായിരുന്നു. തന്റെ സിദ്ധാന്തങ്ങൾ തുർക്കിക്കുമേൽ അടിച്ചേൽപ്പിക്കാൻ അയാൾ തയ്യാറായി.



അവസാന ഖിലാഫത്ത് വിടചൊല്ലുന്നു

കമാൽ പാഷയുടെ പരിഷ്ക്കരണങ്ങളെ എതിർത്താൽ രാജ്യത്ത് വീണ്ടും പഴയ ഗതിയും അരാജകത്വവും വരുമോ എന്ന് വലിയ ഒരു വിഭാഗം ജനങ്ങൾ ആശങ്കപ്പെട്ടു. ഈ സംഭവം കൊണ്ടു തന്നെ കമാലിന്റെ വിധ്വംസകഭാവത്തിലുള്ള പരിഷ്ക്കാരങ്ങളെ അത് മതത്തിനും വിശ്വാസത്തിനും എതിരാണെന്ന് അറിഞ്ഞിട്ടു കൂടി തുർക്കി ജനത വേദനയോടെ അംഗീകരിക്കാൻ നിർബന്ധിതരായി. അങ്ങനെയാണ് അറബികൾക്കും തുർക്കികകൾക്കുമിടയിൽ മതത്തിന്റെ വേരറ്റുപോകുകയും, പാശ്ചാത്യരീതിയിലുള്ള ദേശീയ ബോധം വളരുകയും ചെയ്തത്.

പുതിയ തീരുമാനങ്ങളോടെ സ്വാതന്ത്ര്യ സമരകാലത്ത് തുർക്കികൾ കമാൽ പാഷയുടെ പിന്നിൽ അണി ചേർന്നു. ആലമിയുദ്ധവുമായി ബന്ധപ്പെട്ട് നടന്ന അറബി കലാപം തുർക്കിയുടെ പുതിയ ചിന്തകൾക്ക് ആക്കം കൂട്ടി. എന്നാൽ ഇതിനിടക്ക് കമാൽ പാഷക്ക് താൻ രൂപം കൊടുത്തു നടപ്പാക്കിയ ഒരു നടപടിക്ക് ആധുനിക ചിന്താധാരക്ക് കോട്ടം തട്ടുംവിധമുള്ള ഒരു നടപടി നേരിടേണ്ടി വന്നു. അതിന് കാരണം അയാൾ തന്റെ ഹാലിളക്കത്തിൽ തുർക്കിയിൽ നടപ്പാക്കാൻ ശ്രമിച്ച കിരാതനിയമമാണ്.

ആറുമാസത്തിലൊരിക്കൽ തുർക്കിയുടെ ദേശീയ സുരക്ഷാ സമിതി ചേരും. പട്ടാള നേതൃത്വത്തിൽ എവിടെയെങ്കിലും ആരെങ്കിലും മതവികാരവും ദൈവികബോധവും ഉള്ള വ്യക്തിയുണ്ടെങ്കിൽ അയാൾ എത്ര ഉന്നത ശ്രേണിയിലുള്ള ആൾ ആയിക്കൊള്ളട്ടെ സമിതി അയാളെ ഉടൻ സ്ഥാനഭ്രഷ്ടനാക്കും. ചിലപ്പോൾ ജയിലിലയച്ചെന്നും വരാം. കമാൽ പാഷയുടെ പാർട്ടിയിൽ

പെട്ടവർ ദേശീയ സുരക്ഷാ സമിതിയിൽ സമഗ്രമായി ഇടപെടുകയും, പട്ടാളം ബലമായി ഭരണം കൈയേൽക്കുകയും ചെയ്യും. ഇതായിരുന്നു തുടർന്നു വന്ന അനുവർത്തനം.

1923 ഒക്ടോബറിൽ കമാൽ പാഷ തുർക്കിയെ റിപ്പബ്ലിക്ക് ആക്കി പ്രഖ്യാപിക്കുകയും സ്വയം പ്രസിഡന്റാവുകയും ചെയ്തു. ആ കാലത്ത് തുർക്കികളെ ക്ഷയിപ്പിക്കാനും ഇസ്ലാമിനെ നശിപ്പിക്കാനും പാശ്ചാത്യ സമൂഹം ശ്രമങ്ങൾ ആരംഭിച്ചു. പലപല മാർഗങ്ങൾ അവർ ഇതിനായി അവലംബിച്ചു. അവർ ചാരന്മാരെ തുർക്കിയിലേക്ക് നിയോഗിച്ചു. ഗൂഢ സംഘങ്ങളെ രഹസ്യമായി തുർക്കിയിൽ വിന്യസിക്കുകയും ചെയ്തു.

ചാരസംഘത്തിലെ ഏറ്റവും പ്രമുഖൻ ലോറൻസ് ആയിരുന്നു. ആയാൾ കമാൽ പാഷയുടെ ദൗർബല്യങ്ങൾ മനസ്സിലാക്കി വളരെ ബുദ്ധിപൂർവം കാര്യങ്ങൾ നീക്കുകയായിരുന്നു. അമിതമായി പ്രശംസ ചൊരിഞ്ഞും മുഖ സ്തുതി പറഞ്ഞും കമാലിന്റെ ധീരതയെ വാഴ്ത്തിയും യൂറോപ്പിൽ നിന്നും കൊണ്ടു വന്ന അമൂല്യ വസ്തുക്കൾ കാഴ്ചവെച്ചും ലോറൻസ് പാഷയെ സ്വാധീനിക്കുകയായിരുന്നു.

ലോറൻസിന്റെ നിരന്തര സമ്മർദവും സ്വാധീനവും കമാലിനെ കഠിനമായ ഇസ്ലാം വിരോധിയും യൂറോപ്യൻ ഭരണ സംവിധാനത്തിന്റെ ആരാധകനുമാക്കി മാറ്റി. ഭൗതിക പരിഷ്ക്കാരങ്ങളിലും, നവീന ആചാരങ്ങളിലും ആകർഷിക്കപ്പെട്ട് ഇവയിലൊക്കെ മതിഭ്രമിച്ച് പാശ്ചാത്യ സംസ്ക്കാരങ്ങളെ ആശ്ലേഷിച്ച് കമാൽ പാഷ 1924 മാർച്ച് 30 ന് ഇങ്ങനെയൊരു വിജ്ഞാപനം പുറത്തിറക്കി. ഇസ്ലാമിക ഖിലാഫത്ത് ദുർബലമായിരിക്കുന്നു. രാഷ്ട്രത്തിന്റെ ഭരണ സംവിധാനത്തിൽ നിന്ന് ശരീഅത്ത് തുടച്ച് നീക്കിയിരിക്കുന്നു. ഈ പ്രസ്താവന ജനങ്ങളെയാകെ ഞെട്ടിച്ചു. ഇത്രത്തോളം ഇയാളിൽ നിന്ന് തുർക്കികൾ ഒരിക്കലും പ്രതീക്ഷിച്ചില്ല. ഇതൊരു ക്രൂരമായ ചതിയാണെന്ന് ജനം മനസ്സിലാക്കി. പൊതു ജനങ്ങൾ ആ കെ ഇളകി വശായി. ആഭ്യന്തര കലഹം മൂർഛിച്ചു. ജിഹാദിന്റെ കാർമേഘം തുർക്കിക്ക് മേൽ ഉരുണ്ടുകൂടി.

ക്രൂരനായ കമാൽ പാഷ അടങ്ങിയിരിക്കാൻ തയ്യാറായില്ല. ജനകീയ കലാപം എത്ര ക്രൂരമായ നിലയിലായിലായാലും അടിച്ചമർത്താൻ അയാൾ പട്ടാളത്തിന് നിർദേശം നൽകി. ശരീഅത്തിന് അനുകൂലമായി പ്രസംഗിച്ചതിന് ഇരുപത്തിയൊന്നായിരം മത പണ്ഡിതന്മാരെ അയാൾ വധിച്ചു. ഇതൊക്കെ കണ്ടും അറിഞ്ഞും പാശ്ചാത്യ ക്രിസ്തീയ ലോകം ഉള്ളാലെ ചിരിക്കുകയായിരുന്നു. സന്തോഷിക്കുകയും ചെയ്തിരിക്കണം

കമാൽ പാഷ അധികാരത്തിലേറിയപ്പോൾ ഉസ്മാനിയാ രജകുടുംബത്തിലുണ്ടായിരുന്ന സ്ത്രീകളെയും കുട്ടികളുമടക്കം സകലരേയും അയാൾ നാടുകടത്തി. അവരുടെ സ്വത്തുക്കൾ മുഴുവൻ കണ്ടു കെട്ടുകയും ചെയ്തു. ശരീഅത്ത് വിപ്ലവത്തിന് പിന്നിൽ രാജകുടുംബമാണെന്നാരോപിച്ച് കമാൽ പാഷ നടത്തിയ ഈ നടപടി ലോകം പ്രതിഷേധത്തോടെയാണ് കണ്ടത്. രാജകൊട്ടാരവും ഉസ്മാനിയാ കുടുംബത്തിന്റെ സകല സ്വത്തുക്കളും കമാൽ പാഷ ദേശസാൽക്കരിച്ചു. ധരിച്ചിരുന്ന വസ്ത്രങ്ങളുമായി വെറും കൈയോടെ രാജകുടുംബാംഗങ്ങൾ രാജ്യം വിട്ടു. അവരെ ആട്ടിപ്പായിച്ച അതേ നാളിൽ തന്നെയാണ് കമാൽ പാഷ ശരീഅത്ത് ഭരണഘടന പരസ്യമായി ചുട്ടുകരിച്ചത്. തുർക്കിയിലാകട്ടെ പാഷ യൂറോപ്യൻ നിയമം നടപ്പാക്കി. ഇസ്ലാമിനോട് കടുത്ത നീരസവും നിന്ദ്യതയും പുലർത്തുന്ന നിരവധി ഭാഗങ്ങളുണ്ടായിരുന്നു പുതിയ യൂറോപ്യൻ ഭരണഘടനയിൽ.

വിശാലവും അതിവിപുലവുമായ തുർക്കി സാമ്രാജ്യം കെട്ടിപ്പടുത്ത ഉസ്മാനിയാ രാജ വംശത്തോട് കമാൽ ചെയ്ത കലർപ്പില്ലാത്ത ഈ കൊടും ക്രൂരതക്ക് ചരിത്രത്തിൽ സമാനതകളില്ല. രാജ വംശത്തിലെ ഒരോ അംഗവും അനാഥരും അഭയാർഥികളുമായലഞ്ഞു നടന്നു. പലരും യൂറോപ്യൻ രാജ്യങ്ങളിൽ ചിലതിൽ ചെറിയ ജോലികൾ ചെയ്തു ജീവിതം നീക്കി. അവർ അനുഭവിച്ച കഷ്ടതകൾക്കും യാതനകൾക്കും അതിരില്ല. സ്വർണ കരണ്ടിയുമായി ജനിച്ചു വളർന്ന അവരിൽ പലരും ജീവിതായോധനത്തിന് നിർവാഹമില്ലാതെ അരചാൺ വയറിന് വേണ്ടി ഊരു ചുറ്റി നടക്കേണ്ട ദുർഗതിയിൽ എത്തിക്കഴിഞ്ഞിരുന്നു.

1952 ജൂൺ 16 ന് തുർക്കി സർക്കാർ ഒരു വിജ്ഞാപനത്തിലൂടെ വിദേശത്തേക്ക് നാടുകടത്തപ്പെട്ട രാജകുടുംബത്തിലെ സ്ത്രീജനങ്ങൾക്ക് മാത്രം നാട്ടിലേക്ക് മടങ്ങി വരാൻ അനുവാദം നൽകി. വീണ്ടും രണ്ടു പതിറ്റാണ്ടുകൾ വേണ്ടി വന്നു പുരുഷ പ്രജകൾക്ക് നാട്ടിലേക്ക് തിരിച്ചു വരവിന് അനുമതി ലഭിക്കാൻ. 1974 ൽ ശേഷിച്ച പുരുഷന്മാരിൽ ചിലരും അന്നാട്ടിലെത്തി. എന്നിട്ടും തുർക്കി സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയില്ല. അപ്പോഴും മുസ്തഫാ കമാൽ പാഷയുടെ നിയന്ത്രണ വലയത്തിലായിരുന്നു ആ മുസ്ലിം രാജ്യം (തുടരും)

അവനത്രെ എന്നെ സൃഷ്ടിച്ചത്. എന്നിട്ട് അവൻ എന്നെ നേർവഴിയിൽ നടത്തുന്നു, എനിക്ക് ആഹാരവും പാനീയവും നല്കുന്നവനുമാണവൻ, ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു, എന്നെ മരിപ്പിക്കുകയും പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനുമാണവൻ, പ്രതിഫലം നൽകുന്നനാളിൽ എന്റെ പാപങ്ങൾ അവൻ എനിക്ക് പൊറുത്തു തരുമെന്ന് ഞാൻ പ്രത്യാശിക്കുകയും ചെയ്യുന്നു. (അങ്ങനെയുള്ളവനുമാണവൻ)

(വിശുദ്ധ ഖുർആൻ : 26 : 79–83)

# ഉറക്കം : ഇസ്‌ലാമികവും ശാസ്ത്രീയവുമായ പാഠങ്ങൾ

മനുഷ്യന് വിശ്രമിക്കാനായി ദൈവം ഒരുക്കിയ അനുഗ്രഹമാണ് ഉറക്കം. ആരോഗ്യദായകമായ ഉറക്കം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് ഒരു വിവരണം


ഡോ: ഷാനവാസ് ഖാൻ

പ്രവർത്തനങ്ങൾക്കുശേഷം എല്ലാ ജീവജാലങ്ങൾക്കും വിശ്രമം ആവശ്യമാണ്. കാരണം പ്രവർത്തനങ്ങൾ ജീവകോശകലകളെ ക്ഷീണിപ്പിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്യുന്നു. വിശ്രമം എന്നാൽ അതിന്റെ പരിക്കുകളെ നന്നാക്കി പൂർവസ്ഥിതിയിലാക്കുക എന്നാണർത്ഥം. നമ്മുടെ ഉറക്കത്തിനിടയിൽ തകരാറായ കോശങ്ങളെ മാറ്റി പുനഃസ്ഥാപിക്കുകയും അവ യെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ചെയ്യുന്നു. മനുഷ്യന് മാത്രമല്ല, മൃഗങ്ങൾക്കും ഉറക്കം അത്യാവശ്യമാണ്. സസ്യജാലങ്ങൾക്കും വിശ്രമം അത്യന്താപേക്ഷിതമാണ്. സൂര്യകാന്തിച്ചെടിഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. സൂര്യൻ ഉദിക്കുമ്പോൾ അതിന്റെ ദളങ്ങൾ വികസിക്കുകയും സൂര്യൻ അസ്തമിക്കുമ്പോൾ അത് അടയുകയും ചെയ്യുന്നു.

ഉറക്കത്തെ സംബന്ധിച്ചിടത്തോളം കർശനമായ നിയന്ത്രണങ്ങളൊന്നുമില്ല. കാരണം, ഉറക്കം മനുഷ്യന്റെ പ്രായം, ജോലി, അഭിരുചി എന്നിവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ശിശുക്കൾക്കും കുട്ടികൾക്കും മുതിർന്നവരെ അപേക്ഷിച്ച് ധാരാളം സമയം ഉറക്കം ആവശ്യമാണ്. മുതിർന്നവർക്ക് യഥാർഥ ഉറക്കത്തേക്കാൾ കൂടുതലായി വിശ്രമം മതി. അവർ അവരുടെ ശരീരം കൊണ്ട് വിശ്രമിച്ചാൽ മതി. ശരീരം കൊണ്ട് പ്രവൃത്തിയെടുക്കുന്നവരേക്കാൾ മസ്തിഷ്കം കൊണ്ട് പ്രവൃത്തിയെടുക്കുന്നവർക്ക് ഉറക്കം ആവശ്യമാണ്. അതുപോലെ ആരോഗ്യമില്ലാത്തവർക്കും രോഗികൾക്കും കൂടുതൽ നേരം ഉറക്കം ആവശ്യമാണ്. മസ്തിഷ്കം കൊണ്ട് ജോലി ചെയ്യുന്ന പ്രായപൂർത്തിയായ ആരോഗ്യമുള്ള ആളുകൾ 7 മണിക്കൂറിലധികം ഉറങ്ങണം.

ഉറക്കത്തിന് ഏറ്റവും നല്ല സമ യം രാത്രിയാണെന്ന കാര്യം സ്പ ഷ്ടമാണ്. രാവിലെ ജോലിയും രാത്രി വിശ്രമവും പ്രകൃതിയുടെ നിയമമാണ്. രാവിലത്തെ പ്രകാശം മനുഷ്യന് ജോലി ചെയ്യാൻ പ്രകൃതി തന്നെ ഒരുക്കിയ ഒരു അനുഗ്രഹമാണ്. ഈ ശീലത്തിൽ നിന്നു നാം വ്യതിചലിക്കുകയാണെങ്കിൽ അത് അനാരോഗ്യം ക്ഷണിച്ചുവരുത്തും. രാത്രി ജോലി ചെയ്യുന്ന രാത്രികാവൽക്കാരെക്കുറിച്ചും സിനിമാതാരങ്ങളെക്കുറിച്ചുമുള്ള ആരോഗ്യസംബന്ധമായ പഠനങ്ങൾ ഇതിന് വ്യക്തമായ തെളിവ് നൽകുന്നു.

ഉറക്കം നമ്മുടെ ദഹനവ്യവസ്ഥയെ



ഗണ്യമായി സ്വാധീനിക്കുന്ന ഉപാപചയ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയും ശരീരം പോഷകങ്ങളെ സ്വാംശീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ദീർഘമേറിയ നിദ്ര ആരോഗ്യത്തെ ദുഷിപ്പിക്കുന്നു. അങ്ങനെയുള്ള ഉറക്കം നമ്മുടെ ശരീരം പുറപ്പെടുവിക്കുന്ന ദുർമ്മേദസ്സുകളേയും ദുഷിച്ച ബാ ഷ്പങ്ങളേയും പിന്നേയും സ്വാംശീകരിക്കുന്നു. അത് കാരണം ദീർഘനിദ്ര ഒരാൾക്ക് ഉന്മേഷം നൽകുന്നതിന് പകരം അയാൾക്ക് ക്ഷീണവും ഉറക്കച്ചടവുമായിരിക്കും സമ്മാനിക്കുക. കുറച്ചു നേരത്തെ അദ്ധ്വാനവും കുറച്ചു നേരത്തെ വിശ്രമവുമാണ് അഭികാമ്യം. ഇക്കാര്യത്തിൽ ഏറ്റവും ഉത്തമമായ മാതൃക റസൂൽ തിരുമേനി(സ)യുടേതാണ്. അവിടുന്ന് നേരത്തെത്തന്നെ ഉറങ്ങുകയും അർദ്ധരാത്രി കഴിഞ്ഞ് പുലർ ച്ചെ തഹജ്ജുദ് നിസ്കാരത്തിനായി ഉണരുകയും ചെയ്യും. വീണ്ടും ഉച്ചക്ക് ഒരു ലഘുനിദ്ര പ്രാപിക്കും. വൈകിയുറങ്ങുന്നതും വൈകിയുണരുന്നതുമാണ് നല്ലതെന്ന് ചില ആളുകൾ പറയാറുണ്ട്. പക്ഷേ, ഈ ശീലം നല്ലതല്ല. ഇത് പ്രകൃതിക്ക് ചേർന്നതുമല്ല. പക്ഷികളും, മൃഗങ്ങളുമടക്കം എല്ലാ ജീവികളും നേര ത്തെ ഉറങ്ങുകയും നേരത്തെ ഉണരുകയും ചെയ്യുന്ന ശീലമുള്ളവരാണ്. ഒരു മുസ്ലിം നിസ്കാരത്തിന്നായി നേരത്തെ ഉണരാനാണ് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. ഈ ശീലം പ്രകൃതിക്ക് അനുയോജ്യവും ആരോഗ്യകരവുമാണ്.

മലർന്ന് കിടന്നുറങ്ങുന്നത് ആരോഗ്യകരമായ രീതിയല്ല. അത് നട്ടെല്ലിന്ന് സമ്മർദ്ദമുണ്ടാക്കും. സ്വപ്നസ്ഖലനമുണ്ടാക്കുകയും ചെയ്യും. അപ്രകാരം, കമഴ്ന്നു കിടന്നുറങ്ങുന്നതും ആരോഗ്യകരമായ ശീലമല്ല. ഇടത് ഭാഗം ചരിഞ്ഞ് കിടന്നുറങ്ങുന്നത് ആരോഗ്യത്തിന് വളരെ ദോഷകരമാണ്. അത് ഹൃദയത്തിന് സമ്മർദ്ദമുണ്ടാക്കും. മസ് തിഷ്കത്തിലെ രക്തചംക്രമണത്തെ ബാധിക്കുകയും ചെയ്യും. അതുപോലെ കമഴ്ന്നു കിടന്നുറങ്ങുന്നത് ദുസ്വപ്നങ്ങൾ കാണാനും ഉറക്കത്തിലെഴുന്നേറ്റ് നടക്കുന്നതിനും (സ്വപ്നാടനം) കാരണമാവും - ശാ സ്ത്രീയമായി, ഉറക്കത്തിനു ഏറ്റവും അനുയോജ്യമായ നില വലത് ഭാഗം ചരിഞ്ഞുറങ്ങുകയാണ്. ഇത് (ശാസ്ത്രീയമായി) ആധുനിക വൈദ്യശാസ്ത്രം വളരെ വ്യക്തമായി തെളിയിച്ച കാര്യമാണ്. ഇസ്ലാമിന്റെ ദൈവികാദ്ധ്യാപനങ്ങളുടെ മഹത്വത്തിന് ആധുനികശാസ്ത്രം സാക്ഷിനിൽക്കുകയാണ്. ഇസ്ലാംമത സ്ഥാപകരും മുസ്ലിംകളുടെ യജമാനനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തന്റെ അനുയായികളോട് വലത് വശം ചരിഞ്ഞ് കിടന്നുറങ്ങാനാണ് ഉപദേശിച്ചിട്ടുള്ളത്. കഴിയുന്നതും 'തല' വടക്ക് വശത്ത് വെച്ചായിരിക്കണം ഉറങ്ങേണ്ടത്. കാരണം ഭൂമിയുടെ കാന്തികരേഖകൾ വടക്ക് നിന്ന് തെക്കോട്ടാണ് ധാരയായി പോവുന്നത്. അത് വളരെ നിഗൂഢമായി നമ്മുടെ നാഡി വ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ കാന്തിക രേഖകൾക്ക് സമാന്തരമായിട്ടായിരിക്കണം നാം കിടക്കേണ്ടത്. അതിന്റെ വിപരീത ദിശയിലാകാൻ പാടില്ല.

ഉറങ്ങാൻ കിടക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം നാം മനസ്സിൽ എന്തൊ രു കാര്യം ചിന്തിച്ചുകൊണ്ടാണോ ഉറങ്ങാൻ കിടക്കുന്നത്, അത് നമ്മു ടെ ഉപബോധമനസ്സിൽ ആ രാത്രി മുഴുവനും തങ്ങി നില്ക്കും. അത് അബോധാത്മകമായി നാമറിയാതെ നമ്മുടെ ചിന്തയേയും പ്രവൃത്തികളേയും സ്വാധീനിക്കുകയും ചെ യ്യും. ഇതിനുള്ള തെളിവ് ഒരു ശിശു കരഞ്ഞുകൊണ്ടാണ് ഉറങ്ങുന്നതെങ്കിൽ അത് ഉണരുന്നത് കരഞ്ഞു കൊണ്ടായിരിക്കും എന്നതാണ്. അത് മുലകുടിച്ചുകൊണ്ടാണ് ഉറങ്ങിയതെങ്കിൽ ചുണ്ടുകൾ കൊണ്ട് മുല കുടിക്കുന്നത് പോലെയുള്ള ചലനങ്ങളുമായിട്ടായിരിക്കും ഉണരുക. അതുകൊണ്ട് നാം ഉറങ്ങാൻ കിടക്കുമ്പോൾ നല്ല ചിന്തകളോടേയും ദൈവസ്മരണയോടേയും കിടന്നുറങ്ങണം.

റസൂൽ തിരുമേനി(സ) ഉറങ്ങുന്നതിന് മുമ്പ് വിശുദ്ധ ഖുർആനിലെ വചനങ്ങൾ പാരായണം ചെയ്യാൻ നമ്മോട് ഉപദേശിച്ചിട്ടുണ്ട്. അതായത് 'ആയത്തുൽ കുർസി' യും ഖുർആനിലെ അവസാനത്തെ മൂന്ന് സൂറത്തുകളുമാണ് ഇപ്രകാരം ഓതുവാൻ കല്പിച്ചത്. ഈ ഖുർആൻ വചനങ്ങൾ മന്ത്രങ്ങൾ ചൊല്ലുന്നതുപോലെ ചൊല്ലിത്തീർക്കുകയല്ല വേണ്ടത്. ആ വചനങ്ങൾ അല്ലാഹുവിന്റെ ഏറ്റവും പരമോന്നതമായ ഗുണങ്ങളെ വാഴ്ത്തുകയാണ് ചെയ്യുന്നത്. അതിന്റെ അർഥത്തെ സംബന്ധിച്ച് നാം അഗാധമായ ഭയഭക്തിയോടെ ചിന്തിച്ചുകൊണ്ട് ഈ ദൈവികഗുണങ്ങളെപ്പറ്റിയുള്ള ആഴമേറിയ മനനങ്ങൾ നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നു. തിന്മയിൽ നിന്നും എല്ലാ അശുഭകരമായ ചിന്തകളിൽ നിന്നും നമ്മെ നിർമുക്തമാക്കി ദൈവത്തിൽ ശരണം പ്രാപിക്കാൻ ഈ ഖുർആൻ വചനങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു. ഇത്തരം ശീലങ്ങൾ നാം വളരെ ആലോചനാപൂർവം പ്രാവർത്തികമാക്കുകയാണെങ്കിൽ അത് നമ്മുടെ ധാർമ്മിക ശക്തിയെ വമ്പിച്ച തോതിൽ ഉയർ ത്തുന്നതാണ്.

രാത്രിനേരത്തെ ഭക്ഷണം കഴിച്ച ഉടനെത്തന്നെ കിടന്നുറങ്ങുന്നത് നല്ല ശീലമല്ല. 'രാത്രി ഭക്ഷണം കഴിച്ചതിനു ശേഷം ഒരു മൈലെങ്കിലും നടക്കുക' എന്ന ആപ്തവാക്യം ചിന്തനീയമാണ്. ഇത് ആരോഗ്യത്തിന് വളരെ നല്ലതാണ്. അതുകൊണ്ടാണ് ഇസ്ലാം ഇശാ നിസ്കാരം നിർബന്ധമായും പള്ളികളിൽ വെച്ച് നിർവ്വഹിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളത്. (ഭക്ഷണം കഴിച്ചതിനുശേഷമുള്ള ഈ നടത്തം ഏറ്റവും ആരോഗ്യകരമാണ്) ഈ ഉപദേശം ശരീരത്തി നും ആത്മാവിനും ഒരുപോലെ ഗുണകരമാണ്.

തുടർച്ചയായ ഉറക്കമില്ലായ്മ മാനസിക അസ്വസ്ഥതകൾക്ക് കാരണമാകും. അതുകൊണ്ട് രാത്രിയിലെ പൂർണവിശ്രമവും ഉറക്കവും ഇതിന് അത്യാവശ്യമാണ്. ഉറക്കമില്ലായ്മ നമ്മുടെ മനസ്സിനെ പലവിധ ചിന്തകളാലും അലട്ടും. വുളു എടുത്തുകൊണ്ട് ഉറങ്ങാൻ കിടക്കുകയാണെങ്കിൽ അത് നമ്മുടെ ചിന്തകളെ നിയന്ത്രിക്കാൻ സഹായകമായിരിക്കും. അപ്രകാരം ഇളംചൂടു വെള്ളത്തിലെ കുളിയും ചൂടുള്ള എന്തെങ്കിലും പാനീയം കഴിക്കുന്നതും ഉറങ്ങാൻ സഹായകമായിരിക്കും.

ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെല്ലാം പ്രകൃതിപരവും വ്യക്തമായ ആരോഗ്യനിയമങ്ങൾക്കനുസൃതവുമാണ്. ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഇസ്ലാമിനെപ്പറ്റി പഠിക്കുക എന്നത് ഏറ്റവും ആഹ്ലാദകരമായ ഒരു പ്രവൃത്തിയാണ്. ●

www.alislam.org

# സുലൈമാൻ നബി(അ)യുടെ സൈന്യവും 'ഹുദ് ഹുദ്' എന്ന വ്യക്തിയും

സുലൈമാൻ നബി(അ)യുടെ സൈന്യത്തിലുണ്ടായിരുന്ന 'ഹുദ് ഹുദ്' മരം കൊത്തി പക്ഷിയല്ല, മനുഷ്യനായിരുന്നു

*സുലൈമാന്റെ മുമ്പാകെ ജിന്നുകളിൽ നിന്നും ഇൻസുകളിൽ നിന്നും പക്ഷികളിൽ നിന്നുമുള്ള അദ്ദേഹത്തിന്റെ സൈന്യങ്ങൾ ഒരിമിച്ചു കൂട്ടപ്പെട്ടു. എന്നിട്ട് അവ പല വകുപ്പുകളിലായി ക്രമീകരിക്കപ്പെടുകയും ചെയ്തു... അദ്ദേഹം പക്ഷികളെ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു: 'എനിക്കെന്തുപറ്റി? ഞാൻ ഹുദ്ഹുദിനെ കാണുന്നില്ലല്ലോ അഥവാ അവൻ മനഃപൂർവ്വം അപ്രത്യക്ഷനായതാണോ? തീർച്ചയായും ഞാൻ അവനെ കഠിനമായി ശിക്ഷിക്കുന്നതാണ്. അല്ലെങ്കിൽ ഞാൻ അവനെ കൊന്നുകളയും. അതുമല്ലെങ്കിൽ അവൻ എനിക്ക് സ്പഷ്ടമായ വല്ല തെളിവും കൊണ്ടുവരണം. അങ്ങനെ അദ്ദേഹം അല്പം താമസിച്ചു. (അപ്പോഴേക്കും ഹുദ് ഹുദ് വന്നു). ഇങ്ങനെ പറഞ്ഞു: 'താങ്കൾ അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ ശരിക്കും അറിഞ്ഞിട്ടുണ്ട്. ഞാൻ 'സബ്ഇൽ' നിന്നും സൂക്ഷ്മമായ ഒരു വിവരവും കൊ ണ്ടാണ് താങ്കളുടെ അടുക്കലേക്ക് വന്നിട്ടുള്ളത്. അവിടെ ഒരു സ്ത്രീ അവരുടെ മേൽ ആധിപത്യം വഹിക്കുന്നതായി ഞാൻ കണ്ടു. എല്ലാ വസ്തുക്കളിൽ നിന്നും (അവശ്യമായത്) അവൾക്ക് നൽകപ്പെട്ടിരിക്കുന്നു. അവൾക്ക് ഒരു വലിയ സിംഹാസനമുണ്ട്.... അദ്ദേഹം (സുലൈമാൻ) പറഞ്ഞു: 'നീ സത്യമാണോ പറയുന്നത്? അതല്ല കള്ളം പറയുന്നവരിൽപ്പെട്ടതാണോ എന്ന് ഉടനെ നമുക്ക് നോക്കാം. എന്റെ ഈ എഴുത്ത് കൊണ്ടുപോയി അത് അവരിലേക്ക് ഇട്ടുകൊടുക്കുക. എന്നിട്ട് അവരിൽ നിന്നും പിൻമാറി നില്ക്കുക. പിന്നെ അവർ എന്ത് മറുപടി നൽകുന്നുവെന്ന് നോക്കുക'* (27:18–27)

സൂറ: അന്നംലിലെ പ്രസ്തുത വചനങ്ങളിൽ സുലൈമാൻ നബി (അ)യുടെ സൈന്യങ്ങളെ പറ്റി വർണ്ണിച്ചിരിക്കുന്നു. അതിൽ ഇൻസും, ജിന്നും, പക്ഷികളും, പക്ഷികളുടെ കൂട്ടത്തിൽ ഹുദ്ഹുദും ഉള്ളതായി ഖുർആൻ പറയുന്നു. പ്രസ്തുത പരാമർശത്തെ അക്ഷരാർത്ഥത്തിൽ എടുത്തുകൊണ്ട് അരൂപികളായ ജിന്നുകളുടേയും, പക്ഷികളുടേയും ഒരു സൈന്യം സുലൈമാൻ നബി (അ)ക്കുണ്ടായിരുന്നു എന്ന് ഖുർആൻ ഭാഷ്യകാരന്മാരിൽ പലരും പറയുന്നു. വാസ്തവത്തിൽ ജിന്നും പക്ഷികളുമെല്ലാം അദ്ദേഹത്തിന്റെ സൈന്യത്തിൽ പ്രത്യേക ദൗത്യങ്ങൾ നിർവ്വഹിക്കാനുള്ള സേനാവിഭാഗങ്ങളുടെ പേരായിരുന്നു. അവരെല്ലാം തന്നെ മനുഷ്യരുമായിരുന്നു.

പ്രസ്തുത വചനവും സൂറ: അമ്പിയായിലെ 83ാം വചനവും സൂറ സബഅ്ലെ 13ാം വചനവും ചേർത്ത് വ്യാഖ്യാനിക്കേണ്ടതാണ്.

*(നാം) അദ്ദേഹത്തിന് (സുലൈമാന്) വേണ്ടി മുങ്ങൽ വിദഗ്ദരേയും (അധീനപ്പെടുത്തിക്കൊടുത്തു). ഇതിനുപുറമെ ചില പ്രവൃത്തികളും അവർ ചെയ്യാറുണ്ടായിരുന്നു. (സൂറ അമ്പിയാഅ് 83)*

'വ മിന ശയാത്ത്വീനി മൻയ ഊസൂന' എന്നതിന് ശയ്ത്വാന്മാരിൽ നിന്നും (പിശാചുക്കളിൽ നിന്നും) സമുദ്രത്തിൽ മുങ്ങുന്ന മുങ്ങൽക്കാരെയും' എന്നാണ് സാധാരണ അർ ത്ഥം പറയാറുള്ളത്. ഇവിടെ 'ശയാത്തീൻ' എന്നതിന് പിശാചുക്കൾ എന്നതിനുപകരം 'വിദഗ്ദർ' അല്ലെങ്കിൽ മുഖ്യന്മാർ' എന്ന് പ്രയോഗിക്കാവുന്നതാണ്. ഖുർആനിലും അതിന് പ്രയോഗസാധുതയുണ്ട്. സൂറ:ബക്കറ 15–ാം വചനം ഉദാഹരണം.

സുലൈമാൻ നബി(അ) പല വിദഗ്ധ ജോലികളും ചെയ്തിരുന്ന ഇസ്രായേലികളല്ലാത്ത ഗോത്രവർഗങ്ങളെ അടിമകളാക്കി പിടിച്ചു അധീനതയിൽ വെച്ചിരുന്നതായി ബൈബിളിൽ കാണാവുന്നതാണ്. *'ഇസ്രായേൽക്കാരുടെ വംശത്തിൽ പെടാത്തവരായ അമോറിയർ ഹിത്തിയർ, പെരിസിയർ, ഹിവിയർ യെബുസിയർ എന്നീ കൂട്ടരിൽ അവശേഷിച്ചിരുന്നവരെയെല്ലാം ഇവരുടെ പിന്മുറക്കാരായി ദേശത്ത് അവശേഷിച്ചിരുന്നവരെ പൂർണമായി നശിപ്പിക്കാൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞില്ല.* (1 രാജാക്കന്മാർ 20–21)

സുലൈമാൻ നബി(അ) ഇങ്ങ നെ അടിമകളാക്കി വെച്ച ജനങ്ങളിൽ പേർഷ്യൻ കടലിൽ നിന്നും മുത്തുകൾ മുങ്ങിയെടുക്കുന്ന വിദഗ്ദരും, സൈനികവും നിർമ്മാണപരവുമായ പ്രവൃത്തികൾ നിർവഹിക്കുന്ന അതിവിദഗ്ധരായ ചില ഗോത്രവർഗ മുഖ്യന്മാരുമുണ്ടായിരുന്നു.

ചുരുക്കത്തിൽ സുലൈമാൻ നബി(അ) സൈന്യത്തിലെ ചില പ്രത്യേക ദൗത്യങ്ങൾ നിർവഹിച്ച ഇൻസ്, ജിന്ന്, പക്ഷികൾ എന്നിവരെല്ലാം മനുഷ്യർ തന്നെയായിരുന്നു. 21:83ലും 38:38ലും വിവരിച്ച

'ശയാത്ത്വീൻ' എന്ന് പേരുള്ള വിഭാഗവും 'ജിന്ന്' (അതാത് ദൗത്യങ്ങളിലെ നിർവ ഹണ വിദഗ്ദർ) വിഭാഗത്തിൽപ്പെട്ടവരായി രുന്നു. മറ്റൊരു കാര്യം പക്ഷി എന്ന അർഥ ത്തിൽ ഉപയോഗിച്ച 'ത്വൈർ' എന്ന പദം അതിവേഗത്തിൽ കുതിക്കുന്ന കുതിര യെയും കുതിരപട്ടാളത്തേയും സൂചിപ്പി ക്കുന്നതാണ്. സുലൈമാൻ നബി(അ) കുതിരകളെ ഇഷ്ടപ്പെട്ടിരുന്നതായും അതിനെ ഓമനിച്ചിരുന്നതായും 38:32, 34 വചനങ്ങളിൽ കാണാം.

ഇവിടെ ഹുദ്ഹുദിനെ സംബന്ധിച്ചു സൂറ:അന്നംലിലെ വചനങ്ങളിൽ നിന്നു തന്നെ 'ഹുദ് ഹുദ്' ഒരു പക്ഷി (മരംകൊ ത്തി)യല്ല എന്ന കാര്യം സുവിദിതമാണ്. ഇതിന് ഉപോൽബലകമായുള്ള മറ്റു തെളി വുകൾ ഇവയാണ്.

1. അതായത്, സുലൈമാൻ നബി(അ) യെ പോലെ പ്രവാചകനും അതിപ്രഗല്ഭ നും രാജാധിരാജനുമായ ഒരാൾ നിസ്സാര നായ ഒരു മരംകൊത്തി പക്ഷിയെ കാണാ തിരുന്നത് മൂലം കോപിഷ്ടനായി, അതി നെ വധിച്ചുകളയുമെന്ന് പറയുന്നത് അവി ശ്വസനീയമാണ് (വചനം 23)

2. ഹുദ് ഹുദ് അഥവാ മരംകൊത്തി ഒരു ദേശാടന പക്ഷിയല്ല. അതിന് ദീർഘ ദൂരം പറക്കുക അസാധ്യമാണ്. അതു കൊണ്ട് ഫലസ്തീനിൽ നിന്നും അറേ ബ്യൻ മരുഭൂമിക്കപ്പുറം വളരെ അകലെ യുള്ള യമനിലെ രാജ്ഞിക്ക് സന്ദേശമെ ത്തിക്കാൻ ഒരിക്കലും സുലൈമാൻ നബി( അ) മരംകൊത്തിപക്ഷിയെ നിയോഗിക്കി ല്ല. (വചനം 24)

3. ഈ ഖുർആൻ വചനങ്ങളിൽ, ഹുദ് ഹുദ് സമൃദ്ധമായ യമനിലെ പ്രതാപ ചി ഹ്നങ്ങളെന്താണ് എന്ന് മനസ്സിലാ ക്കുന്നതായി വിവരിക്കുന്നു. അവർ സൂര്യനെ ആരാധിക്കുന്നതായും പിശാ ചിന്റെ പ്രേരണയ്ക്ക് വശംവദരായതായും ഹുദ് ഹുദ് സുലൈമാൻ നബി(അ)യെ അറിയിക്കുന്നു. (വചനം 24)

4. തൗഹീദിനെ പറ്റിയും ശിർക്കിനെ പറ്റിയും ഹുദ് ഹുദിനറിയാം. അതുകൊണ്ട് ഹുദ്ഹുദ് വിവേചനബോധമുള്ള മനുഷ്യ നാണെന്ന് കരുതാം. (വചനം 25, 26)

സുലൈമാൻ നബി(അ)യുടെ കാലത്ത് ഇങ്ങനെ ദൂതന്മാർ ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് സഞ്ചരിക്കൽ സാധാരണയായിരുന്നു. പക്ഷികളുടേയും മൃഗങ്ങളുടേയും പേരുകൾ അക്കാലത്തെ മനുഷ്യർ ചേർത്ത് വിളിക്കാറുണ്ടായിരു ന്നു. റസൂൽ തിരുമേനി(സ)യുടെ കാലത്തും ഈ സമ്പ്രദായമുണ്ടായിരുന്നു. 'അബൂഹുറൈറ' 'അബൂബക്കർ' എന്നിവ ഉദാഹരണം. അക്കാലത്ത് ഹുദ് ഹുദ് എന്ന നാമമുള്ള ഒരാൾ ഇസ്രായേലികൾക്കിട യിൽ പ്രശസ്തനായിരുന്നുവെന്ന് ബൈ ബിൾ തന്നെ സാക്ഷ്യം വഹിക്കുന്നു. 'ഹദദ് സോളമന് എതിരായി ഒരാളെ ദൈവം ഉയർത്തി എദോമിയനായ ഹദദ് ഏദോം രാജകുടുംബത്തിലെ ഒരംഗമായി രുന്നു. (1 രാജാക്കന്മാർ 11:14) ബൈബിൾ പ്രതിപാദിച്ച 'ഹദദ്' എന്ന പേരിന്റെ അറ ബീകൃത രൂപമാണ് 'ഹുദ്ഹദ്.' ജൂയിഷ് എൻസൈക്ലോപീഡിയയും 'ഈയൊരു വസ്തുത ശരിവെക്കുന്നു. 'മുൻതഹ അൽ അറബ്' എന്ന കിതാബിൽ ബിൽക്കീസ് രാജ്ഞിയുടെ പിതാവിന്റെ പേരും ഹുദ് ഹുദ് ആണെന്ന് രേഖപ്പെടു ത്തുന്നു. ഈ വസ്തുതകളെല്ലാം നൽകുന്ന സൂചന ഹുദ് ഹുദ് എന്നത് മരം കൊത്തി പക്ഷിയായിരുന്നില്ല. മറിച്ച് സുലൈമാൻ നബി(അ) യുടെ സൈന്യ ത്തിൽ സുപ്രധാനമായ ഒരു ദൗത്യം വഹി ച്ചിരുന്ന ഒരു പ്രമുഖ വ്യക്തിയായിരുന്നു എന്നാണ്.

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരുകൂട്ടർ അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്ന വരുമായി സൗഹൃദം പുലർത്തുന്നതു നീകാണുകയില്ല അവർ ( അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്ന വർ) സപിതാക്കളോ സന്താനങ്ങളോ സ്വസഹോദരങ്ങളോ സ്വകുടുമ്പ ബന്ധുക്കളോ ആയാലും ശരി അത്തരക്കാരാകട്ടെ ( ആ വിശ്വാസികൾ ) അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവെക്കുകയും തന്റെ പക്കൽ നിന്നുള്ള വചനം കൊണ്ട് അവരെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴോരത്തുകൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ ശാശ്വത വാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തനായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക, അല്ലാഹുവിന്റെ സംഘംതന്നെയാണ് വിജയികൾ.

(വിശുദ്ധ ഖുർ ആൻ 58:23)

കുറിപ്പുകൾ

# സമുദ്രം: വിഭവങ്ങളുടെ അക്ഷയ ഖനി

നിങ്ങൾക്ക് സമുദ്രത്തെ അധീനപ്പെടുത്തിയവനത്രെ അല്ലാഹു, അവന്റെ കല്പന പ്രകാരം അതിൽ കപ്പലുകൾ സഞ്ചരിക്കുന്നതിനും അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിച്ച് സമ്പാദിക്കുന്നതിനും നിങ്ങൾ നന്ദികാണിക്കുന്നതിനും വേണ്ടി (45:13) ഒരു വസ്തുവിന്റെയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല. (15:22) നിങ്ങളുടെ പക്കലുള്ളതെല്ലാം തീർന്നു പോകുന്നതാണ്. അല്ലാഹുവിന്റെ പക്കലുള്ളത് ശേഷിക്കുന്നതാണ്. (16:97)

മുസാഫിർ



മൈനിംഗ് ഷിപ്പ്

**വാ**സ്തവത്തിൽ ചന്ദ്രനെക്കുറിച്ചറിഞ്ഞതിനേക്കാൾ കുറഞ്ഞ വിവരമേ മനുഷ്യന് സമുദ്രാന്തർ ഭാഗത്തെക്കുറിച്ചറിയൂ. അദൃശ്യ വിഭവങ്ങളുടെ അപാര കേദാരവും പേറി നിൽക്കുന്ന ഘനഗംഭീരമായ സമുദ്രങ്ങളുടെ ജലരാശികളെ ഭേദിച്ച് ദൈവികാനുഗ്ര ഹങ്ങളുടെ ചെപ്പുകൾ തേടി സഞ്ചരിക്കുന്ന കപ്പലുകളുടെ വർണന വിശുദ്ധ ഖുർആന്റെ അർഥ പൂർണമായ ഒരു വിവരണമാണ്. ഭൂഗോളത്തിന്റെ നാലിൽ മൂന്ന് ഭാഗം ആവരണം ചെയ്തിരിക്കുന്ന മഹാ സമുദ്രങ്ങളിലെ ജലഖണ്ഡങ്ങൾക്കടിയിൽ ഭാവിലോകത്തിന്റെ ലോഹാവശ്യങ്ങളെ നിറവേറ്റുന്ന വൻ വിഭവ നിക്ഷേപങ്ങൾ ചൂഷണം ചെയ്യാൻ വൻ ശക്തികൾ പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ അഗാധ സമുദ്രത്തിൽ കിലോ മീറ്ററുകളിൽ വിന്യസിച്ചു കിടക്കുന്ന നോഡ്യൂൾസ് എന്ന് അറിയപ്പെടുന്ന സങ്കര ലോഹ അയിരുകൾ ഖനനം ചെയ്തെടുക്കാൻ തീരുമാനിച്ചിരിക്കുന്നു. പസിഫിക്ക് സമുദ്രത്തിൽ 58,000 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കടൽത്തറയിൽ 6000 മീറ്റർ വരെ അഗാധ സമുദ്രത്തിലാണ് ബ്രിട്ടൻ ആഴക്കടൽ നോഡ്യൂൾ ഖനനം ചെയ്യാൻ തീരുമാനിച്ചത്. അങ്ങിനെ വിഭവ ദൗർബല്യം മൂലം ഭാവി ഗതികെട്ടു പോകുമോ എന്ന് ആശങ്കപ്പെട്ടിരുന്ന മനുഷ്യന് മുമ്പിൽ വിഭവ സമൃദ്ധമായ കടൽ കനികളുടെ അക്ഷയ ഖനികൾ നിവരുകയാണ്. അചുംബിതവും അനാഘ്രാതവുമായ വിഭവങ്ങളുടെ ഈ കന്യാഭൂമികളിൽ കൈവെക്കാൻ വൻശക്തികൾ മത്സരക്കുതിപ്പോടെ സമുദ്രത്തിലേക്ക് വരുംനാളുകളിൽ എടുത്ത് ചാടുമെന്ന കാര്യം ഉറപ്പാണ്. ഖുർആൻ പറഞ്ഞത് പോലെ അത് മനുഷ്യനെ കൂടുതൽ കൃതജ്ഞതാപൂർണനാക്കുമോ? അതല്ല കൂടുതൽ കൃതഘ്നൻ(നന്ദി കെട്ടവൻ) ആക്കുമോ?

സങ്കര ലോഹങ്ങളടങ്ങിയ പദാർഥങ്ങളാണ് നോഡ്യൂൾസ് (Polymetallic Nodules) ഇതിന് മാംഗനീസ് നോഡ്യൂൾസ് എന്നും പറയുന്നു. 19-ാം നൂറ്റാണ്ടിനൊടുവിലാണ് എച്ച്. എം.എസ് ചലഞ്ചർ (1872-76) എന്ന ബ്രിട്ടീഷ് ഗവേഷണ കപ്പൽ നോഡ്യൂൾസ് കണ്ടെത്തിയത്. അഗാധ സമുദ്രത്തിൽ ഉരുള കിഴങ്ങിന്റെ ഉരുണ്ടും പരന്നും നിശ്ചിതമല്ലാത്ത ആകൃതിയിൽ ലോഹാംശമുള്ള അയിരുകളായി കാണപ്പെടുന്ന നോഡ്യൂൾസ് 5 മുതൽ 10 സെന്റിമീറ്റർ വരെ ഡയമീറ്ററിൽ പരുപരുത്ത പ്രതലത്തോടുകൂടി കാണപ്പെടുന്നു. നോഡ്യൂളുകൾ ഉണ്ടാവുന്നത് ഏറ്റവും മന്ദഗതിയിലുള്ള ഒരു ഭൗമപ്രതിഭാസമായാണ് കണക്കാക്കുന്നത്. ഒരു സെന്റീമീറ്റർ നോഡ്യൂൾ വളരണമെങ്കിൽ ലക്ഷക്കണക്കിന് വർഷങ്ങൾ വേണ്ടി വരും. പക്ഷേ വേഗത്തിലും നോഡ്യൂളുകൾ വളരുമെന്ന ശാസ്ത്രാഭിപ്രായവുമുണ്ട്. ഏതായാലും ലക്ഷക്കണക്കിന് കിലോമീറ്റർ പരന്ന് കിടക്കുന്ന സമുദ്ര ത്തിൽ സാവധാനത്തി ലാണെങ്കിലും നിരന്തരം നവീ കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു അക്ഷയ വിഭവമാണ് നോഡ്യൂൾ എന്ന് പറയാം. പല വിധത്തിലും നോഡ്യൂളുകൾ ഉണ്ടാവുന്നുണ്ട്. കടൽ ജലത്തിൽ

നിന്നും ലോഹ കണങ്ങൾ കടലൽത്തറയിലേക്ക് പെയ്തിറങ്ങുന്നതാണ് (Percipitation) ഒരു രീതി. കടലിലെ അഗ്നി പർവത സ്ഫോടനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ഉഷ്ണ ജലപ്രവാഹത്തിന്റെ (Hydro Thermal) പ്രവർത്തന ഫലമായി ലോഹാംശങ്ങൾ അടിഞ്ഞുകൂടി നോഡ്യൂളുകൾ രൂപീകരിക്കപ്പെടുന്നു. കടൽത്തറയിലെ ബസാൽട്ടിക്ക് പാറകളിൽ കടലിലെ ലവണ ജലത്തിന്റെ വിഘടന പ്രവർത്തനം മൂലം ഉണ്ടാകുന്ന നോഡ്യൂൾ, സൂക്ഷ്മ ജീവികളുടെ പ്രവർത്തനം മൂലം മെറ്റൽ ഓക്സൈഡുകളുടെ ബഹിർഗമനത്തെത്തുടർന്നുണ്ടാകുന്നവ ഇങ്ങിനെ പല രീതികളിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് നോൾഡ്യൂകളുടെ രൂപീകരണം നടക്കുന്നത്. മാംഗനീസ്, ഇരുമ്പ്, നിക്കൽ, കോപ്പർ കോബാൾട്ട്



നൊഡ്യൂൾസ്

മുതലായ ധാതുക്കളാണ് നോഡ്യൂളുകളിൽ നിന്നും ലഭിക്കുക.

1930 മുതലാണ് കടലിന്റെ രഹസ്യങ്ങൾ അന്വേഷിച്ച് മനുഷ്യൻ ഗൗരവാഹമായ പഠനങ്ങൾ നടത്താൻ ആരംഭിച്ചത്. ശബ്ദത്തിന്റെ പ്രതിദ്ധ്വനിയെ ആസ്പദമാക്കി വികസിപ്പിച്ചെടുത്ത എക്കോ സൗണ്ടിംങ്ങ് (സോണാർ) ഉപയോഗിച്ചായിരുന്നു സമുദ്രാന്തർ ഭാഗത്തിന്റെ പ്രതല സവിശേഷതകൾ(Topogarapic Map) മനസ്സിലാക്കിയിരുന്നത്. അതായത് വെള്ളത്തിൽ 1500 മീറ്ററിൽ സെക്കന്റിൽ 40 ഡിഗ്രി ചരിഞ്ഞ് കടലിനടിയിലേക്ക് പായിക്കുന്ന ശബ്ദ തരംഗങ്ങൾ കടൽ ത്തറയിൽ തട്ടി പ്രതിദ്ധ്വനിച്ച് തിരിച്ചു വരുന്നു. അത് നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കടലിന്റെ അടിത്തട്ടിനെ പറ്റിയുള്ള സൂക്ഷ്മ വിവരങ്ങൾ ശേഖരിക്കുന്നത്. 1970 കളിൽ ബഹുമുഖ ശബ്ദ ബീമുകൾ ഫാൻ പോലെയുള്ള ഉപകരണത്തിൽ നിന്നും തുടർച്ചയായി കുത്തനെ താഴേക്ക് പായിച്ചുകൊണ്ട് കടലിന്റെ അടിത്തറ സ്കാൻ ചെയ്ത് കൂടുതൽ മിഴിവുള്ള കടൽത്തറയുടെ ചിത്രങ്ങൾ ലഭിക്കാൻ തുടങ്ങി. 20 കിലോമീറ്റർ വിസ്തൃതിയിൽ മിനുട്ടുകൾക്കുള്ളിൽ അഗാധ സമുദ്രത്തിനടിയിലെ കൃത്യമായ നിരവധി സവിശേഷതകൾ രേഖപ്പെടുത്തിയ അഗാത സമുദ്രത്തിന്റെ വർണ ചിത്രങ്ങൾ ലഭിക്കാനുള്ള സംവിധാനങ്ങൾ ഇന്ന് ഗവേഷണ കപ്പലുകൾക്കുണ്ട്. ഇങ്ങനെ ലഭിക്കുന്ന കടൽ തട്ടിന്റെ ചെറിയ സ്ട്രിപ്പുകൾ സാറ്റലൈറ്റ് മുഖേന നിയന്തിക്കപ്പെടുന്ന ജി.പി.ആർ എസ് സിസ്റ്റത്തിലൂടെ കമ്പ്യൂട്ടർ ഉപയോഗിച്ച് കൂട്ടി യോജിപ്പിച്ച് ഭൂഗോളത്തിലെ മുഴുവൻ സമുദ്രാന്തർഭാഗത്തിന്റേയും ഒരു മീറ്റർ വരെ കൃത്യതയിലുള്ള വ്യക്തമായ ചിത്രങ്ങൾ നിർമിച്ചെടുക്കാനാവും. കൂടാതെ എല്ലാ ഗവേഷക സംരംഭകർക്കും അഗാധ സമുദ്രത്തിൽ മുങ്ങിതാഴ്ന്ന് എത്ര സമയം ചിലവഴിച്ചും ഫോട്ടോ എടുക്കാനും മറ്റുമുള്ള നിരീക്ഷണ സംവിധാനങ്ങളുമുണ്ട്.

ഭൂമിയിൽ 30% സമുദ്രാന്തർ ഭാഗങ്ങളിലും ചില തടാകങ്ങളിലും നോഡ്യൂളുകൾ കാണപ്പെടുന്നു. 4000 മുതൽ 6000 വരെ മീറ്റർ അടിയിലാണ് ഇവ കാണപ്പെടുന്നത്. കടൽത്തറയിൽ ഇത്ര അഗാധ തലത്തിൽ കാണപ്പെടുന്നത് കൊണ്ട് തന്നെയാണ് ഈ കടൽമുത്ത് സംസ്കരിച്ചെടുക്കാനുള്ള ഫലപ്രദമായ ടെക്നോളജി ഇത്വരെ വികസിപ്പിച്ചെടുക്കാൻ കഴിയാത്തത്. സമുദ്രത്തിൽ ഇവ വ്യാപകമായി കാണപ്പെടുന്നുണ്ടെങ്കിലും വ്യാവസായികമായി ഉപയോഗിക്കാൻ ഗവേഷകർ തിരഞ്ഞെടുത്തിരിക്കുന്നത് മദ്ധ്യ വടക്ക് പസഫിക്ക് സമുദ്രത്തിന്റെ വടക്ക് ഭാഗം, തെക്ക് കിഴക്ക് പസഫിക്ക് സമുദ്രത്തിന്റെ പെറു ബേസിൻ, വടക്കൻ ഇന്ത്യാസമുദ്രത്തിന്റെ മദ്ധ്യഭാഗം എന്നീ സമുദ്ര പ്രദേശങ്ങളാണ്. കടലിന്റെ അടിത്തട്ടിൽ നിന്നും നോഡ്യൂൾ എങ്ങനെ പുറത്തെടുത്ത് സംസ്കരിക്കാമെന്നതാണ് ശാസ്ത്രം നേരിടുന്ന വെല്ലുവിളി. ആഴക്കടലിലെ ഭാരിച്ച മർദം തന്നെയാണ് പ്രശ്നം. അഗാധസമുദ്രത്തിൽ ഒരു സ്റ്റാമ്പിന്റെ വ്യാപ്തത്തിൽ അനുഭവപ്പെടുന്ന മർദം ഏകദേശം സമുദ്രനിരപ്പിൽ ഒരു ആനയുടെ ഭാരത്തിന്ന് തുല്യമായിരിക്കുമത്രേ. ഈ ഭാരിച്ച മർദാവസ്ഥയിലെ ഖനനവും അത്യഗാധമായ ആഴവുമാണ് നോഡ്യൂൾ ഖനനരംഗത്ത് ശാസ്ത്രം ഏറ്റെടുത്ത വെല്ലുവിളി. വിജ്ഞാനം ആർജിച്ച് പടിപടിയായി പുരോഗമിക്കലാണ് ദൈവം മനുഷ്യന് വേണ്ടി നിശ്ചയിച്ച പുരോഗതിയുടെ രീതി. സമുദ്രാന്തർ ഭാഗത്ത്നിന്നും നോഡ്യൂളുകൾ സമാഹരിച്ച് സമുദ്രത്തിന്റെ ഉപരിതലത്തിലേക്ക് ഷട്ടിൽ സർവീസ് നടത്തുന്ന സ്വതന്ത്ര വാഹന വ്യൂഹങ്ങളിലൂടെ ഖനനം നടത്താമെന്നാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഫ്രഞ്ച് എഞ്ചിനീയർമാർ പറയുന്നത്. ലെഡ് ബാറ്ററി കൊണ്ട് പ്രവർത്തിപ്പിക്കുന്ന വാഹനങ്ങളാണ് ഇതിനായി ഡിസൈൻ ചെയ്തിരിക്കുന്നത്. ഇത്തരം വാഹനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ കഴിയുമെന്നാണ് അവർ പറയുന്നത്. അത്പോലെ എയർ ലിഫ്റ്റിങ്ങ് സിസ്റ്റം ഉപയോഗിച്ച് നോഡ്യൂൾസ് ലോഡ്ചെയ്ത വാഹനങ്ങൾ ഉയർത്തിക്കൊണ്ട് വരാമെന്നും പറയുന്നു. മറ്റൊന്ന്, കിലോമീറ്ററുകൾ നീളമുള്ള കാബിളും ബക്കറ്റും ഉപയോഗിച്ച് വാരിയെടുക്കുന്ന രീതിയാണ്. വേറൊന്ന് പകുതി സമുദ്രോപരിതലത്തിൽ പൊങ്ങിനിൽക്കുന്ന മുങ്ങിക്കപ്പൽ മാതൃകയിലുള്ള ഒരു പ്ലാറ്റു ഫോമിൽ നിന്നും താഴേക്ക് 1000 മുതൽ ആറായിരം വരെ കിലോമീറ്ററുകൾ താഴേക്ക് തുങ്ങി നിൽക്കുന്ന ഒരു പൈപ്പിലൂടെ ഹൈഡ്രോളിക്ക് പ്രഷർ ഉപയോഗിച്ച് സമുദ്രാന്തർഭാഗത്ത് നിന്നും നോഡ്യൂൾസ് വലിച്ചെടുക്കുന്ന രീതിതിയാണ്. ഓരോ സ്മുദ്രത്തിന്റെയും പ്ര ത്യേകതക്കനുസരിച്ച് അവ ലാഭകരമായി ഖനനം ചെയ്യുന്ന രീതികളിലും മാറ്റമുണ്ടാവും.

1960-70 കളിൽ അമേരിക്ക, കാനഡ, യു.കെ, ജർമനി, ജപ്പാൻ, ഇറ്റലി, എന്നിവിടങ്ങളിൽ നിന്നുമുള്ള മൾട്ടിനാഷണൽ കമ്പനികളും ഇന്ത്യ, ചൈന, റഷ്യ, സോവ്യറ്റ് യൂണിയൻ എന്നിവിടങ്ങളിൽ നിന്നുള്ള സ്ഥാപനങ്ങളും നോഡ്യൂൾ ഖനനത്തിന്റെ സാദ്ധ്യതകൾ പഠിക്കാൻ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്വരെ വാണിജ്യാടിസ്ഥാനത്തിൽ നോഡ്യൂൾ ഖനനം ചെയ്ത് സംസ്കരിച്ചെടുക്കാൻ സാദ്ധ്യമായിട്ടില്ല. കഴിഞ്ഞ ദശകങ്ങളിൽ കമ്പ്യൂട്ടർ നിർമാണരംഗത്തുണ്ടായ വൻ പുരോഗതി മൂലമുണ്ടായ നിക്കലിന്റെ വമ്പിച്ച ആവശ്യം അഭിമുഖീകരിക്കാൻ നോഡ്യൂളിലേക്ക് വീണ്ടും ശ്രദ്ധതിരിഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ നമ്മുടെ രാജ്യമായ ഇന്ത്യ ഒരു പാട് മുന്നോട്ടു പോയിക്കഴിഞ്ഞിട്ടുണ്ട്

എന്ന കാര്യം അഭിമാനാർഹമാണ്.

അന്താരാഷ്ട്ര നോഡ്യൂൾ മൈനിങ്ങ് നിയന്ത്രിക്കുന്ന നിലവിലുള്ള നിയമം ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യ ത്തിൽ 1973 മുതൽ 1982 വരെ നടന്ന അന്താരാഷ്ട്ര സമുദ്ര നിയമ കൺവെൻ ഷനുകളിലൂടെ ഉരുത്തിരിഞ്ഞുവന്നതും 1994 രൂപീകരിക്കുകയും ചെയ്തതാണ്. ഇന്റർനാഷണൽ സീ ബെഡ് അതോറിറ്റി യാണ് (International Seabed Authority-ISA) അന്താരാഷ്ട്ര സമുദ്ര നിയമങ്ങളുടെ നിയന്ത്രകൻ. ഒരോ രാജ്യത്തിനും അതിന്റെ അതിർത്തിയോട് ചേർന്ന സമുദ്രത്തിൽ 200 നോട്ടിക്കിൾ മൈൽ (370 കി.മീ) സ്വന്തം അധികാര പരിധി നിശ്ചയിച്ചു കൊടുത്തുകൊണ്ട് ബാക്കി മനുഷ്യ സമൂഹത്തിന്റെ പൊതു സ്വത്തായി പ്രഖ്യാപിച്ചിരിക്കുന്നു. നോഡ്യൂൾ ഖനനത്തിൽ താൽപര്യമുള്ള രാജ്യങ്ങളോട് അന്താരാഷ്ട്ര മേഖലയിൽ രണ്ട് തുല്യ സൈറ്റ് കണ്ടെത്താൻ ആവശ്യപ്പെടും. അതിലൊരു സൈറ്റ് ഖനന സാങ്കേതിക വിദ്യയോടൊപ്പം അതിർത്തിയോട് ചേർന്ന സമുദ്രത്തിൽ 200 നോട്ടിക്കിൾ മൈൽ (370 കി.മീ) സ്വന്തം അധികാര പരിധി നിശ്ചയിച്ചു കൊടുത്തിരിക്കുന്നു. നോഡ്യൂൾ ഖനന ത്തിൽ താൽപര്യമുള്ള രാജ്യങ്ങളോട് രണ്ട് തുല്യസ്ഥലങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടും. അതിലൊന്ന് ഖനന സാങ്കേതിക വിദ്യയോടൊപ്പം ISA ക്ക് കൈമാറാൻ ആവശ്യപ്പെടുകയുമാണ് ചെയ്യുക.

അഗാധ സമുദ്രം അത്യാർത്തിയോടെ ചൂഷണം ചെയ്യുന്നതിനായി കുത്തിക്കി ളക്കുമ്പോഴുള്ള പാരിസ്ഥിതിക ആഘാത ങ്ങളെപറ്റിയും ശാസ്ത്രജ്ഞമാർ ബോധ വാന്മാണ്. നീക്കപ്പെടുന്ന സമുദ്രഭാഗത്ത് നിന്നുമുണ്ടാകുന്ന വിഷപദാർഥങ്ങൾ സമുദ്രത്തിലാകെ വ്യാപിച്ചാൽ സമുദ്ര ത്തിലെ ജീവജാലങ്ങൾക്കും മനുഷ്യനും മറ്റു പാരിസ്ഥിതിക ഘടകങ്ങൾക്കും എങ്ങിനെ അത് ബാധിക്കും എന്നത് സുപ്രധാനമായ ഒരു വിഷയമാണ്. ഭൂമിയെ സാവകാശം തഴുകി തലോടി പശുകിടാവ് അകിടിൽ നിന്നും മുട്ടിയുരുമ്മിക്കുടിക്കുന്നത് പോലെ അവധാന പൂർവം മാത്രമേ വിഭവങ്ങൾ ഭൂമാതാവിൽനിന്നും ഏറ്റെുക്കാൻ പാടുള്ളൂ. ഞെക്കിപ്പിഴിഞ്ഞെടുത്ത് ബാക്കി ചണ്ടിപണ്ടാരമാക്കി തള്ളുന്ന രീതി അത്യാർത്തിയുടെയും സർവനാശത്തിന്റേതുമാണ്. നാം അധിവസിക്കുന്ന-നമുക്ക് ദൈവം നൽകിയ ഈ ഒരേയാരു ഭൂമിയിൽ കൃതാർഥതയോടെ ജീവിച്ച് ആവശ്യത്തിന്ന് വിവേകപൂർവമെടുത്ത് ഈ ഭൂമിയെ അടുത്ത തലമുറക്ക് വേണ്ടി മലിനമാകാതെയും പരമാവധി പരിശുദ്ധമാക്കിയും ഒഴിഞ്ഞു കൊടു ക്കാൻ ദൈവം മനുഷ്യ സമൂഹത്തെ അനുഗ്രഹിക്കട്ടെ.

## തിരുത്ത്

2013 ഏപ്രിൽ ലക്കം സത്യദൂതനിൽ 20-ാം പേജിൽ മസീഹിബ്നു മറിയം ഒരു ദൈവ പുത്രൻ മാത്രമാണ് (അദ്ദേഹത്തെപോലെയുള്ള) ദൈവ ദൂതന്മാർ അദ്ദേഹത്തിന് മുമ്പ് കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു... (5: 76) എന്ന് അച്ചടിച്ച് വന്നത് മസീഹിബ്നു മറിയം ഒരു ദൈവദൂതൻ മാത്രമാണ് (അദ്ദേഹത്തെപോലെയുള്ള) ദൈവ ദൂതന്മാർ അദ്ദേഹത്തിന് മുമ്പ് കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് തിരുത്തിവായിക്കാനപേക്ഷ പിഴവ് സംഭവിച്ചതിൽ ഖേദിക്കുന്നു.

## തഹ്രീക്ക് ജദീദ്

അഭൂതപൂർവമായ വാഗ്ദാന വർധനവാണ് തഹ്രീക്ക് ജദീദ് ഫണ്ടിൽ ഉണ്ടായിട്ടുള്ളതെന്ന് ഫണ്ട് ഉദ്ഘാടനം ചെയ്തുകൊണ്ട് ഖലീഫത്തുൽ മസീഹ് (അയ്യദഹു...)പറഞ്ഞു. അനുഗൃഹീതമായ ഈ ഫണ്ടിലേക്ക് കഴിയുന്നതും നേരത്തെ പണം അടച്ച് കൊണ്ട് സഹോദരന്മാർ വാഗ്ദാനം പൂർത്തീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

തഹ്രീക്ക് ജദീദ് ഫണ്ട് മാറ്റി വെക്കരുതെന്നും അനുഗൃഹീമായ ഈ സാമ്പത്തിക ത്യാഗം നേരത്തെ നിർവഹിച്ച് ദൈവസംതൃപ്തി കരസ്ഥമാക്കണമെന്ന് അതിന്റെ സ്ഥാപകൻ ഹദ്റത്ത് മുസ്ലിഹ് മൗദ്(റ) പറഞ്ഞ കാര്യം ഒരിക്കൽ കൂടി വിനയപൂർവം ഉണർത്തുന്നു


ഖുർഷിദ് അഹ്മദ് അൻവർ
വക്കീലുൽ മാൽ, തഹ്രീക്ക് ജദീദ്

ഖാദിയാൻ

MTA INTERNATIONAL

**Muslim Television Ahmadiyya International**

ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും
ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും
ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം




വില ₹ 800
സ്പെഷൽ പ്രൈസ്
₹400
മാത്രം

# വെളിപാട്
# യുക്തി
# ജ്ഞാനം സത്യം

ഗ്രന്ഥകർത്താ:
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
വിവർത്തനം
എ. എം. മുഹമ്മദ് സലിം

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ

സമഗ്രമായ ഇൻഡക്സ്

പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ

കോഴിക്കോട്
**അഹ്മദിയ്യാ ബുക്സ്റ്റാൾ**
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
ജി. എച്ച് റോഡ്, കോഴിക്കോട്

കണ്ണൂർ
**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
ഫോർട്ട് റോഡ്, കണ്ണൂർ

എറണാകുളം
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**
സെന്റ് ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്

ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം

2013 May

Vol: 85 Issue.5
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**


# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

## Quran

Read the Holy Quran in easy Yassarnal Quran Font

## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages

## Sermons

Huzoor's Friday Sermons In 15 languages

## MTA

Watch MTA Live, view Schedule and much more

## Ahmadiyya News

Stay up to date with the Latest jama'at news



View these apps at alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)